# ഖുർആൻ പഠനം

വാക്കർഥം, മലയാള ഉച്ചാരണം എന്നിവ സഹിതം.

*പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.*

## പ്രവേശിക

പ്രപഞ്ചസ്രഷ്ടാവായ ഏകദൈവം മാനവകുലത്തിന് നല്കിയ ഏറ്റവും വലിയ അനുഗ്രഹമാണ് വിശുദ്ധ ഖുർആൻ. മനുഷ്യജീവിതത്തിനുള്ള മാർഗദർശനവും അവൻെറ വിമോചനത്തിനുള്ള പാഥേയവുമായിക്കൊണ്ടാണത് അവതീർണമായത്.

ഖുർആൻ രണ്ടുതരം ബാധ്യതകൾ മനുഷ്യരുടെ മേൽ അർപ്പിക്കുന്നു. ഒന്ന്, ആ ഗ്രന്ഥത്തെ സംബന്ധിച്ച് അറിവുള്ളവർ അറിവില്ലാത്തവർക്ക് എത്തിച്ചുകൊടുക്കുക. ഈ ബാധ്യത ജീവിതനിയോഗത്തോളം ഗഹനമാണ്. രണ്ട്, അറിവില്ലാത്തവർ അതെപ്പററി അറിയുന്ന പക്ഷം പഠിക്കാൻ ശ്രമിക്കുക. ഈ രണ്ട് ബാധ്യതകളും ലോകത്തെ എല്ലാ ജനവർഗത്തിനും പൊതുവെ ബാധകമാണ്. കരണം, ഖുർആൻ ഏതെങ്കിലും ജനവിഭാഗത്തിനോ ഭൂവിഭാഗത്തിനോ കാലത്തിനോ മാത്രം ബാധകമായതല്ല, അത് മുഴുലോകത്തിനും മുഴുവൻ കാലത്തേക്കും അവതീർണമായതാണ്. എല്ലാ കാലത്തിനും ലോകത്തിനും ഉടമസ്ഥനും യജമാനനുമാണ് ഏകദൈവം എന്നതാണ് അതിലെ യുക്തി.

ഖുർആൻ മനുഷ്യകുലത്തിനു വേണ്ടി അരുളിച്ചെയ്തതാണെങ്കിലും അതിനോടുള്ള സമീപനരീതിക്കനുസരിച്ചു മാത്രമേ മനുഷ്യന് അതിൽനിന്ന് മാർഗദർശനം ലഭിക്കുകയുള്ളൂ. അതിനാൽ ഖുർആൻ പഠനം ആരംഭിക്കുന്നതിനു മുമ്പ് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു:

ഖുർആനെ സംബന്ധിച്ച മുൻധാരണകൾ പൂർണമായും മാറ്റിവെക്കുക.

മുഴുവൻ മനുഷ്യരാശിക്കും വേണ്ടി അവതരിപ്പിച്ച ഏകദൈവത്തിൻെറ വചനങ്ങളാണ് തൻെറ മുമ്പിലിരിക്കുന്നത് എന്ന ഭക്തി മനസ്സിൽ ഉണ്ടാക്കിയെടുക്കുക.

ഖുർആൻ എന്നോടാണ് സംസാരിക്കുന്നതെന്ന ബോധം മനസ്സിൽ ഉണ്ടാകണം.

ദൈവാസ്തിക്യത്തെ കളവാക്കിയും സംശയിച്ചും ഖുർആനിനെ സമീപിക്കാതിരിക്കുക.

കളിയായും തമാശയായും അതിനെ കാണാതിരിക്കുക. അത്തരം അവസ്ഥകളിൽ ഖുർആൻ എന്നല്ല ഒരു ഗ്രന്ഥവും അതർഹിക്കുന്ന ഗൗരവത്തിൽ ഉൾക്കൊള്ളാൻ മനുഷ്യബുദ്ധിക്ക് സാധിക്കുകയില്ല.

അതിലെ നല്ല വശം ഉൾക്കൊള്ളണമെന്ന ആഗ്രഹം മനസ്സിൽ ഉണ്ടാക്കിയെടുക്കുക. അതാണല്ലോ ഒരു സംഗതിയോടുള്ള ക്രിയാത്മക സമീപനരീതി.

പഠനസമയത്ത് മനസ്സ് പൂർണമായും അതിൽ കേന്ദ്രീകരിക്കുക. സംശയങ്ങൾക്ക് നിവാരണം വരുവോളം പഠനവും അന്വേഷണവും തുടരുക.

ഏത് വിധത്തിലാണോ ഒരാൾ ഖുർആനെ കാണുന്നതും സമീപിക്കുന്നതും അത്തരത്തിലാണ് ഖുർആനും അയാളെ സമീപിക്കുകയുള്ളൂ. അതിനാൽ

> ***“സൃഷ്ടികർത്താവായ താങ്കളുടെ നാഥൻെറ നാമത്തിൽ വായിക്കുക.***
> ***മനുഷ്യനെ അവൻ സിക്താണ്ഡത്തിൽനിന്ന് സൃഷ്ടിച്ചു.***
> ***വായിക്കുക, താങ്കളുടെ നാഥൻ അത്യുദാരൻ.***
> ***പേനകൊണ്ട് പഠിപ്പിച്ച നാഥൻ.***
> ***മനുഷ്യന് അറിയാതിരുന്നത് അവൻ പഠിപ്പിച്ചു.*** (അദ്ധ്യായം 96: 1-5)

അദ്ധ്യായം 1

പ്രാരംഭ പ്രാർഥന,

അവതരണം മക്കയിൽ, വചനങ്ങൾ 7

---

## അദ്ധ്യായ പരിചയം

ഖുർആനിലെ പ്രഥമ അധ്യായമാണിത്. അൽഫാതിഹ എന്നാണ് ഖുർആനിൽ അതിന് നല്കപ്പെട്ട നാമം. ആമുഖം എന്നർഥം. പ്രാരംഭ പ്രാർഥന എന്നാണ് ഇവിടെ പരിഭാഷപ്പെടുത്തിയിട്ടുള്ളത്. കാരണം, ഈ പ്രാർഥനകൊണ്ടാണ് ഖുർആൻ ആരംഭിക്കുന്നത്.

വേദാരംഭം, ഖുർആൻെറ മർമം, ആവർത്തിക്കപ്പെടുന്ന സപ്തസൂക്തങ്ങൾ, വേദകേന്ദ്രം തുടങ്ങിയ അർഥം വരുന്ന വേറെയും അറബിനാമങ്ങളും ഈ അദ്ധ്യായത്തിനുണ്ട്.

ഏഴ് വചനങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്. ഏകദൈവവിശ്വാസികൾ തൻെറ ഒരു ദിവസത്തിലെ നമസ്കാരത്തിൽ ഏറ്റവും കൂടുതൽ ആവർത്തിച്ചു പാരായണം ചെയ്യുന്ന പ്രാർഥന ഇതത്രെ. അത് ചൊല്ലാതെ അവരുടെ പ്രാർഥന (നമസ്കാരം) സ്വീകാര്യമല്ല. ഈ ആവർത്തനമാണ് "ആവർത്തിക്കപ്പെടുന്ന സപ്തസൂക്തങ്ങൾ" എന്ന നാമധേയത്തിന് നിദാനം.

ഏകദൈവവിശ്വാസി തൻെറ യജമാനനോട് ചെയ്യുന്ന അതിപ്രധാനമായ പ്രാർഥനയാണത്. മനുഷ്യൻെറ ജീവിതക്രമവുമായി ബന്ധപ്പെട്ട അടിസ്ഥാന വിഷയമാണതിൻെറ ഉള്ളടക്കം. മറ്റേത് വേദഗ്രന്ഥത്തിലും തതുല്യമായ ഒരു പ്രാർഥന കാണാനാകില്ല.

പ്രവാചകൻ മുഹമ്മദ്നബി(സ) തൻെറ ദൗത്യനിർവഹണത്തിന് തുടക്കം കുറിച്ചത് മക്കയിലാണ്. ആ ഘട്ടത്തിലെ ആദ്യനാളുകളിലാണ് ഈ അദ്ധ്യായം അവതരിച്ചത്. പ്രബോധന പ്രവർത്തനങ്ങളുടെ ആദ്യനാളുകളിൽ തന്നെ ഈ പ്രാർഥന അവതരിപ്പിക്കുകയും അദ്ദേഹത്തിലൂടെ ജനത്തെ അത് പഠിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നു. സന്മാർഗം ഏതെന്ന് തിരിച്ചറിയാനാകാത്ത ഒരു ഘട്ടത്തിൽ തൻെറ വിജയത്തിന് നിദാനമായ ജീവിതപന്ഥാവ് ലഭിക്കുവാനും അതിൽ ഉറച്ചുനില്ക്കാനും അതനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തുവാനും യജമാനനായ ഏകദൈവത്തിൻെറ സഹായം തേടൽ അനിവാര്യമായിരുന്നു.

ആളുകളെ സംബന്ധിച്ചിടത്തോളം ഇന്നും സ്ഥിതി അതുതന്നെയാണ്. തൻെറ വിമോചനത്തിനാവശ്യമായ മാർഗമാണ് ആ പ്രാർഥനയിലൂടെ ഒരാൾ തൻെറ സ്രഷ്ടാവിനോട് ചോദിക്കുന്നത്.

ഈ അധ്യായം പിന്നീട് പ്രവാചകൻെറ മദീനാപലായനത്തിന് ശേഷം അവിടെയും അവതരിക്കുകയുണ്ടായി.

ഖുർആൻ പാരായണം ചെയ്യുന്നവരും പഠിക്കുന്നവരും ഈ പ്രാർഥനയിലൂടെ വേണം ഖുർആനിൻെറ ആശയപ്രപഞ്ചത്തിലേക്ക് പ്രവേശിക്കുവാൻ. ഖുർആൻ ലോകത്തിനു മുമ്പിൽ വരച്ചുകാണിക്കുന്ന വിമോചനത്തിൻെറയും സമാധാനത്തിൻെറയും വഴി അന്വേഷിച്ചും അതിനായി പ്രാർഥിച്ചും കൊണ്ടാവുക എന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്.

## പ്രാരംഭ പ്രാർഥനക്ക് നിദാനം

ഖുർആൻെറ അടിസ്ഥാനപ്രമേയം ഏകദൈവവിശ്വാസവും അവന് മാത്രമുള്ള ആരാധനയുമാണ്. ഈ അടിസ്ഥാനവിഷയം കൈകാര്യം ചെയ്യുന്നതോടൊപ്പം തന്നെ ആരാണ് ദൈവം, എന്താണ് അവൻെറ സവിശേഷതകൾ, പ്രപഞ്ചസൃഷ്ടികളും അവനും തമ്മിലുള്ള ബന്ധം ഏതു വിധത്തിലുള്ളതാണ്, അവനു മുമ്പിൽ മനുഷ്യൻെറ സ്ഥാനമെന്ത്, മനുഷ്യൻെറ ഉത്തരവാദിത്തമെന്ത് തുടങ്ങിയ കുറേ വിഷയങ്ങൾ ഖുർആൻ മനുഷ്യരുടെ മുമ്പിൽ പ്രതിപാദിക്കുന്നുണ്ട്. അതിൻെറ ചില സൂചനകൾ ഈ അദ്ധ്യായപ്രതിപാദനത്തിനിടയിൽ മിന്നിമറയുന്നത് കാണാം.

തൻെറ ജീവിതത്തിന് നേർവ്യവസ്ഥയായി ഒരു മാർഗം പ്രദാനം ചെയ്യേണമേ എന്നത്രെ മനുഷ്യൻ ഏകദൈവത്തോട് നടത്തുന്ന പ്രാർഥന (വചനം 6 ശ്രദ്ധിക്കുക).

ഏകദൈവത്തിൻെറ ഇംഗിതം അറിഞ്ഞ് ജീവിക്കാനോ അവനെ താല്പര്യങ്ങൾക്കൊത്ത് ജീവിക്കാനാകും വിധം ഒരു വ്യവസ്ഥ കണ്ടെത്താനോ മനുഷ്യന് സ്വന്തം നിലക്ക് സാധ്യമല്ല. സ്രഷ്ടാവും സർവശക്തനും എല്ലാം അറിയുന്നവനുമായ ഏകദൈവം തന്നെയാണ് അതിനുള്ള സംവിധാനം ചെയ്യേണ്ടത്.

ഭൂമിയിലെ തൻെറ പ്രതിനിധികൾക്കു വേണ്ടി അവനത് സംവിധാനിച്ചിട്ടുണ്ട്. പക്ഷേ, സ്വബുദ്ധി കൊണ്ട് അത് കണ്ടെത്തുവാനുള്ള കഴിവില്ലാത്തതിനാൽ അവനോട് പ്രാർഥിക്കുവാനാണ് മനുഷ്യൻ ആജ്ഞാപിക്കപ്പെട്ടത്. യുക്തിജ്ഞനായ ദൈവത്തിനു മാത്രമേ അക്കാര്യത്തിൽ തൻെറ ദാസന്മാരെ സഹായിക്കാൻ സാധിക്കുകയുള്ളൂ.

ഈ പ്രാരംഭപ്രാർഥനയുടെ ഫലമായാണ് ഏകദൈവം തൻെറ വ്യവസ്ഥ ഖുർആനിലൂടെ മനുഷ്യനു മുമ്പിൽ അവതരിപ്പിച്ചത്. അതിൻെറ വിശദാംശങ്ങളാണ് ബാക്കി വരുന്ന 113 ഖുർആനികാദ്ധ്യായങ്ങളുടെയും പ്രതിപാദനം. അഥവാ ദൈവഹിതത്തിനൊത്ത് എങ്ങനെ ജീവിക്കണമെന്ന മാർഗനിർദ്ദേശങ്ങളുടെയും ഉപദേശങ്ങളുടെയും അവയുടെ ഫലങ്ങളുടെയും പ്രതിപാദ്യമാണ് അതിൽ പ്രധാനമായും ഉള്ളത്.

ഈ അദ്ധ്യായം മനുഷ്യബുദ്ധിക്കു മുമ്പിൽ വരച്ചുകാണിക്കുന്ന സംഗതികൾ ഇതത്രെ:

1. പ്രപഞ്ചസ്രഷ്ടാവും നിയന്താവും സംരക്ഷകനും എല്ലാവരാലും സ്തുതിക്കപ്പെടുന്നവനും പ്രപഞ്ചനാഥനായ അല്ലാഹുവാകുന്നു.
2. ആ ഏകദൈവത്തിൻെറ നിർദ്ദേശങ്ങൾക്കൊത്താണ് മനുഷ്യൻ ജീവിക്കേണ്ടത്. സഹായവും അഭയവും തേടേണ്ടതും അവനോട് മാത്രമാണ്.

3. ദൈവത്തെ അനുസരിച്ച് ജീവിക്കുന്നത് അവന്‍െറ താല്പര്യങ്ങള്‍ക്കനുസൃതമായ ഒരു വ്യവസ്ഥ പാലിച്ചുകൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ. അത്തരം ഒരു വ്യവസ്ഥയിലേക്ക് തന്നെ കൈപിടിച്ചാനയിക്കാന്‍ അവനോട് മാത്രം പ്രാര്‍ഥിക്കുകയാണ് മനുഷ്യന്‍െറ ബാധ്യത. അഥവാ വിമോചനമാര്‍ഗം കാണിച്ചുതരാന്‍ അല്ലാഹുവിനോട് മാത്രമാണ് പ്രാര്‍ഥിക്കേണ്ടത്.

4. ഏകദൈവം സ്രഷ്ടാവും സംരക്ഷകനും പരമാധികാരിയുമായതിനാല്‍ അവനു മാത്രമേ അര്‍ച്ചനയും പ്രാര്‍ഥനയും അര്‍പ്പിക്കാവൂ. അവനില്‍ മാത്രമേ ഭരമേല്പിക്കാവൂ.

ഏകദൈവം മനുഷ്യഭാവനകള്‍ക്ക് തീര്‍ത്തും അതീതനാണ്. അവനോ, മുഴുവന്‍ പ്രപഞ്ചത്തിനും അധിപന്‍. ഉന്നതാസ്തിത്വത്തിനുടയവന്‍. അത്തരം ഒരു പ്രാപഞ്ചികശക്തിയോട് അടിമ എന്തെങ്കിലും ചോദിക്കുന്നത്, ആദ്യമേ തന്നെ തന്‍െറ ദാസ്യവും വിധേയത്വവും വാചാ-കര്‍മണാ തുറന്നു പ്രകടിപ്പിക്കുകയും രാജതമ്പുരാനെ സ്തിക്കുകയും ചെയ്ത ശേഷമാവുക എന്നതാണ് ദാസന്‍െറ കീഴ്‌വണക്കത്തിനുത്തമം. ഏകദൈവത്തെ സംബന്ധിച്ചിടത്തോളം ഒരു രാജാവിന്‍െറ പ്രതാപത്തിന് ചേര്‍ന്ന രീതി അതാണ്.

അതൊരു സംസ്കാരമാണ്. അഥവാ ഏകദൈവത്തോടുള്ള പ്രാര്‍ഥനയുടെ രീതി അതാണ്. പ്രപഞ്ചസ്രഷ്ടാവിന്‍െറ രാജാത്വത്തിനും പരമാധികാരത്തിനും ചേര്‍ന്ന രീതിയും അതാണ്. അത്തരം ഒരു രീതിയിലേക്ക് അടിമയുടെ സംഭാഷണം വളര്‍ത്തിക്കൊണ്ടുവരികയാണ് ഈ അധ്യായത്തിന്‍െറ ആദ്യ പകുതിയുടെ ഉള്ളടക്കം. അതിലൂടെ ആരാണ് തന്‍െറ നാഥന്‍, അവന്‍െറ പ്രതാപം എത്രമാത്രം ഉന്നതമാണ് തുടങ്ങിയ ഗൗരവതരമായ വിഷയങ്ങളും അടിമയുടെ മനസ്സിലേക്കും ബോധത്തിലേക്കും കടന്നുവരും.

രാജാവിനെ പുകഴ്ത്തിയ ശേഷം മനുഷ്യന്‍ തന്‍െറ ജീവിതത്തിന് അനുപേക്ഷണീയമായ സംഗതിക്കു വേണ്ടി പ്രാര്‍ഥിക്കുന്നു. അതത്രെ രണ്ടാം പകുതിയില്‍ അടങ്ങിയിരിക്കുന്നത്. ഇങ്ങനെ, ദൈവത്തിനും മനുഷ്യനും ഇടയില്‍ രണ്ട് ഭാഗങ്ങളായി ഈ അധ്യായത്തെ ഫലത്തില്‍ ഭാഗിച്ചതായി കാണാം. അത് മനുഷ്യരുടെ ഭാഗത്തുനിന്നുള്ള വിഭജനമല്ല, തീര്‍ത്തും ദൈവികമാണ്. ഒന്ന്, അടിമ തന്‍െറ ഭാഗത്തുനിന്ന് ഏകദൈവത്തോട് നടത്തുന്ന അഭ്യര്‍ഥന. രണ്ട്, ആ പ്രാര്‍ഥനക്ക് സ്രഷ്ടാവ് ചെയ്യുന്ന പ്രത്യുത്തരം.

ഒന്നിലേറെ പ്രവാചകാനുയായികള്‍ റിപ്പോര്‍ട്ട് ചെയ്ത നബിവചനങ്ങളില്‍ ഇതേ സംബന്ധിച്ച പരാമര്‍ശങ്ങള്‍ കാണാം. ജാബിറുബ്നു അബ്ദില്ല എന്ന അനുചരന്‍ പ്രവാചകനില്‍നിന്ന് ഉദ്ധരിക്കുന്നു. നബി(സ) പറഞ്ഞു: അല്ലാഹു പറഞ്ഞിരിക്കുന്നു: ഞാന്‍ നമസ്കാരത്തെ എനിക്കും എന്‍െറ അടിമക്കുമിടയില്‍ രണ്ടായി വിഭജിച്ചിരിക്കുന്നു. അവന്‍ എന്തു ചോദിക്കുന്നുവോ അതവനുണ്ട്. അടിമ "അല്‍ഹംദുലില്ലാഹി റബ്ബില്‍ ആലമീന്‍" എന്ന് ചൊല്ലിയാല്‍ അല്ലാഹു പറയും: എന്‍െറ ദാസന്‍ എന്നെ സ്തുതിച്ചിരിക്കുന്നു.

അടിമ "അര്‍റഹ്മാനിര്‍റഹീം" എന്ന് ചൊല്ലിയാല്‍ അല്ലാഹു പറയും: എന്‍െറ ദാസന്‍ എന്നെ പുകഴ്ത്തിയിരിക്കുന്നു."

അടിമ "മാലികി യൗമിദ്ദീന്‍" എന്നു ചൊല്ലിയാല്‍ അല്ലാഹു പറയും: "എന്‍െറ അടിമ എന്നെ പ്രകീര്‍ത്തിച്ചിരിക്കുന്നു."

അടിമ "ഇയ്യാകനഅ്ബുദു വഇയ്യാക നസ്തഈന്‍" എന്നു ചൊല്ലിയാല്‍ അല്ലാഹു പറയും: "ഇത് എനിക്കും എന്‍െറ അടിമക്കുമിടയിലുള്ള കാര്യമാകുന്നു. എന്‍െറ ദാസന്‍ ചോദിച്ചത് അവന് നല്കുന്നതാണ്."

തുടര്‍ന്നുള്ള ആയത്തുകള്‍ പാരായണം ചെയ്താല്‍ അല്ലാഹു പറയും: ഇതെന്‍െറ അടിമക്കുള്ളതാണ്. എന്‍െറ അടിമ ചോദിച്ചത് ഞാന്‍ അവന് നല്കുന്നതാണ്." ഈ പ്രാര്‍ഥനയുടെ ഉത്തരമായാണ് അവന് നേര്‍മാര്‍ഗവും അതനുസരിച്ച് ജീവിക്കാനുള്ള പ്രാപ്തിയും നല്കിയത്. ഖുര്‍ആനിലെ മറ്റേതൊരു അധ്യായത്തിനും ഈ പ്രത്യേകത കാണാന്‍ സാധിക്കില്ല.

ഇവിടെ നമസ്കാരത്തെ വിഭജിച്ചിരിക്കുന്നുവെന്നതുകൊണ്ട് ഉദ്ദേശിച്ചത് പ്രാരംഭ പ്രാര്‍ഥനയാകുന്നു.

ഈ പ്രാര്‍ഥനയുടെ ഉത്തരമാണ് മനുഷ്യന് ജീവിക്കാനാവശ്യമായ സന്മാര്‍ഗനിര്‍ദ്ദേശങ്ങളായും സത്യാസത്യവിവേചകമായും അല്ലാഹു ഖുര്‍ആന്‍ അവതരിപ്പിച്ചത്. അലിയ്യുബ്നു അബീത്വാലിബ് എന്ന പ്രവാചകശിഷ്യന്‍ നബിയില്‍നിന്നുദ്ധരിക്കുന്നു: നബി(സ) പറഞ്ഞു: "സ്വിറാത്തല്‍ മുസ്തഖീം എന്നാല്‍ അല്ലാഹുവിന്‍െറ ഗ്രന്ഥമാകുന്നു." (ഇബ്നുകഥീര്‍)

പല പ്രവാചകാനുയായികളില്‍നിന്നും ഇബ്നു മസ്ഊദ് റിപ്പോര്‍ട്ട് ചെയ്ത വാചകം ഇങ്ങനെയാകുന്നു: "ഇഹ്ദിനസ്സ്വിറാത്തല്‍ മുസ്തഖീം. അവര്‍ പറഞ്ഞു: അതത്രെ ഇസ്‌ലാം." (ഇബ്നു കഥീര്‍, വാള്യം ഒന്ന്, ഫാത്വിഹ.)

ഒരാള്‍ ഇങ്ങനെ പ്രാര്‍ഥിക്കുന്നതിനര്‍ഥം ഏകദൈവത്തിന്‍െറ ഇഛക്ക് വിധേയനായി, സംസ്കൃതചിത്തനായി ജീവിക്കാനുള്ള തന്‍െറ സമര്‍പ്പണസന്നദ്ധത പ്രകടിപ്പിക്കുകയത്രെ.

***അർഥം***

| | | |
|---|---|---|
| അഊദു ബില്ലാഹി | | أَعُوذُ بِاللهِ |
| | അല്ലാഹുവിനെക്കൊണ്ട് ഞാൻ ശരണം തേടുന്നു | |
| മിനശ്ശൈത്വാനി | | مِنَ الشَّيْطَانِ |
| | പിശാചിൽനിന്ന് | |
| അർറജീം | | الرَّجِيمِ |
| | ശപിക്കപ്പെട്ട | |
| ബിസ്മില്ലാഹി | | بِسْمِ اللهِ |
| | അല്ലാഹുവിൻെറ തിരുനാമത്തിൽ. | |
| അർറഹ്മാനി | | الرَّحْمنِ |
| | പരമ കാരുണികനും | |
| അർറഹീം | | الرَّحِيمِ (١) |
| | കരുണാനിധിയുമായ | |
| അൽഹംദു | | ٱلْحَمْدُ |
| | സർവ സ്തുതിയും | |
| ലില്ലാഹി | | لِلَّهِ |
| | അല്ലാഹുവിനാകുന്നു | |
| റബ്ബിൽ ആലമീൻ | | رَبِّ ٱلْعَـٰلَمِينَ (٢) |
| | പ്രപഞ്ചങ്ങളുടെ നാഥനായ | |
| അർറഹ്മാനി | | ٱلرَّحْمَـٰنِ |
| | പരമ കാരുണികൻ | |
| അർറഹീം | | ٱلرَّحِيمِ (٣) |
| | കരുണാനിധി | |
| മാലികി | | مَـٰلِكِ |
| | ഉടമസ്ഥൻ | |
| യൗമിദ്ദീൻ | | يَوْمِ ٱلدِّينِ (٤) |
| | പ്രതിഫലദിനത്തിൻെറ | |
| ഇയ്യാക | | إِيَّاكَ |
| | നിന്നെ മാത്രം | |
| നഅ്ബുദു | | نَعْبُدُ |

ഞങ്ങൾ ആരാധിക്കുന്നു. (വഴിപ്പെടുന്നു)

| | | |
|---|---|---|
| വഇയ്യാക | | وَإِيَّاكَ |
| നിന്നോട് മാത്രം | | |
| നസ്തഈൻ | (٥) | نَسْتَعِينُ |
| ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു | | |
| ഇഹ്ദിന | | اَهْدِنَا |
| നീ ഞങ്ങളെ നയിക്കേണമേ | | |
| സ്സ്വിറാത്ത | | الصِّرَاطَ |
| വഴിയെ | | |
| അൽ മുസ്തഖീം | (٦) | الْمُسْتَقِيمَ |
| നേരായ | | |
| സ്വിറാത്തല്ലദീന | | صِرَاطَ الَّذِينَ |
| ആ മാർഗം | | |
| അൻഅംത അലൈഹിം | | أَنْعَمْتَ عَلَيْهِمْ |
| നീ അനുഗ്രഹിച്ചവരുടെതാകുന്നു | | |
| ഗയ്രിൽ മഗ്ദൂബി അലൈഹിം | | غَيْرِ الْمَغْضُوبِ عَلَيْهِمْ |
| നീ കോപിച്ചവരുടെ മാർഗമല്ല | | |
| വലദ്ദ്വാല്ലീൻ | (٧) | وَلَا الضَّالِّينَ |
| വഴി തെറ്റിയവരുടേതുമല്ല. | | |

(അറബിടെക്സ്റ്റോടു കൂടി ചേർത്ത മലയാളം ഒരിക്കലും ഖുർആൻ പാരായണം ചെയ്യാൻ ഉപയോഗിക്കരുത്. അറബിഭാഷ വായിക്കാൻ സാധിക്കാത്തവർക്കുള്ള താല്ക്കാലിക പരിഹാരം മാത്രമാണിത്.)

*1. ബിസ്മില്ലാഹിർറഹ്മാനിർറഹീം*
(പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.)

*2. അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ.*
(സ്തുതിയഖിലം അല്ലാഹുവിന് മാത്രമാണ്, സർവലോകങ്ങളുടെയും ഉടമസ്ഥൻ.)

*3. അർറഹ്മാനിർറഹീം*
(പരമകാരുണികൻ. കരുണാനിധി.)

*4. മാലികി യൗമിദ്ദീൻ.*
(വിധിദിനത്തിന്നധിപൻ.)

*5. ഇയ്യാക നഅ്ബുദു വ ഇയ്യാക നസ്തഈൻ*

(നിനക്ക് മാത്രം ഞങ്ങൾ വഴിപ്പെടുന്നു(ആരാധിക്കുന്നു), നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.)

*6. ഇഹ്ദിനസ്സ്വിറാത്ത്വൽ മുസ്തഖീം*
(നീ ഞങ്ങളെ നേർവഴിയിൽ നയിക്കേണമേ.)

*7. സ്വിറാത്ത്വല്ലദീന അൻഅംത്ത അലൈഹിം, ഗൗരിൽ മഗ്ളൂബി അലൈഹിം, വലദ്ദാല്ലീൻ.*
(നീ അനുഗ്രഹിച്ചവരുടെ വഴിയിൽ. നിൻെറ കോപത്തിനിരയായവരുടെയും പിഴച്ചവരുടെയും മാർഗത്തിലല്ല.)

## *വിശകലനം*

---

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ١ *ബിസ്മില്ലാഹിർറഹ്മാനിർറഹീം*

*“പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.”*

---

എല്ലാ നല്ല കർമങ്ങളും ചെയ്തു തുടങ്ങേണ്ടത് ഏകദൈവത്തിൻെറ നാമത്തിലാകുന്നു. കാര്യങ്ങൾ നിർവഹിക്കാനുള്ള കഴിവും പ്രാപ്തിയും തന്നത് അവനാണല്ലോ. അവനത് നമുക്ക് നിഷേധിച്ചിരുന്നെങ്കിൽ അത് നേടിത്തരുവാൻ ആരാലും ഒരുവിധത്തിലും സാധിക്കുമായിരുന്നില്ല.

നോക്കണം, നാം അനുഭവിക്കുന്ന വിഭവങ്ങളൊന്നും തന്നെ നാം കൊണ്ടുവന്നതല്ല. കൈ അടച്ചുപൂട്ടി, ഒന്നും കേൾക്കുവാനോ കാണുവാനോ സാധിക്കാത്ത അവസ്ഥയിൽ പിറന്ന നാം, പിൽക്കാലത്ത് നേടിയെടുത്തതൊന്നും നമ്മുടെ സാമർഥ്യവും കഴിവും കൊണ്ടല്ല, ഏകദൈവം തന്നനുഗ്രഹിച്ചതിനാൽ ലഭിച്ചതാണ്. ഈ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കൽ നമ്മുടെ ബാധ്യതയാണ്. അതിനാൽ നാം എന്തെങ്കിലും ഒരു കാര്യം ചെയ്തു തുടങ്ങുമ്പോൾ അത് നല്കി നമ്മെ ആദരിച്ച ഏകദൈവത്തിൻെറ നാമത്തിലാവുകയത്രെ അവന് ഏറെ ഇഷ്ടം. അതിനാലാണ് ഏകദൈവവിശ്വാസികൾ ഏത് ജോലിയിൽ ഏർപ്പെടുമ്പോഴും *“ബിസ്മില്ലാഹിർറഹ്മാനിർറഹീം”* (പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ ഞാൻ ആരംഭിക്കുന്നു) എന്ന് ഉച്ചരിക്കാൻ നിർദ്ദേശിക്കപ്പെട്ടത്.

ഇത് ഉന്നതമായ ഒരു സംസ്കാരമാകുന്നു. യജമാനനായ ദൈവത്തിൻെറ അനുഗ്രഹത്തിന് ഞാൻ നന്ദി പ്രകടിപ്പിക്കുന്നു, അവനോടുള്ള എൻെറ വിധേയത്വം ഞാൻ അംഗീകരിക്കുന്നു, എൻെറ എല്ലാ കാര്യങ്ങൾക്കും അവൻെറ സംരക്ഷണം ആവശ്യമാകുന്നു എന്ന പ്രഖ്യാപനമാണതിൻെറ ആന്തരാർഥം. അതിലൂടെ ഒരാൾ തുറന്നു സമ്മതിക്കുന്ന ചില കാര്യങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ഇവയാകുന്നു:

1. ഈ സംഗതികൾ സ്വന്തം നിലക്ക് നേടിയെടുക്കാൻ ഞാൻ അശക്തനാണ്.
2. ദൈവം സഹായിച്ചതിനാലാണ് ഞാൻ ഇതിന് പ്രാപ്തനും ഉടമയുമായത്.
3. എനിക്ക് ഇത് നല്കാൻ മാത്രം ദൈവം സർവശക്തനും കരുണാനിധിയുമാണ്.
4. ഇത് നല്കി ദൈവം എന്നെ ആദരിച്ചതിനാൽ അവനോട് നന്ദി പ്രകടിപ്പിക്കലും അവൻെറ ഹിതത്തിനൊത്തു മാത്രം കാര്യങ്ങൾ ചെയ്യലും എൻെറ ബാധ്യതയാണ്.

ഇത് അനർഥമായ ഒരു പ്രഖ്യാപനമല്ല. കർമങ്ങളുടെ ആരംഭത്തിൽ ഉച്ചരിക്കപ്പെടുന്ന ഈ ദൈവികചിഹ്നം ചില ആത്മീയ കാര്യങ്ങൾ കൂടി അത് ഉൾക്കൊള്ളുന്നുണ്ട്.

1. ഏകദൈവത്തിൻെറ നാമത്തിൽ ആരംഭക്കുന്ന കാര്യങ്ങളിലൊന്നിലും അവന് വിരോധമുള്ള വികാരങ്ങൾ (ബഹുദൈവത്വം, ദൈവനിഷേധം പോലുള്ളവ) ഉണ്ടാകുന്നില്ല. ബഹുദൈവത്വമെന്ന സങ്കല്പം ഏകദൈവത്തിന് ഏറ്റവും ക്രോധകരമായ പാപമാണ്.

2. ദൈവനാമത്തിൽ ഒരു കാര്യം ചെയ്തു തുടങ്ങുമ്പോൾ ഇത് ദൈവത്തിന് ഇഷ്ടമാണോ അല്ലയോ, നിഷിദ്ധമാണോ അനുവദനീയമാണോ എന്ന് ഒരു നിമിഷം ചിന്തിക്കാനും തെറ്റാണെങ്കിൽ അതിൽനിന്ന് സ്വയം പിന്മാറാനും വിശ്വാസിക്ക് പ്രചോദനം ലഭിക്കുന്നു. അതുവഴി അവന് കൂടുതൽ ദൈവാനുഗ്രഹം ലഭിച്ചേക്കാം.

3. ദൈവനാമത്തിൽ ചെയ്തു തുടങ്ങുന്ന ഒരു കാര്യത്തിൽ അവൻ സംപ്രീതനാവുകയും അതിനാൽ അതിൽ അവൻെറ അനുഗ്രഹവും സഹായവും സദാ ഉണ്ടാവുകയും ചെയ്യും.
4. ദൈവനാമം കൊണ്ടാരംഭിക്കുന്ന ഉദ്യമങ്ങളുടെ പൂർണ സംരക്ഷണം അവൻെറ ഹസ്തങ്ങളിൽ ഭദ്രമായിരിക്കും. ആ കർമം പൂർണമാകുന്നതു വരെ അവൻ അതിനെ പ്രത്യേകം പരിചരിച്ചുകൊണ്ടിരിക്കും.

5. ദൈവനാമത്തിൽ തുടങ്ങുന്ന കാര്യങ്ങളിൽ പൈശാചികവികാരങ്ങൾ ഉണ്ടാകാനുള്ള സാധ്യത വളരെ വിരളമാണ്.

ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നത് കേവലം ഒരു ചടങ്ങിനു വേണ്ടി ഉച്ചരിക്കുന്നതല്ല. മനുഷ്യമനസ്സുകളെയും കർമങ്ങളെയും ഏകദൈവവുമായി കൂട്ടിയിണക്കുന്ന ശക്തമായ ചരടാണത്. അതുകൊണ്ടാണ് തങ്ങളുടെ ഏത് കർമം തുടങ്ങുമ്പോഴും ബിസ്മി ചൊല്ലിക്കൊണ്ടാവണമെന്ന് ഏകദൈവവിശ്വാസികൾ അനുശാസിക്കപ്പെട്ടത്.

ഏകദൈവത്തിൻെറ അല്ലാഹു എന്ന സവിശേഷ നാമവും റഹ്മാൻ, റഹീം എന്നീ രണ്ട് ഗുണവിശേഷണങ്ങളുമാണ് ഈ പ്രഥമ വചനത്തിൽ എടുത്തുപറഞ്ഞിട്ടുള്ളത്. അതിൻെറ ആന്തരാർഥം മനസ്സിലാക്കിയെങ്കിൽ മാത്രമേ ഇനി പ്രതിപാദിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് കൂടുതൽ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.

### അല്ലാഹു

ഖുർആനിലെ ഏറ്റവും പ്രധാനവും അടിസ്ഥാനപരവുമായ ഒരു സാങ്കേതികശബ്ദമാണ് അല്ലാഹു. "*അൽ ഇലാഹ്*" എന്ന അറബി പദത്തിൽനിന്ന് നിഷ്പദിച്ചതാണ് അല്ലാഹു. അൽ ഇലാഹിൻെറ നാനാർഥങ്ങൾ താഴെ പറയുന്നവയാണ്.

*സൃഷ്ടികളുടെ നേത്രങ്ങൾക്ക് അപ്രാപ്യൻ.*

*മനുഷ്യചിന്ത അന്ധാളിച്ചുപോകുമാറ് മഹത്വവും മനുഷന് അപ്രാപ്യമായ കഴിവുകളുമുള്ള ഉന്നതൻ.*

*മനുഷ്യർക്ക് അഭയവും സഹായവും നല്കുന്ന, അധികാരവും പ്രതാപവുമുള്ള, പഞ്ചേന്ദ്രിയങ്ങൾക്കതീതനായ ശക്തി.*

*സകലമാന ശക്തി-പ്രതാപങ്ങൾക്കും ഉടമയാകയാൽ മുഴുവൻ സൃഷ്ടികളുടെയും അർച്ചനക്കും പ്രാർഥനക്കും സ്തുതികീർത്തനങ്ങൾക്കും അർഹനായവൻ.*

*സൃഷ്ടികർമത്തിനും രക്ഷാകർതൃത്വത്തിനും വിധികർതൃത്വത്തിനും ഉടമ.*

*പൂർണതകളുടെ എല്ലാ ഗുണങ്ങളും ഒത്തുചേർന്ന സമ്പൂർണൻ.*

മുകളിൽ പറഞ്ഞ കഴിവുകളിലും ഗുണങ്ങളിലും അല്ലാഹു നിസ്തുലനും ഏകനുമാണ്. പ്രപഞ്ചത്തിലെ ഓരോ വസ്തുവും അവൻെറ ഗുണങ്ങളുടെ ബഹിർസ്ഫുരണമാണ്. അവനെ കൂടാതെ ഈ പ്രപഞ്ചത്തിൽ ഒന്നും സംഭവിക്കുന്നില്ല. പരമാധികാരം അന്തിമമായി അവൻെറത് മാത്രമാണ്. ഓരോ ജീവിയും അവൻെറ ആശ്രയത്തിലും സംരക്ഷണത്തിലുമാണ് ജീവിക്കുന്നത്. അവൻെറ ജ്ഞാനം ദൃഷ്ടിഗോചരവും അഗോചരവുമായ സകലതിനെയും ശരിയാം വിധം ചൂഴ്ന്നുനില്ക്കുന്നുണ്ട്. ഔദാര്യവാനും ദയാലുവുമാണവൻ. അത് പ്രപഞ്ചത്തോളം വിശാലമാണ്. ആരോടും അവൻ അല്പംപോലും അനീതി ചെയ്യുന്നില്ല. പ്രപഞ്ച സംവിധാനത്തിലെ സംതുലിതത്വം അവൻെറ നീതിയെ സൂചിപ്പിക്കുന്നതാണ്. അവൻെറ അധികാരത്തിൽ മറ്റാർക്കും പങ്കില്ല. സൃഷ്ടികളിൽ ആരും അവന് പങ്കാളികളില്ല. അവൻെറ സത്ത മനുഷ്യബുദ്ധിക്ക് അപ്രാപ്യമാകയാൽ അവനെ അവൻെറ ഗുണങ്ങളിലൂടെ മാത്രമേ കണ്ടെത്താനാവുകയുള്ളൂ. അതിനാലാണ് അവൻെറ ഗുണനാമവിശേഷണങ്ങൾ എടുത്തോതി ഈ പ്രാർഥന ആരംഭിച്ചത്.

പ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു: *"നിങ്ങൾ അല്ലാഹുവിൻെറ അസ്തിത്വത്തെക്കുറിച്ച് ചിന്തിക്കരുത്. അവൻെറ കഴിവുകളെപ്പറ്റി ചിന്തിക്കുക."*

ഈ വചനത്തിലെ *പരമകാരുണികൻ, കാരുണ്യനിധി (റഹ്മാൻ, റഹീം)* എന്ന വിശേഷണനാമങ്ങൾ പ്രത്യേകം പ്രാധാന്യം അർഹിക്കുന്നവയാണ്. അത് രണ്ടാം വചനത്തിന് ശേഷം പ്രതിപാദിക്കുന്നതാണ്.

---

ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٢﴾ ***അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ.***

"സ്തുതിയഖിലം അല്ലാഹുവിന് മാത്രമാണ്, സർവലോകങ്ങളുടെയും ഉടമസ്ഥൻ."

---

"*ഹംദ്*" എന്ന അറബിപദത്തിന് സ്തുതി എന്നർഥം. മലയാളത്തിൽ നാം സാധാരണ പ്രയോഗിക്കാറുള്ള സ്തുതിയുടെ ആന്തരാർഥമല്ല ഖുർആനിലെ ഹംദ് എന്ന വാക്കിനുള്ളത്.

ഒരാൾ പരമമായി സ്തുതിയോതേണ്ടത് ഏകനായ ദൈവത്തിന് മാത്രമാവണം. കാരണം, അവനാണല്ലോ തൻെറ സ്രഷ്ടാവും ഉടമയും തന്നെ സംരക്ഷിക്കുന്നവനും. അവനുള്ള സ്തുതികീർത്തനത്തിൽ മറ്റാർക്കും പങ്ക് കല്പിക്കരുത്. അഥവാ ഏകദൈവത്തെക്കൂടാതെ വേറെയും ദൈവങ്ങൾ തൻെറ സ്തുതിക്കർഹനായി പ്രപഞ്ചത്തിലുണ്ട് എന്ന ചിന്ത മന

സ്സിൽ ഉണ്ടാകരുത്. തനിക്ക് ജീവിതത്തിൽ എന്തെല്ലാം പ്രതീക്ഷകളുണ്ടോ അതെല്ലാം സാധിച്ചുതരുന്നതും തന്നെ സംരക്ഷിക്കുന്നതും ഏകദൈവമാകയാൽ അവൻ മാത്രമാണ് പരമമായി തൻെറ സ്തുതിക്കും കീർത്തനങ്ങൾക്കും അർഹൻ എന്ന ഉയർന്ന വികാരം അയാളുടെ മനസ്സിൽ സദാ ഉണ്ടായിരിക്കണം. അക്കാര്യം ദ്യോതിപ്പിക്കുന്ന രീതിയിലാണ് ഖുർആൻ ഹംദ് എന്ന അറബിവാക്കിൻെറ കൂടെ *"അൽ"* എന്ന സൂചകാർഥപദം പ്രയോഗിച്ചിട്ടുള്ളത്. അതിനാലാണ് അല്ലാഹുവിന് *മാത്രം* എന്ന് പ്രത്യേകം പറഞ്ഞത്.

ഏകദൈവത്തിന് ഏറെ ഇഷ്ടകരമായ പ്രശംസയാണ് "അൽഹംദുലില്ലാഹ്" എന്നു പറയുന്നത്. എൻെറ ദാസൻ എനിക്ക് നന്ദി പ്രകാശിപ്പിച്ചിരിക്കുന്നു എന്ന് അത് കേൾക്കുന്ന നിമിഷം ദൈവം പറയും. ഏറ്റവും നല്ല പ്രാർഥനയും അതുതന്നെയാണ്.

ഏകനായ ദൈവത്തിന് മാത്രമേ ഒരാൾ സ്തുതികീർത്തനങ്ങൾ അർപ്പിക്കാവൂ എന്നതിന് യുക്തി പരമായി നാല് കാരണങ്ങൾ ഈ അദ്ധ്യായം നമ്മെ പഠിപ്പിക്കുന്നുണ്ട്.

ഒന്ന്: ഏകദൈവം മാത്രമാണ് പ്രപഞ്ചങ്ങളുടെ സ്രഷ്ടാവും ഉടമയും. അവക്ക് മീതെ പരമാധികാരമുള്ളവനും അവൻ മാത്രമാണ്. *(രണ്ടാം വചനം ശ്രദ്ധിക്കുക)*

രണ്ട്: എല്ലാ സൃഷ്ടിജാലങ്ങളോടും തുല്യമായി കരുണ കാണിക്കുകയും അവയുടെ ജീവിതത്തിനാവശ്യമായതെല്ലാം നല്കി അവയെ സഹായിക്കുകയും ചെയ്യുന്നത് അവൻ മാത്രമാണ്. *(മൂന്നാം വചനം കാണുക)*

മൂന്ന്: മരണാനന്തരം സകല മനുഷ്യരെയും പരലോകത്ത് പുനർജീവിപ്പിക്കുകയും നീതിപൂർവം അവരെ വിചാരണ ചെയ്ത് രക്ഷാശിക്ഷകൾ നല്കുകയും ചെയ്യാനുള്ള പരമാധികാരം അവൻേറത് മാത്രമാണ്. *(നാലാം വചനം നോക്കുക)*

നാല്: സൃഷ്ടികൾക്ക് പ്രാർഥിക്കാനുള്ള ഏകശക്തി അവൻ മാത്രമാണ്. സൃഷ്ടികളുടെ പ്രാർഥനകൾക്ക് ഉത്തരം നല്കാനും അവയെ സഹായിക്കാനുമുള്ള കഴിവ് അവന് മാത്രമാണുള്ളത്. *(അഞ്ചാം വചനം)*

## പ്രപഞ്ചങ്ങളുടെ കീർത്തനം

സൃഷ്ടിജാലങ്ങളെ മൊത്തത്തിൽ തങ്ങളുടെ സ്രഷ്ടാവുമായി കൂട്ടിയിണക്കുന്ന പൊതുവായ ചില ഘടകങ്ങളുണ്ട്. അതിൽ പ്രധാനമാണ് ജീവിത കാര്യങ്ങളെ സംബന്ധിച്ച ബോധനം. ഈ ബോധം ബോധനം നല്കപ്പെടാത്ത ഒരു ജീവിയും പ്രപഞ്ചത്തിലില്ല.

സാൽമൺ മത്സ്യം സാധാരണ നദികളിൽ ജന്മംകൊള്ളുകയും കുറച്ചു കാലം അവിടെ കഴിച്ചുകൂട്ടിയ ശേഷം സമുദ്രത്തിലൂടെ വർഷങ്ങളോളം അതിദൂരം സഞ്ചരിക്കുകയും വീണ്ടും താൻ ജനിച്ചുവളർന്ന അതേ നദിയിൽ എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് തിരിച്ചെത്തുകയും ചെയ്യുന്നത് ഈ ബോധനത്തിൻെറ ഫലമായാണ്.

"കാട്ടി" പ്രസവിച്ചയുടൻ കാലുകൾ കുഴഞ്ഞു വീഴുകയും കുഞ്ഞ് തട്ടിപ്പിടഞ്ഞ് തൊട്ടടുത്ത കാട്ടിലേക്ക് ഓടിമറഞ്ഞ് അവിടെ മൂന്നു നാൾ കഴിച്ചുകൂട്ടുന്നതും ഈ ബോധനം തന്നെയാണ്. പ്രസ്തുത മൂന്ന് നാളുകൾ കൊണ്ടു മാത്രമേ കുഞ്ഞിൻെറ ചർമത്തിന് ബലം കിട്ടുകയുള്ളൂ. പ്രസവിച്ച ഉടനെ അമ്മ അതിനെ വാത്സല്യപൂർവം നക്കിത്തുടച്ചാൽ കുഞ്ഞിൻെറ ചർമം മുറിഞ്ഞുപോകാൻ മാത്രം മൂർച്ചയുള്ളതാണല്ലോ കാട്ടിയുടെ നാവ്.

ഈവക കാര്യങ്ങൾ പ്രപഞ്ചത്തിൽ ഒട്ടേറെ കാണാം. ഇതൊക്കെ സ്രഷ്ടാവിൻെറ കാരുണ്യമാണ്. ഈവിധം സൃഷ്ടികളെ തങ്ങളുടെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുന്ന കണ്ണികൾ നിരവധിയുണ്ട്. ആ ബന്ധം മുൻനിറുത്തിയാണ് അവയൊക്കെയും അവയുടേതായ ഭാഷയിലും ശൈലയിലും ഏകദൈവത്തെ സ്തുതിച്ചു കൊണ്ടിരിക്കുന്നത്. ഖുർആൻപറഞ്ഞു:

*"ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരും ചിറക് വിടർത്തി പറക്കുന്ന പറവകളുമെല്ലാം അല്ലാഹുവിനെ പ്രകീർത്തിക്കുന്നത് നിങ്ങൾ കാണുന്നില്ലയോ? ഓരോന്നിനും അതിൻെറതായ നമസ്കാരരീതിയും സ്തോത്രരീതിയും അറിവുണ്ട്. അവയൊക്കെയും ചെയ്യുന്നത് അല്ലാഹു അറിയുന്നുണ്ട്."* (അധ്യായം 24:41)

ഈ വചനം നമ്മുടെ മുമ്പിൽ വെക്കുന്ന സംഗതികളിൽ പ്രധാനം ഇവയാണ്:

1. പ്രപഞ്ചങ്ങൾ മുഴുവൻ ഏകദൈവത്തിന് സ്തുതികീർത്തനം ചെയ്യുകയാൽ മനുഷ്യൻെറ പരമമായ സ്തുതികീർത്തനങ്ങൾക്കും ഉടമ ഏകദൈവം മാത്രമാണ്.
2. അവൻെറ മാത്രം ഉടമസ്ഥതയും ആധിപത്യവുമാണ് സകല പ്രപഞ്ചങ്ങളും അംഗീകരിക്കുന്നത്. അതിനാൽ പ്രപഞ്ചമാകെ അവൻെറ ആശ്രയത്തിലും സംരക്ഷണത്തിലുമാണ് നിലകൊള്ളുന്നത്.
3. സ്തുതികീർത്തനം വസ്തുക്കളുടെ പ്രകൃതിയിൽ ലീമായതിനാൽ അത് അവനുള്ള ആരാധനയും അവൻെറ അവകാശവുമാണ്.

എന്നാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം മേൽ പറഞ്ഞ ഘടകങ്ങൾക്ക് പുറമെ പ്രത്യേകമായ കുറേ കാര്യങ്ങളുണ്ട്. ഈ പ്രപഞ്ചത്തിൽ മനുഷ്യൻെറ സ്ഥാനം എന്തെന്ന് അവയുടെ അടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാക്കാം.

ഏകദൈവം മനുഷ്യനെ ഭൂമിയിൽ തൻെറ പ്രതിനിധിയായി നിശ്ചയിക്കുകയും തൻെറ നിർദ്ദേശങ്ങൾക്കൊത്ത് ജീവിക്കണമെന്ന് അവനോട് നിർദ്ദേശിക്കുകയും ചെയ്തു. അതാണ് ഈ പ്രപഞ്ചത്തിൽ മനുഷ്യൻെറ സ്ഥാനം. ഈ സ്ഥാനവും ഉത്തരവാദിത്തവും നിർവഹിക്കുന്നതിനാവശ്യമായ വിശേഷബുദ്ധി, ചിന്താശക്തി, സംസാരശേഷി, ശരീരഘടന തുടങ്ങിയ യോഗ്യതകളും കഴിവുകളും നല്കി ഏകദൈവം മനുഷ്യനെ പ്രത്യേകം സഹായിച്ചു. അതോടൊപ്പം അവൻെറ ഭാഗധേയവുമായി ബന്ധപ്പെട്ട് ഉന്നതമായ ജീവിതവ്യവസ്ഥ നല്കി അവനെ ആദരിക്കുകയും അവനറിയാത്ത പല വിജ്ഞാനങ്ങളും അവനെ അഭ്യസിപ്പിക്കുകയും ചെയ്തു.

ഇങ്ങനെ മനുഷ്യൻ അറിഞ്ഞതും അറിയാത്തതുമായ അനേകം അനുഗ്രഹങ്ങളാൽ ഏകദൈവം അവനെ സഹായിക്കുന്നുണ്ട്. അതിനാൽ മറ്റു സൃഷ്ടികളിൽനിന്നൊക്കെ വ്യതിരിക്തനായ മനുഷ്യൻ ഏകദൈവത്തെ മാത്രം സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യണമെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

*"ജനങ്ങളേ, നിങ്ങളെയും നിങ്ങൾക്കു മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ നാഥന് നിങ്ങൾ അടിമപ്പെടുവിൻ"* (അദ്ധ്യായം 2)

തൻെറ ജീവിതത്തിൻെറ മൗലികമായ ആവശ്യപൂർത്തീകരണത്തിനുള്ള തേട്ടത്തിലാണ് മനുഷ്യൻ. അത് സഫലമാകണമെങ്കിൽ അവൻ ആരോടാണോ തൻെറ ആവശ്യപൂർത്തീകരണത്തിന് പ്രാർഥിക്കുന്നത് അവൻെറ ശക്തിയെ സംബന്ധിച്ചും അവൻ തനിക്ക് ചെയ്തുതന്ന ഇതര അനുഗ്രഹങ്ങളെക്കുറിച്ചും ബോധവാനാകണം. ആ തിരിച്ചറിവിൽനിന്നുടലെടുക്കുന്ന കൃതാജ്ഞതാബോധത്തോടെയാകണം അവനെ സ്തുതിക്കുന്നത്. എങ്കിലേ പ്രശംസ ഏറ്റം ഉത്തമമായ രീതിയിലും ശൈലിയിലുമാവുകയുള്ളൂ. അതിനാണ് അവൻെറ ഉത്തമ ഗുണനാമ വിശേഷണങ്ങൾ എടുത്തോതി പ്രകീർത്തിക്കാനും പ്രാർഥന ആരംഭിക്കാനും നമ്മെ അവൻ അഭ്യസിപ്പിച്ചത്. അതിനാണ് നേരത്തെ സൂചിപ്പിച്ചതു പോലെ "അൽഹംദ്" എന്ന് പ്രയോഗിച്ചത്.

## റബ്ബ്

ഈ വചനത്തിലെ "പ്രപഞ്ചങ്ങളുടെ നാഥൻ" *(റബ്ബ്)* എന്ന വാക്ക് നാം പ്രത്യേകം പരാമർശമർഹിക്കുന്നു. ഖുർആൻ ഏകദൈവത്തിനുപയോഗിച്ച സാങ്കേതികശബ്ദമാണ് *റബ്ബ്.* അവൻെറ വിശേഷണം കൂടിയാണത്. മലയാളഭാഷയിലെ ഏതെങ്കിലും ഒരു വാക്കിൽ അതിന് അർഥം പറയാനാകില്ല. ഉടമസ്ഥൻ, യജമാനൻ, രക്ഷാകർത്താവ്, പരിപാലകൻ, മേൽനോട്ടക്കാരൻ, ഭരണാധികാരി, വിധികർത്താവ്, നിയന്താവ് തുടങ്ങിയ അർഥങ്ങൾ അതിനുണ്ട്. ഈ അർഥങ്ങളിലൊക്കെ പ്രപഞ്ചങ്ങളുമായുള്ള ഏകദൈവത്തിൻെറ ബന്ധവും ശക്തമാണ്. താഴ്ന്ന പടിയിൽനിന്ന് ഉയർന്ന പടിയിലേക്ക് ക്രമപ്രവൃദ്ധമായി ഉയർത്തിക്കൊണ്ടുവരുന്നവനാണ് റബ്ബ് എന്ന് വിശാലാർഥത്തിൽ വിവക്ഷിക്കാം.

സാങ്കേതികാർഥത്തിൽ, ഇല്ലായ്മയിൽനിന്ന് ഒന്നിനെ സൃഷ്ടിക്കുകയും അതിനെ സംവിധാനിക്കുകയും അതിൻെറ ജീവിതം നിർണയിക്കുകയും അതിന് ആവശ്യമായ കാര്യങ്ങൾ ഉദ്ബോധിപ്പിച്ചുകൊടുക്കുകയും ജീവിതധർമം നിർണയിച്ചേകുകയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നവൻ എന്നാണ്. ചുരുക്കത്തിൽ സൃഷ്ടിക്ക് കിട്ടേണ്ട പ്രത്യേക പരിചരണം നല്കി അതിനെ പോറ്റിപരിപാലിക്കുന്ന ശക്തിയുടെ സാങ്കേതിക ശബ്ദമാണ് റബ്ബ്.

സകല പ്രപഞ്ചങ്ങളെയും പോറ്റിസംരക്ഷിക്കുന്നത് അവനായതിനാൽ അവനെ തന്നെയാണ് സർവ പ്രപഞ്ചങ്ങളും സ്തുതിക്കുന്നത്. സൃഷ്ടികളിൽനിന്ന് അവന് ലഭിക്കേണ്ട അവകാശമത്രെ അത്. ഖുർആൻെറ ഏകദൈവ വീക്ഷണത്തെ പ്രതിപാദിക്കുന്ന വചനം കൂടിയാണിത്. അതിൻെറ സാരംശം നമുക്കിങ്ങനെ മനസ്സിലാക്കാം:

1. അല്ലാഹുവല്ലാതെ ഒരു ദൈവവും പ്രപഞ്ചത്തിനില്ല. അവനാണ് സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കധിപൻ. അതിനാൽ അവൻ മാത്രമാണ് സ്തുതിക്കും പ്രാർഥനക്കും അർഹൻ.
2. സകല അധികാരങ്ങളും അവൻെറതായതിനാൽ അവനെ മാത്രമേ പരമമായി ആരാധിക്കാൻ പാടുള്ളൂ.
3. ഈ പറഞ്ഞ രണ്ട് സവിശേഷതകളിലും മറ്റാരെയെങ്കിലും അവൻെറ പങ്കാളിയായി സങ്കല്പിക്കുന്നത് അവനോട് ചെയ്യുന്ന കൊടിയ പാതകമാണ്.
4. തൻെറ ജീവിതത്തിന് മാർഗവും നിയമവും നിർമിച്ചുതരുന്നതിനും, തന്നോട് കല്പിക്കുന്ന

തിനും വിരോധിക്കുന്നതിനുമുള്ള അധികാരം അല്ലാഹുവിന് മാത്രമാണെന്ന് സമ്മതിക്കുകയും അതിനൊത്ത് ജീവിക്കുകയും ചെയ്യുക.

"ആലമീൻ" എന്നാണ് വചനാന്ത്യം. പ്രപഞ്ചങ്ങൾ എന്നർഥം. *ആലം* എന്ന ഏകപദത്തിനു പകരം പ്രപഞ്ചങ്ങൾ എന്ന ബഹുവചനം ഉപയോഗിച്ചതിൻെറ പൊരുൾ വളരെ വ്യക്തമാണ്.

നാം അധിവസിക്കുന്ന ഈ ഭൂമിയെക്കൂടാതെ അനേകം ഗ്രഹങ്ങൾ വേറെയുമുണ്ട്. പ്രപഞ്ചവുമായി തുലനം ചെയ്യുമ്പോൾ വളരെ ചെറിയ പരിമാണം മാത്രമുള്ള ഒരു ഗോളമാണ് ഭൂമിയെന്ന് നമുക്ക് മനസ്സിലാക്കാം. ഏകദൈവം പറഞ്ഞതിങ്ങനെ:

*"ഉപരിലോകങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണ്ണങ്ങളുടെയും വൈവിധ്യവും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ."*

ഭൂഗോളത്തെക്കൂടാതെ അനേകം ഗ്രഹങ്ങൾ ചേർന്നതാണ് ഈ സൗരയൂഥം. അനേകം സൂരയൂഥങ്ങൾ വേറെയുമുണ്ട് ദൈവത്തിൻെറ സൃഷ്ടികളിൽ. അവയിൽ പലതിലും ജീവികളുടെ സാന്നിധ്യവും കണ്ടേക്കാം. നമ്മുടെ പരിമിതമായ അറിവ് വെച്ച് അക്കാര്യം ഉറപ്പിക്കാനാവില്ല. ഓരോ ലോകവും വ്യത്യസ്ത ഘടനയിലും സ്വഭാവത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അവയൊക്കെ വ്യത്യസ്ത ആവശ്യങ്ങളും സാഹചര്യങ്ങളും അഭിമുഖീകരിക്കുന്നവയുമാണ്. ഭൂമിയോട് ഏറെ അടുത്തു കിടക്കുന്ന ചന്ദ്രൻ ഏറെ വ്യത്യസ്തമായ ഘടനയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അതിൻെറ പ്രകൃതിയും ആവശ്യങ്ങളുമല്ല ഭൂമിക്കുള്ളത്. ജീവികളുടെ വാസത്തിന് തീർത്തും യോഗ്യമായ രീതിയിലാണ് ഭൂമിയെ സംവിധാനിച്ചത്. ഏകദൈവം ഭൂഗോളത്തിന് മാത്രം നല്കിയ പ്രത്യേകതയാണത്. മറ്റു ഗ്രഹങ്ങളുടെ പ്രകൃതിയിലാണ് ഭൂമിയെയും സൃഷ്ടിച്ചിരുന്നതെങ്കിൽ അവിടെ ജീവജാലങ്ങളുടെ നിലനില്പ് തീർത്തും അസാധ്യമായി മാറും. ഭൂമിയിൽ തന്നെ ഒരേ തരത്തിലുള്ള പ്രകൃതിയും കാലാവസ്ഥയും പരിസ്ഥിതിയുമല്ല എല്ലായിടത്തുമുള്ളത്. ഭൂമിയുടെ നിലനില്പിനാവശ്യമായ സംഗതികളല്ല ചൊവ്വാഗ്രഹത്തിൻെറ നിലനില്പിനു വേണ്ടത്. ഈ ആവശ്യങ്ങളൊക്കെ പൂർത്തീകരിച്ച് അവയെ മുഴുവൻ തുല്യനീതിയോടെ, സംതുലിതത്വത്തോടെ സംരക്ഷിക്കുവാൻ ശക്തനായി ഏകദൈവമല്ലാത്ത മറ്റാരും ഈ ലോകത്തില്ല. അതിനാലാണ് അവനെ പ്രപഞ്ചങ്ങളുടെ ഉടമ എന്ന് പറഞ്ഞത്. അതേ കാരണത്താൽ തന്നെയാണ് പ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങളിലെ വസ്തുക്കൾ മുഴുവൻ അവനെ മാത്രം കീർത്തനം ചെയ്യുന്നതും സ്തുതിക്കുന്നതും. അതേ ഏകദൈവത്തെ തന്നെയാണ് മനുഷ്യർ സ്തുതിക്കുകയും കീഴ്വണങ്ങുകയും ചെയ്യേണ്ടത്.

ചുരുക്കത്തിൽ എല്ലാ ബഹുദൈവത്വവികാരങ്ങളിൽനിന്നും മുക്തമായി, ആത്മാർഥതയോടെ ഏകദൈവത്തെ സ്തുതിക്കുകയും വാഴ്ത്തുകയും അവൻ ചെയ്തു തന്ന അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുകയത്രെ ഹംദ് കൊണ്ട് വിവക്ഷിക്കുന്നത്. അതിനാലാണ് ഏകദൈവവിശ്വാസി തൻെറ ഏതവസ്ഥയിലും അൽഹംദുലില്ലാഹ് എന്നു തൻെറ സ്രഷ്ടാവിനെ സ്തുതിക്കുന്നത്. അതിന് അർഹനായ മറ്റൊരു ശക്തിയും അവനെ സംബന്ധിച്ചിടത്തോളം ഈ പ്രപഞ്ചത്തിലില്ല.

---

ٱلرَّحْمَٰنِ ٱلرَّحِيمِ ﴿٣﴾ അർറഹ്മാനിർറഹീം.

*പരമ കാരുണികൻ കരുണാനിധി.*

---

ഏകദൈവത്തിന് തൊണ്ണൂറ്റി ഒമ്പത് ഗുണനാമവിശേഷണങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് റഹ്മാൻ, റഹീം എന്നിവ. പരമകാരുണികൻ എന്നത്രെ റഹ്മാൻ എന്ന വാക്കിൻെറ അർഥം.

*"അവൻ കാരുണ്യം തൻെറ സ്ഥായിയായ സ്വഭാവമായി നിശ്ചയിച്ചിരിക്കുന്നു."*

(ഖുർആൻ 6:12).

അവൻെറ കാരുണ്യം പ്രപഞ്ചത്തോളം വിശാലമാണ്. അതാണ് അവനെ അംഗീകരിച്ചവരും ധിക്കരിച്ചവരുമായ മനുഷ്യരടക്കമുള്ള സൃഷ്ടികൾ ഒന്നടങ്കം അനുഭവിക്കുന്നത്. അവൻെറ കാരുണ്യത്തിന് പക്ഷപാതിത്തമില്ല. അങ്ങനെയായിരുന്നെങ്കിൽ അവനെ അംഗീകരിക്കാത്തവരെ അവൻ തീരെ അവഗണിക്കുമായിരുന്നു. പക്ഷേ, അങ്ങനെയൊരു നടപടി ഈ പ്രപഞ്ചത്തിലെവിടെയും കാണുന്നില്ല.

വിശുദ്ധ ഖുർആനിൽ ഏകദൈവത്തിൻെറ ഗുണനാമവിശേഷണമായി കൂടുതൽ ഉപയോഗിച്ചിട്ടുള്ളത് റഹ്മാൻ എന്ന നാമമാണ്.

മറ്റൊരു നാമമാണ് *റഹീം.* കാരുണ്യത്തിൻെറ ആധിക്യത്തെ സൂചിപ്പിക്കുവാനാണ് ആ നാമം ഉപയോഗിക്കുന്നത്. പ്രവാചകൻ മുഹമ്മദ്(സ) ഒരിക്കൽ പറഞ്ഞു: "ദൈവകാരുണ്യത്തെ നൂറ് ഓഹരി വെച്ചതിൽ ഒരു ഓഹരിയാണ് ഭൂമിയിൽ നിക്ഷേപിച്ചത്. അതാണ് സൃഷ്ടികൾ പരസ്പരം പങ്ക്വെക്കുന്നത്. ബാക്കി തൊണ്ണൂറ്റി ഒമ്പത് ഭാഗവും അവൻെറ പക്കൽ സൂക്ഷിച്ചുവെച്ചിരിക്കുകയാണ്. അന്ത്യദിനത്തിൽ താനുദ്ദേശിച്ച തൻെറ സൃഷ്ടികൾക്കിടയിൽ അവനത് വിനിയോഗിക്കും."

അവൻെറ കാരുണ്യം നാം അനുഭവിക്കുന്നത് പ്രധാനമായും നാല് രൂപത്തിലാണ്:

1. ജീവിതത്തിനാവശ്യമായ വിഭവങ്ങൾ (വിശേഷബുദ്ധി, ചിന്താശക്തി, ഭൗതികവിഭവങ്ങൾ മുതലായവ) തന്ന് അവൻ നമ്മെ സഹായിച്ചു. അക്കാര്യം നേരത്തെ സൂചിപ്പിച്ചു.
2. നമ്മെ അലക്ഷ്യമായി ജീവിക്കാൻ വിടുന്നതിനു പകരം ജീവിതത്തെ നിയന്ത്രിക്കുകയും സംസ്കാരസമ്പന്നരാക്കുകയും ഇഹ-പരമോക്ഷം നേടിത്തരികയും ചെയ്യുന്ന ഒരു ജീവിത വ്യവസ്ഥ ആവിഷ്കരിച്ചു തന്നു.
3. തൻെറ വ്യവസ്ഥയനുസരിച്ചു ജീവിക്കാനാവശ്യമായ സംവിധാനങ്ങൾ മനഷ്യർക്ക് ഒരുക്കിക്കൊടുക്കുകയും അവരെ അക്കാര്യം ഉദ്ബോധിപ്പിക്കാൻ അവരിലേക്ക് പ്രവാചകന്മാരെ അയക്കുകയും സത്യാസത്യ വിവേചകമായി ഗ്രന്ഥം നല്കുകയും ചെയ്തു.
4. മനുഷ്യൻ ചെയ്യുന്ന ചെറുതും വലുതുമായ തെറ്റുകളുടെ പേരിൽ അവൻ സ്വയം ഖേദ പ്രകടനം നടത്തുന്നതോടെ അവയത്രയും ഏകദൈവം പൊറുത്തുകൊടുക്കുന്നു. അതിന് ആരുടെയും ശിപാർശയോ മധ്യവർത്തിത്വമോ അവന് ആവശ്യമില്ല.

അതിന് മൂന്ന് വശങ്ങൾ കൂടിയുണ്ട്.

ഒന്ന്: ഏകദൈവത്തിൻെറ ഹിതാഹിതങ്ങൾ മാനിച്ച് നല്ല രീതിയിൽ ജീവിക്കുവാനാണ് മനുഷ്യനോടുള്ള ദൈവികശാസന. ദൈവികമാർഗമെന്നും പൈശാചിക മാർഗമെന്നും രണ്ട് വഴികൾ മനുഷ്യനെ വലയം ചെയ്തു നില്ക്കുന്നുണ്ട്. എല്ലാ സുഖാനന്ദങ്ങളും അനുഭവിച്ച് ഒരു നിയന്ത്രണവുമില്ലാതെ തോന്നിയ രീതിയിൽ ജീവിച്ചു മരിക്കുകയാണ് പൈശാചികമാർഗം. ദൈവികവിരുദ്ധമാകയാൽ അതിൻെറ പരിണതി ദുഃഖവും വേദനയും നിറഞ്ഞതായിരിക്കും. കാരണം, കാരുണ്യവാനായ ദൈവത്തിൻെറ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണല്ലോ തൻെറ ദാസൻ ജീവിച്ചത്. അവനത് തീരെ ഇഷ്ടമല്ല. അതിനാലാണ് സൗഭാഗ്യകരമായ ജീവിത പരിണതിക്കു വേണ്ടി നേർമാർഗത്തിലൂടെ ചരിക്കാൻ ഏകദൈവം മനുഷ്യരോട് ആജ്ഞാപിച്ചത്. അതത്രെ ദൈവികമാർഗം. ആ മാർഗം ഏതാണെന്ന് അവൻ പ്രവാചകന്മാരിലൂടെ മനുഷ്യനെ പഠിപ്പിക്കുകയും ബോധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. നേർമാർഗമനുസരിച്ച് ജീവിക്കാനും ദുർമാർഗങ്ങളിൽനിന്ന് അകലുവാനും മനുഷ്യനെ അവൻ ഉദ്ബോധിപ്പിച്ചത്. അതുമുഖേന അവന് എന്തെങ്കിലും ലാഭിക്കുവാനുള്ളതു കൊണ്ടല്ല, പ്രത്യുത മനുഷ്യൻെറ തന്നെ ഗുണത്തിനു വേണ്ടിയാണ്.

രണ്ട്: കാരുണ്യവാനായ ഏകദൈവം ക്രൂരനല്ല. അടിമ തെറ്റ് ചെയ്താലുടനെ പിടികൂടി ശിക്ഷിക്കുകയെന്നത് അവൻെറ രീതിയല്ല. അടിമ തെറ്റ് ചെയ്താൽ അവൻ പരിഗണിക്കുന്ന കാര്യം ഇതത്രെ:

1. തൻെറ അടിമ തെറ്റ് ചെയ്തത് നിർബന്ധ സാഹചര്യം മൂലമാണോ? നിർബന്ധ സാഹചര്യത്തിൽ, മനഃപൂർവമല്ലാതെ ചെയ്യുന്ന തെറ്റുകൾക്ക് അവൻ ശിക്ഷിക്കുകയില്ല.
2. തെറ്റ് ചെയ്ത ശേഷം അടിമയുടെ മാനസികാവസ്ഥ എന്തായിരുന്നു? ഖേദപ്രകടനം നടത്തിയെങ്കിൽ അതിൻെറ പേരിൽ പിന്നെയും ആ അടിമയെ ശിക്ഷിക്കുന്ന രീതി ദൈവത്തിനില്ല.
3. തെറ്റ് ചെയ്ത ഉടനെ വല്ല സൽകർമവും ആ അടിമ ചെയ്തുവോ? എങ്കിൽ ആ സൽകർമം പരിഗണിച്ച് പ്രസ്തുത തെറ്റിന് മാപ്പ് നല്കുന്നു.
4. തെറ്റ് ചെയ്ത ആൾക്ക് ആ തെറ്റിൻെറ തോതിനനുസരിച്ച ശിക്ഷ മാത്രമേ നല്കുന്നുള്ളൂ. എല്ലാവരുടെയും തെറ്റിന് ആരെയെങ്കിലും ശിക്ഷിക്കുന്ന അനീതിയും ഏകദൈവം ചെയ്യുകയില്ല.

ദൈവത്തിൻെറ കാരുണ്യവും തെറ്റുകൾ പൊറുത്തുകൊടുക്കാനുള്ള അവൻെറ വിട്ടുവീഴ്ചാമനോഭാവവും പരസ്പരം പൂരകങ്ങളാണ്. അതായത്, മനുഷ്യൻെറ പാരത്രിക മോക്ഷം ഏകദൈവത്തിൻെറ കാരുണ്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. ദൈവകാരുണ്യം ഇല്ലെങ്കിൽ പരലോകത്തെന്നല്ല ഈ ഭൗതികലോകത്തു പോലും നമുക്ക് ഒന്നും നേടാനാകുമായിരുന്നില്ല.

ചരിത്രത്തിൽ ശക്തരും വമ്പന്മാരുമായിരുന്ന പല ജനതകളും ദൈവശിക്ഷക്ക് വിധേയരായി ഭൂമുഖത്തുനിന്ന് തുടച്ചുമാറ്റപ്പെട്ടിട്ടുണ്ട്. ധിക്കാരികളായ ആ ജനം അവൻെറ കാരുണ്യം വേണ്ടുവോളം അനുഭവിച്ചവരായിരുന്നു. ഈ വസ്തുത മുമ്പിൽവെച്ചു നോക്കുമ്പോൾ ദൈവത്തിൻെറ കാരുണ്യം അനുഭവിച്ചു ജീവിക്കുന്ന നമുക്ക് എങ്ങനെയാണ് അവനോട്

നന്ദികേട് കാണിക്കാനാകുക? ഏകദൈവത്തെ നിഷേധിക്കുന്നവർ അവൻെറ കാരുണ്യത്തെ സംബന്ധിച്ച് അറിഞ്ഞിരുന്നെങ്കിൽ അത്തരം പതനത്തിൽ അവർ അകപ്പെടുമായിരുന്നില്ല.

മൂന്ന്: മനുഷ്യൻ എത്ര തന്നെ തെറ്റ് ചെയ്താലും, തന്നോട് എത്ര തന്നെ ധിക്കാരം പ്രവർത്തിച്ചാലും അവൻ ഉടനെ അതിന് ശിക്ഷാനടപടി സ്വീകരിക്കുന്നില്ല. പകരം അവൻ കാത്തിരിക്കുകയാണ് ചെയ്യുന്നത്. കാര്യങ്ങൾ മനസ്സിലാക്കാനും സ്വയം സംസ്കൃതനാകാനും നമുക്ക് അവസരം തരികയാണതു വഴി ചെയ്യുന്നത്. അവൻ കരുണയില്ലാത്തവനായിരുന്നെങ്കിൽ തെറ്റുകൾ ചെയ്ത ഉടനെ തന്നെ ശിക്ഷിക്കുകയായിരുന്നല്ലോ ചെയ്യുക. അതോ, അവനൊട്ടും പ്രയാസമുള്ള കാര്യവുമല്ല.

കാരുണ്യവാൻ, കരുണാനിധി എന്നീ ഗുണനാമങ്ങൾ ഈ പ്രാർഥനയിൽ പ്രതിപാദിക്കാൻ കാരണം പ്രപഞ്ചങ്ങളുടെ സ്രഷ്ടാവും ഉടമസ്ഥനും പരമാധികാരിയുമായ രാജതമ്പുരാനോട് തൻെറ ആവശ്യങ്ങൾ നേർക്കു നേരെ ചോദിക്കുന്നതിനു പകരം പ്രഥമമായി അവൻെറ മഹത്വത്തെ പുകഴ്ത്തിക്കൊണ്ടാവുക എന്ന സംസ്കാരം മനുഷ്യനെ പഠിപ്പിക്കുന്നതിനുവേണ്ടിയാണ്. അത് സൃഷ്ടിയുടെ ഭാഗത്തുനിന്ന് അവന് നല്കുന്ന തിരുമുൽക്കാഴ്ചയാണ്. അതാണ് അവൻ ഏറെ ഇഷ്ടപ്പെടുന്ന രീതിയും. ഇനി വല്ല വിപത്തിൽനിന്നും അഭയം തേടുന്നുണ്ടെങ്കിൽ അതും അവൻെറ സൽനാമങ്ങൾ വിളിച്ചോതിക്കൊണ്ടായിരിക്കണം.

---

مَٰلِكِ يَوْمِ ٱلدِّينِ ﴿٤﴾ മാലികി യൗമിദ്ദീൻ.

*“വിധിദിനത്തിനധിപൻ”*

---

ഖുർആൻെറ പ്രതിപാദ്യവിഷയങ്ങൾ ഏകദൈവം, പ്രപഞ്ചം, മനുഷ്യൻ, പരലോകം എന്നിവയാണ്. ഇതിൽ മനുഷ്യകർമങ്ങളുടെ ആത്യന്തികഫലവുമായി ബന്ധപ്പെട്ടതാണ് പരലോകം. അതിനെ ഒഴിച്ചുനിർത്തിയാൽ ഏകദൈവവിശ്വാസം പൂർണമാവുകയില്ല. അതിനെ നിഷേധിച്ചുകൊണ്ട് അവൻെറ കർമം സ്വീകാര്യമാവുകയില്ല.

പരലോകചിന്തയാണ് മനുഷ്യകർമങ്ങളെ സംസ്കരിക്കുന്നത്. മനുഷ്യകർമങ്ങളുടെ ആത്യന്തിക പ്രതിഫലവേദിയും പരലോകമാണ്.

ഏകദൈവം പരലോകത്തിൻെറ അഥവാ പ്രതിഫലദിനത്തിൻെറ അധിപൻ എന്ന് പറഞ്ഞത് പ്രത്യേക പരാമർശം അർഹിക്കുന്നു. മനുഷ്യരെയെല്ലാം അവരുടെ മരണശേഷം വീണ്ടും ഉയിർത്തെഴുന്നേല്പിക്കുന്ന ഒരു ദിനത്തിൻെറ പരമാധികാരി എന്നത്രെ അതിൻെറ വിവക്ഷ. മുന്നോട്ട് പോകുന്നതിനുമുമ്പ് എന്താണ് പ്രതിഫലദിനം എന്ന് നാം ശരിക്ക് മനസ്സിലാക്കണം.

## പ്രതിഫലവേദി

ഈ ലോകത്തിന് ഒരന്ത്യമുണ്ട്. നിശ്ചിത സമയം ആഗതമായാൽ എല്ലാവരും നശിക്കും. മരണത്തോടുകൂടി മനുഷ്യൻ തീരെ ഇല്ലാതാകുന്നില്ല. ഭൗതിക ജീവിതത്തിൻെറ വിരാമം മാത്രമാണത്. അതോടെ മനുഷ്യർ മറ്റൊരു ലോകത്തേക്ക് പ്രവേശിക്കുന്നു. അതത്രെ നീതിയുടെ ലോകം. അഥവാ പരലോകം.

ഏകദൈവം എല്ലാ ജനങ്ങൾക്കും വീണ്ടുമൊരു ജന്മം നല്കി അവൻെറ മുമ്പിൽ ഹാജരാക്കും. മനുഷ്യർ ഈ ലോകത്ത് പ്രവർത്തിച്ച മുഴുവൻ കർമങ്ങളുടെയും വെളിച്ചത്തിൽ അവൻ ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകം വിചാരണക്കു വിധേയമാക്കും. നന്മ കൂടുതൽ ചെയ്തവർക്ക് അതിനുള്ള പ്രതിഫലവും തിന്മ കൂടുതൽ ചെയ്തവർക്ക് ശിക്ഷയും നല്കും.

ഈ വിഷയത്തിൽ ദൈവത്തിൻെറ പ്രഖ്യാപനം ഇതത്രെ: നിങ്ങളെ സ്വാതന്ത്ര്യവും സ്വയം ഭരണാധികാരവും നൽകി നിയോഗിച്ചിരിക്കുന്ന ഈ ഭൂതലത്തിലെ ജീവിതം നിങ്ങൾക്കൊരു പരീക്ഷണമാണ്. ഇതിനുശേഷം, നിങ്ങളെൻെറ സവിധത്തിൽ മടങ്ങിവരേണ്ടതായുണ്ട്. നിങ്ങളുടെ പ്രവർത്തനങ്ങൾ കണിശമായി പരിശോധിച്ച് ആർ പരീക്ഷയിൽ വിജയം വരിച്ചുവെന്നും, ആരെല്ലാം പരാജിതരായെന്നും അപ്പോൾ ഞാൻ വിധികൽപിക്കും. അതിനാൽ, നിങ്ങളെ സംബന്ധിച്ചേടത്തോളം, ശരിയായ കർമനയം ഒന്നു മാത്രമേയുള്ളൂ; എന്നെ നിങ്ങളുടെ ഒരേയൊരു ആരാധ്യനും വിധികർത്താവുമായി അംഗീകരിക്കുക; ഞാൻ നൽകുന്ന സാന്മാർഗിക നിർദേശമനുസരിച്ചു മാത്രം ഭൂലോകത്ത് പ്രവർത്തിക്കുക; നശ്വരമായ ഐഹിക ജീവിതം പരീക്ഷണാലയമാണെന്നറിഞ്ഞുകൊണ്ട് എൻെറ അന്തിമ തീരുമാനത്തിൽ വിജയികളാവുകയാണ് നിങ്ങളുടെ സാക്ഷാൽ ലക്ഷ്യമെന്ന ബോധത്തോടുകൂടി ജീവിതം നയിക്കുക.

ഇതിനു വിപരീതമായുള്ള ഏതൊരു ജീവിതനയവും നിങ്ങളെ സംബന്ധിച്ചേടത്തോളം അബദ്ധം മാത്രമാണ്. ആദ്യത്തെ നയമാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ (അത് തെരഞ്ഞെ ടുക്കാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്) ഇഹലോകത്ത് നിങ്ങൾക്ക് സമാധാനവും സംതൃപ്തി യും ലഭ്യമാകും; എൻെറ അടുത്ത് തിരിച്ചുവരുമ്പോൾ, അനശ്വര സുഖാനന്ദത്തിൻെറ ഗേഹ മായ സ്വർഗലോകം ഞാൻ നിങ്ങൾക്ക് നൽകുകയുംചെയ്യും. അഥവാ മറ്റൊരു നയമാണ് സ്വീകരിക്കുന്നതെങ്കിൽ (അത് സ്വീകരിക്കുവാനും നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്) ഇഹലോകത്ത് നിങ്ങൾക്ക് നാശവും അസ്വാസ്ഥ്യവും അനുഭവിക്കേണ്ടിവരും; ഐഹികലോകം പിന്നിട്ട് പാരത്രികലോകത്ത് വരുമ്പോഴാകട്ടെ ശാശ്വതമായ ദുഃഖങ്ങളുടെയും ദുരിതങ്ങളു ടെയും ഗർത്തമായ നരകത്തിൽ തള്ളപ്പെടുകയും ചെയ്യും."

മേൽ പ്രസ്താവം യാഥാർഥ്യമാകുമാറ് ആ ദിനത്തിൽ സകല അധികാരങ്ങളും ഏക ദൈവത്തിൽ പരിമിതമായിരിക്കും. അവൻെറ തീരുമാനങ്ങളെ അല്പം പോലും സ്വാധീനി ക്കാൻ ആർക്കും സാധിക്കുകയില്ല. ന്യായാധിപനും കരുണാനിധിയുമെന്ന നിലയിൽ അവൻ വിധിക്കുന്നത് അനുഭവിക്കാനേ സൃഷ്ടികളായ നമുക്ക് അന്ന് നിർവാഹമുണ്ടാവുകയുള്ളൂ. അതിനാലാണ് അവൻ വിധിദിനത്തിൻെറ *അധിപൻ* എന്ന് വിശേഷിപ്പിച്ചത്. ഖുർആൻ പറഞ്ഞു:

"*അന്ന് (പുനരുത്ഥാന നാൾ) തീരുമാനാധികാരം മുഴുവൻ അല്ലാഹുവിങ്കലാകുന്നു*" (അദ്ധ്യായം 82: 19)

*മാലിക്* എന്ന അറബിപദത്തെയാണ് അധിപൻ എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ളത്. ഏകദൈവത്തിൻെറ ഗുണനാമ വിശേഷണങ്ങളിൽ ഒന്നാണത്. പ്രപഞ്ചമാകമാനം അവൻെറ അധികാരത്തിലാണല്ലോ നിലകൊള്ളുന്നത്. അതിനു ശേഷം മറുലോകത്തിൻെറ ആധി പത്യവും അവൻെറ ഹസ്തങ്ങളിൽ ഭദ്രമായിരിക്കുക എന്നതത്രെ യുക്തി. അവിടെ അവന് തുല്യനായ അധികാരസ്ഥനോ അവനെ സ്വാധീനിക്കുന്ന മറ്റു ശക്തികളോ ഉണ്ടാവുകയില്ല. ഈ അധികാരത്തിൻെറ ഭാഗമായാണ് അവൻ മനുഷ്യരുടെ കർമങ്ങൾ വീക്ഷിക്കുന്നതും എഴുതി സൂക്ഷിക്കുന്നതുമൊക്കെ. തികച്ചും നീതിപൂർവകമായുള്ള അവൻെറ വിചാരണയിൽ നിന്ന് സ്വയം ഒഴിഞ്ഞുമാറുവാനോ മറ്റുള്ളവരെ രക്ഷിക്കുവാനോ അന്ന് ആർക്കും അധികാര മുണ്ടായിരിക്കുകയില്ല. കാര്യങ്ങൾ മുഴുവൻ അവനിൽ പരിമിതമായിരിക്കും.

ഇഛിക്കുന്നതെന്തും ചെയ്യാൻ ശക്തിയും അധികാരവുമുള്ള ശക്തിയുടെ പേരാണ് മാലിക്. ഖുർആൻ പറഞ്ഞു:

*"ആകാശ-ഭൂമികളുടെ ആധിപത്യം അല്ലാഹുവിന് മാത്രമുള്ളതാണെന്നും അവനല്ലാതെ രക്ഷ കനോ തുണയോ നിങ്ങൾക്കില്ലെന്നും നിങ്ങൾ അറിഞ്ഞില്ലയോ?"*

പ്രതിഫലദിനത്തിന് ഖുർആൻ *അദ്ദീൻ* എന്നാണ് പറഞ്ഞത്. സുനിശ്ചിത ദിനം എന്നാണ് അതിൻെറ അർഥമെങ്കിലും പ്രതിഫലദിനം, വിചാരണാദിനം, നിയമനടപടി എന്നൊക്കെ ആ പദംകൊണ്ട് ഉദ്ദേശിക്കുന്നുണ്ട്. മനുഷ്യജീവിതത്തിൻെറ വിചാരണയും പ്രതിഫലനിർണയവും നടക്കുന്ന സുനിശ്ചിത ദിവസമാണത്.

ആ ദിനത്തിൽ മൂന്ന് സംഗതികൾ പരലോകത്ത് പ്രകടമാകും.

1. എല്ലാവിധ ശക്തിയും ഗാംഭീര്യവും നിറഞ്ഞ ദൈവത്തിൻെറ പരമാധികാരം.
2. മനുഷ്യൻെറ നിസ്സഹായതയും കഴിവുകേടുകളും നിറഞ്ഞ ഭീതിതാവസ്ഥ.
3. ദൈവികകോടതിയിൽ കൈയും കെട്ടിനിന്ന് വിചാരണ നേരിടുന്ന വിഹ്വലാവസ്ഥ.

ആ ദിനത്തിൻെറ വിഹ്വലതയിൽനിന്ന് രക്ഷനേടാനുതകുന്ന കർമങ്ങളിൽ ഏർപ്പെടുക എന്നതാണ് ഭൗതികലോകത്ത് മനുഷ്യന് പരമമായി ചെയ്യാനുള്ളത്.

---

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۝٥ ഇയ്യാക നഅ്ബുദു വഇയ്യാക നസ്തഈൻ.

***നിനക്ക് മാത്രം ഞങ്ങൾ വഴിപ്പെടുന്നു (ഇബാദത്ത് ചെയ്യുന്നു), നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.***

---

മനുഷ്യനും അവൻെറ യജമാനനായ ഏകദൈവവും തമ്മിലുള്ള ബന്ധത്തിൻെറ അടിസ്ഥാനമാണിത്. മുകളിൽ ഏറ്റുപറഞ്ഞ സ്തുതികീർത്തനങ്ങളുടെ അവിഛിന്ന ഭാഗവും കൂടിയാണിത്. രണ്ട് കാര്യങ്ങളാണ് മനുഷ്യൻ തൻെറ യജമാനൻെറ മുമ്പിൽ ഏറ്റുപറ യുന്നത്.

ഒന്ന്, ഞങ്ങളുടെ അർച്ചനകൾ മുഴുവൻ നിനക്ക് മാത്രമാണ്. അതിൽ മറ്റാർക്കും പങ്കില്ല. രണ്ട്, ഞങ്ങളുടെ ജീവിതസംസ്കരണത്തിനും വിജയത്തിനും ഉപാധിയായ മാർഗവും വ്യവ

സ്ഥയും തേടുന്നത് നിന്നോട് മാത്രമാണ്. കാരണം, നീ മാത്രമാണ് യജമാനൻ. ശാസിക്കാനും ശിക്ഷിക്കാനും രക്ഷിക്കാനും കഴിവുള്ളവനും നീ മാത്രമാണ്. സഹായിക്കാൻ ശക്തിയുള്ളവനും നീ മാത്രമാണ്.

സൂക്ഷ്മമായ ചില സംഗതികൾ കൂടി നാം ഏറ്റുപറയുന്നുണ്ട്. *ഇയ്യാക* (നിനക്ക് മാത്രം) എന്ന് പറയുന്നതോടു കൂടി ഏകദൈവത്തെക്കൂടാതെയുള്ള എല്ലാ ദൈവസങ്കല്പങ്ങളെയും നിഷേധിക്കുകയാണ് പ്രധാനമായി ചെയ്യുന്നത്. കൃത്രിമദൈവങ്ങളോടുള്ള പ്രേമം മനസ്സിൽ നിന്ന് നീക്കം ചെയ്യാതെ നിനക്കു മാത്രം എന്ന് അംഗീകരിക്കാനോ അത് പ്രഖ്യാപിക്കാനോ മനുഷ്യന് സാധിക്കില്ല. തൻെറ നാഥൻ എന്ന നിലക്ക് ഏകദൈവത്തിൻെറ ശക്തിയും പ്രതാപവും കൂടി അംഗീകരിക്കുന്നവനു മാത്രമേ ഈ വിധം തൻെറ അർച്ചനയും പ്രാർഥനയും ദൈവമേ നിനക്ക് മാത്രം എന്ന് പ്രഖ്യാപിക്കാനാവുകയുള്ളൂ. പ്രപഞ്ചശക്തനും ശക്തിസ്വരൂപനും പ്രതാപവാനുമായ തൻെറ നാഥനെ സംബന്ധിച്ച തിരിച്ചറിവാണ് ഒരാൾക്ക് ലഭിക്കുന്ന വലിയ അറിവ്. താൻ ആര് എന്ന് തിരിച്ചറിയാനുള്ള മാർഗവും അതാണ്. ദൈവമേ, നീ എനിക്ക് സമീപസ്ഥനാണ്, എൻെറ എല്ലാ മന്ത്രവും നൊമ്പരങ്ങളും അറിയുന്നവനാണ്, അവ പരിഹരിക്കാൻ നീ ശക്തനാണ് എന്നതാണ് ഈ പ്രാർഥനയുടെ മജ്ജ.

ഇത്രയും സംഗതികൾ മനസ്സിലാക്കിയതിനു ശേഷം സൃഷ്ടികളെ സംബന്ധിച്ച ചില പൊതു തത്വത്തിലേക്ക് നമുക്ക് വരാം. (*ഇയ്യാക നഅ്ബുദു*) നിനക്ക് മാത്രം ഞങ്ങൾ വഴിപ്പെടുന്നു എന്നുപറയുന്നത് പ്രപഞ്ചത്തോളം വിശാലമായ ഒരു തത്വമാണ്. അഥവാ, നിനക്കു മാത്രം ഞങ്ങൾ ഞങ്ങളുടെ എല്ലാ അർച്ചനയും പ്രാർഥനയും നിനക്ക് സമർപ്പിച്ചിരിക്കുന്നു എന്ന അംഗീകാരവും പ്രഖ്യാപനവുമാണല്ലോ അതിലൂടെ സംഭവിക്കുന്നത്.

ഇവിടെ ആരാധനക്ക് (ഇബാദത്ത്) പരിമിതമായ അർഥം നല്കുന്നത് അബദ്ധമാകും.

വിവേചന ബുദ്ധി പരിഗണിച്ച് ദൃശ്യപ്രപഞ്ചത്തിൽ രണ്ട് തരം സൃഷ്ടികളാണുള്ളത്. മനുഷ്യനും മനുഷ്യേതര ജീവികളും. ജീവിത കാര്യങ്ങളിൽ തിരഞ്ഞെടുപ്പവകാശമുള്ള സൃഷ്ടി മനുഷ്യനാണെന്നത് സുവിദിതമാണല്ലോ. മറ്റുള്ളവക്ക് അതില്ല. ആരാധനയുടെ കാര്യത്തിലുമുണ്ട് ഈ സ്വാതന്ത്ര്യം. എല്ലാ ജീവികളും തങ്ങളുടേതായ ശൈലിയിലും രീതിയിലും ഏകദൈവത്തിന് സ്തുതികീർത്തനങ്ങൾ അർപ്പിക്കുന്നുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചു. അവയുടെ പ്രകൃതിയിൽ അന്തർലീനമായ വികാരമാണത്. അവ ലംഘിച്ചു ദൈവനിഷേധം ചമയാൻ അവക്ക് സാധിക്കില്ല. അതിനാൽ അവ നിർബന്ധിതമായി തങ്ങളുടെ യജമാനനെ ആരാധിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഖുർആൻ പറഞ്ഞു:

*"ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവൻെറ (അല്ലാഹുവിൻെറ) പരിശുദ്ധിയെ പ്രകീർത്തിക്കുന്നു. യാതൊരു വസ്തുവും അവനെ സ്തിച്ചുകൊണ്ട് അവൻെറ പരിശുദ്ധിയെ പ്രകീർത്തിക്കാത്തതായി ഇല്ല. പക്ഷേ, അവരുടെ കീർത്തനം നിങ്ങൾ ഗ്രഹിക്കുകയില്ല."*

(അധ്യായം 17: 44)

മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്ഥിതി മറിച്ചാണ്. അക്കാര്യത്തിൽ അവന് സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. തനിക്ക് ജീവിത സൗകര്യങ്ങൾ തന്ന് അനുഗ്രഹിച്ച യജമാനനോടുള്ള നന്ദി പ്രകടിപ്പിക്കാനായി അവന് കീഴ്വണങ്ങി അവനെ മാത്രം ആരാധിക്കുക എന്നതാണ് ആ സ്വാതന്ത്ര്യത്തിൽ ഒന്ന്. അതത്രെ മനുഷ്യൻെറ വിജയത്തിന് നിദാനം.

ദൈവത്തിൻെറ അനുഗ്രഹങ്ങൾ അനുഭവിച്ചുകൊണ്ടുതന്നെ അവനെ ധിക്കരിക്കുകയും അവൻെറ നിയമനിർദ്ദേശങ്ങളെ അവഗണിക്കുകയും ദൈവതേര ശക്തികളെ ദൈവമായി കരുതി അവയോട് പ്രാർഥിക്കുകയും ആരാധിക്കുകയും ചെയ്തു ജീവിക്കുകയത്രെ രണ്ടാമത്തെ സ്വാതന്ത്ര്യം. എന്നാൽ അത് മനുഷ്യൻെറ പരാജയത്തിന് ഹേതുവായി മാറും.

ദൈവത്തിനുള്ള ആരാധനകളിൽ മറ്റാർക്കും പങ്ക് അനുവദിക്കരുതെന്നു മാത്രമല്ല, അത്തരം വികാരത്തോടെ സ്മരിക്കപ്പെടുന്ന ഒരു ദൈവത്തെയും മനസ്സിൽ സൂക്ഷിക്കാനും പാടില്ല. ഏകദൈവം ഒട്ടും പൊറുക്കാത്ത കടുത്ത പാതകമാണത്. അവൻ പറഞ്ഞു:

*"തന്നോട് പങ്ക് ചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല, തീർച്ച. അതൊഴിച്ചുള്ളത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്ക് ചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു."* (അധ്യായം 4: 116)

## എന്താണ് ആരാധന?

ആരാധന എന്ന ശബ്ദം കേൾക്കുന്നതോടെ ഏതെങ്കിലും തരത്തിലുള്ള ആരാധനാലയങ്ങളും രീതികളും മനസ്സിൽ തെളിയും. നാം കണ്ടതും അനുഭവിച്ചതും അതാണ്. എന്നാൽ ഖുർആൻ എടുത്തുപറഞ്ഞ ആരാധന (ഇബാദത്ത്) വിശാലമായ അർഥമുള്ളതാണ് അതിൽ പ്രധാനമാണ് അർച്ചനയും പ്രാർഥനയും ബലികർമങ്ങളും. അതാകട്ടെ ഏകദൈവം

തൻെറ ദൂതന്മാർ വഴി പഠിപ്പിച്ച രീതിയിൽ ആവുകയും വേണം. അല്ലാത്തതൊന്നും അവ ങ്കൽ സ്വീകാര്യമാവുകയില്ല.

അതിലുപരി ചില കാര്യങ്ങൾ പ്രത്യേകം മനസ്സിലാക്കണം. തൻെറ സ്രഷ്ടാവിൻെറ പ്രീതി കാംക്ഷിച്ചുകൊണ്ട് ഏകദൈവവിശ്വാസിയായ ഒരാൾ ദൈവനാമത്തിൽ ചെയ്യുന്ന സദ്കർമങ്ങളെല്ലാം ആരാധനയാണ്. അല്ലാതെ മനുഷ്യർ ചെയ്യുന്ന കർമങ്ങളെല്ലാം ആരാധ നയുടെ കൂട്ടത്തിൽ പെടില്ല. അപ്പോൾ നമസ്കാരവും നോമ്പും ഹജ്ജും സകാത്തും ദാനധ ർമവും മാത്രമല്ല ആരാധന. നന്മ കല്പിക്കുന്നതും തിന്മ നിരോധിക്കുന്നതും വഴിയിൽ നിന്ന് ഉപദ്രവം നീക്കുന്നതും സഹജീവിയായ മനുഷ്യനോട് പുഞ്ചിരിക്കുന്നതും ഭാര്യയുടെ വായിൽ ഭക്ഷണം വെച്ചുകൊടുക്കുന്നതുമൊക്കെ ആരാധനതന്നെയാണ്. ഇപ്പറഞ്ഞത് ഏകദൈവ വിശ്വാസത്തിൻെറ എഴുപതിൽ പരം ശാഖകളിലെ വിവിധ ശാഖകളാണ്.

ജീവിതത്തിൻെറ ചെറുതു മുതൽ വലിയ കാര്യങ്ങളിൽ വരെ ഏകദൈവം മനുഷ്യന് മാർഗനിർദ്ദേശം നല്കിയിട്ടുണ്ട്. അതത് രംഗങ്ങൾ ദൈവപ്രീതി ലക്ഷ്യമാക്കി പ്രവർത്തിക്കുക യത്രെ ദൈവാരാധന. ദൈവികപൊരുത്തമെന്ന ഉദ്ദേശ്യത്തിന് മനുഷ്യജീവിതത്തിൻെറ എല്ലാ രംഗങ്ങളിലും സ്വാധീനം നേടാൻ സാധിക്കണം. സകാത്ത് ധനം ദാനം ചെയ്യുക മാത്രമായി മാറരുത്. അത് ഒരു ആരാധനയാകണമെങ്കിൽ ദൈവികപൊരുത്തം ലക്ഷ്യമാക്കണം. നമസ് കാരം ഒരു ചടങ്ങ് മാത്രമാകരുത്. അത് ആരാധന കൂടിയായി മാറണം. അത് ആരാധനയാ ണെങ്കിൽ ദൈവം നിർദ്ദേശിച്ച രീതിയിലും ക്രമത്തിലുമാകണം.

ചുരുക്കത്തിൽ ഏകദൈവത്തിനുള്ള അനുസരണത്തോടും വിധേയത്വത്തോടും അവനിലു ള്ള ഭക്തിയോടും ബഹുമാനത്തോടും അവനിൽ നിന്ന് പ്രതിഫലം ലഭിക്കണമെന്ന മോഹ ത്തോടും കൂടി ചെയ്യുന്ന എല്ലാ സദ്കർമങ്ങളും ആരാധനയാണ്. അത് കർമമാകട്ടെ, വാചി കമാകട്ടെ. ഏകദൈവം അവക്കൊക്കെ പ്രതിഫലം നിശ്ചയിച്ചിട്ടുണ്ട്.

അപ്പോൾ ഓരോ നിമിഷവും, ആ നിമിഷത്തിൽ നന്മയുടെ തേട്ടം എന്താണോ അത് ദൈവത്തിനു വേണ്ടി ചെയ്യുക. അത് ജീവിതം നിലനിർത്തുന്നതിനുള്ള ശ്രമമാണെങ്കിലും അതിഥി സൽക്കാരമാണെങ്കിലും രോഗസന്ദർശനമാണെങ്കിലും ജനസമ്പർക്കമാണെങ്കിലും ശരി. അവിടെയൊക്കെ ദൈവത്തിൻെറ പ്രീതി കാംക്ഷിച്ച് അക്കാര്യം നിർവ്വഹിക്കുമ്പോൾ അവയൊക്കെ പ്രതിഫലാർഹമായ കർമങ്ങളായി മാറുന്നതാണ്.

ദൈവത്തിനുള്ള ആരാധനയുടെ ഭാഗമാണ് സൃഷ്ടികളോടുള്ള ബാധ്യതകളുടെ നിർവഹ ണവും. അത് മറന്നുകൊണ്ട് സദാ ദൈവത്തെ ആരാധിച്ചതുകൊണ്ട് കാര്യമൊന്നുമില്ല. ആരാധനയുടെ ആശയപ്രപഞ്ചം ഇങ്ങനെ വ്യക്തമാക്കാം: ജീവിതത്തിൽ എപ്പോഴും ഏത് പരിതഃസ്ഥിതിയിലും ഏകദൈവത്തിൻെറ കല്പനകൾ അനുസരിച്ച് ജീവിക്കുക, അതിനെ തിരായുള്ള സകല നിയമങ്ങളെയും നിരാകരിക്കുക, അവനോട് മാത്രം പ്രാർഥിക്കുക. അവ നിൽ മാത്രം ഭരമേല്പിക്കുക. അവനിൽ മാത്രം പ്രതീക്ഷ പുലർത്തുക. വിജയത്തിനും ലോക ശാന്തിക്കും വിഘാതമായ സകല പൈശാചികശക്തികളെയും വെടിയുക. വാക്കുകളിലും കർമങ്ങളിലും ചിന്തകളിലും മുഴുവൻ ഏകദൈവത്തിൻെറ താല്പര്യം മാനിക്കുക, അതി ലൊക്കെ അവൻ നിശ്ചയിച്ച പരിധികൾ പാലിക്കുക, പരലോകത്തെ ക്ഷേമങ്ങൾക്കു വേണ്ടി ഇഹലോകത്തിലെ അനാരോഗ്യകരമായ സകല വിനോദങ്ങളും വെടിയുക, അവൻെറ പൊരുത്തം മുൻനിറുത്തി സകല മനുഷ്യരോടും നല്ല രീതിയിൽ പെരുമാറുക, ഭാര്യാസന്താനങ്ങളെ നല്ല രീതിയിൽ വളർത്തുക, സംസാരത്തിലും ഇടപാടുകളിലും നീതി പാലിക്കുക, സമ്പാദിക്കുന്നതിലും ക്രയവിക്രയം ചെയ്യുന്നതിലും ദൈവത്തിൻെറ നിർദ്ദേശം പാലിക്കുക, ചെലവഴിക്കുമ്പോൾ ധൂർത്തോ പിശുക്കോ അനുവർത്തിക്കാതെ മധ്യനില കൈക്കൊള്ളുക, പെരുമാറ്റത്തിൽ സൗമ്യതയും വിട്ടുവീഴ്ചയും കൈക്കൊള്ളുക, സത്യസ ന്ധത മുറുകെ പിടിക്കുക- ഇതൊക്കെ ദൈവപ്രീതി കരസ്ഥമാക്കാനുള്ള സദ്കർമങ്ങളും അതുവഴി അവനുള്ള ആരാധനയുടെ വിശാല താല്പര്യത്തിൽ പെടുന്ന കാര്യങ്ങളുമാണ്.

ഏകദൈവ വിശ്വാസിക്ക് ഇതേ വികാരത്തോടെ മറ്റു ശക്തികളെ വെച്ചുപൊറുപ്പി ക്കാനോ സങ്കല്പിക്കാനോ പാടില്ല. ആ രീതിയിൽ മറ്റാരോടും അനുവർത്തിക്കാനും പാടില്ല. ഖുർആൻ പറഞ്ഞു:

*"വിധേയത്വം അല്ലാഹുവിന് മാത്രമാക്കി അവന് ആരാധനയർപ്പിക്കണം. അറിയുക, കലർപ്പി ല്ലാത്ത വിധേയത്വം അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതത്രെ."* (അദ്ധ്യായം 39:2-3)

*"മനുഷ്യരേ, നിങ്ങളെയും നിങ്ങൾക്കു മുമ്പുള്ളവരെയും സൃഷ്ടിച്ച നാഥൻെറ അടിമത്തം അംഗീകരിച്ച് അവനെ ആരാധിക്കുവിൻ."* (അധ്യായം 2, 21)

*"ഈസാനബി പറഞ്ഞു: അല്ലാഹു എൻെറ നാഥനാകുന്നു. നിങ്ങളുടെയും നാഥനാകുന്നു. അതിനാൽ നിങ്ങൾ അവന് മാത്രം ആരാധനയർപ്പിക്കുവിൻ."* (അധ്യായം 19:36)

*“അവൻ ആകാശഭൂമികളുടെയും അവയ്ക്കിടയിലുള്ളതിൻെറയും നാഥനാകുന്നു. അതിനാൽ താങ്കൾ അവന് മാത്രം ആരാധനയർപ്പിക്കുക. അവനുള്ള അടിമത്തത്തിൽ ഉറച്ചു നിൽക്കുക. അവന് സമാനമായി മറ്റു വല്ല അസ്തിത്വവും താങ്കളുടെ അറിവിലുണ്ടോ?”*
(അധ്യായം 19: 65)

ഇവ്വിഷയകമായി ഒട്ടേറെ സൂക്തങ്ങൾ ഖുർആനിൽ കാണാൻ സാധിക്കും. ഇതേ സംഗതി തന്നെയാണ് ലോകത്ത് ആഗതരായ എല്ലാ പ്രവാചകന്മാരും തങ്ങളുടെ ജനതയെ പഠിപ്പിച്ചത്.

***നഅ്ബുദു*** (ഞങ്ങൾ വഴിപ്പെടുന്നു, ആരാധിക്കുന്നു) എന്നത് മനുഷ്യരുടെ ജീവിതത്തിൻെറ അടിസ്ഥാനമാണ്. അല്ലാഹു പറഞ്ഞു:

*“എനിക്ക് ആരാധനയർപ്പിക്കാനല്ലാതെ ജിന്നുവർഗത്തെയും മനുഷ്യവർഗത്തെയും ഞാൻ സൃഷ്ടിച്ചിട്ടില്ല.”*

ഇതാണ് മനുഷ്യജീവിതത്തിൻെറ ആകത്തുക. മനുഷ്യനെ എന്തിന് സൃഷ്ടിച്ചു എന്ന ചോദ്യത്തിനും ഇതാണ് മറുപടി. ഈ ഉത്തരവാദിത്തം നിർവഹിക്കുമ്പോൾ മാത്രമാണ് ഏകദൈവം പ്രസാദിക്കുക.

അടികളായ മനുഷ്യർ തന്നെ മാത്രം ആരാധിക്കണമെന്നതും തന്നോട് മാത്രം പ്രാർഥിക്കണമെന്നതും അവന് മനുഷ്യരിൽനിന്ന് ലഭിക്കേണ്ട അവകാശമാണ്. അത് വകവെച്ചു കൊടുത്താൽ മാത്രമേ മനുഷ്യന് ദൈവത്തിൽനിന്ന് ലഭിക്കാനുള്ള അവകാശങ്ങൾ അവൻ തരികയുള്ളൂ. ഏകദൈവത്തിനുള്ള ആരാധന മനുഷ്യരുടെ ബാധ്യതയാണെങ്കിൽ അവർക്ക് സ്വർഗം നല്കുകയെന്നത് ഏകദൈവത്തിൻെറ ബാധ്യതയാകുന്നു. അത് മനുഷ്യരും ദൈവവും തമ്മിലുള്ള കരാർ കൂടിയാകുന്നു.

ഈ ബാധ്യത മറ്റാർക്കെങ്കിലും വകവെച്ചുകൊടുക്കുന്നതാണ് ബഹുദൈവത്വം എന്നു പറയുന്നത്.

ദൈവത്തിനുള്ള ആരാധന എന്ന് പറഞ്ഞിടത്ത്, ഖുർആൻ മനുഷ്യന് മുമ്പിൽ സമർപ്പിക്കുന്ന ജീവിതവ്യവസ്ഥയുടെ സാമൂഹിക ഭദ്രതയുടെയും മാനുഷികസ്നേഹത്തിൻെറയും സൗന്ദര്യം കൂടി കാണാം. ഓരോ വ്യക്തിയും പ്രാർഥിക്കുന്നത് “ഞാൻ” എന്നു പറഞ്ഞുകൊണ്ടല്ല, “ഞങ്ങൾ” എന്ന സാമൂഹികത വെളിപ്പെടുത്തിക്കൊണ്ടാണ്. ഞങ്ങൾ ഏകദൈവത്തിൻെറ അടിയാറുകൾ, അവനെ മാത്രം ആരാധിച്ചു ജീവിക്കേണ്ടവർ എന്ന തിരിച്ചറിവിൽ നിന്നാണ് ഈ പ്രഖ്യാപനം വരുന്നത്.

ഖുർആൻ നിർബന്ധമായും ചെയ്യാൻ കല്പിച്ച ആരാധനകളൊക്കെയും സാമൂഹികമായാണ് ചെയ്യേണ്ടത്. അപ്പോൾ മാത്രമേ അതിൻെറ അന്തഃസത്ത പൂർണമാകുന്നുള്ളൂ. വ്യക്തികൾ ചേർന്ന് രൂപപ്പെടുന്ന ഈ “ഞങ്ങൾ” എപ്രകാരമാണോ പ്രസ്തുത ആരാധനയിൽ താദാത്മ്യവും ഐക്യവും പ്രാപിച്ചുനില്ക്കുന്നത് തതുല്യമായ ഒരു സമൂഹികഘടന ഉണ്ടാകണം എന്നതാണ് അതിൻെറ ഭൗതികഫലം.

***വഇയ്യാക നസ്തഈൻ*** (നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു) എന്നത്രെ ഈ വചനത്തിൻെറ അവസാന ഭാഗം.

പ്രപഞ്ചത്തിൻെറ പരമാധികാരി ഏകദൈവമാകയാൽ അവൻെറ വ്യവസ്ഥയാണ് മനുഷ്യൻ പാലിക്കേണ്ടത് എന്ന് സൂചിപ്പിച്ചു. അവൻ ഏകനായതിനാൽ വ്യവസ്ഥയും ഒന്നു മാത്രമായിരിക്കും ശരിയെന്ന കാര്യം യുക്തിപരമായും പ്രകൃതിപരമായും ശരിയാണ്. അതല്ലാത്ത വ്യവസ്ഥ അവൻ നിരാകരിക്കുകയാണ് ചെയ്യുക.

അപ്പോൾ മനുഷ്യൻ നിർമിക്കുന്ന തടക്കമുള്ള ദൈവേതരവ്യവസ്ഥ ഏകദൈവത്തിലേക്ക് നമ്മെ എത്തിക്കാൻ പര്യാപ്തമല്ല. എന്നാൽ ഏകദൈവത്തിന് ഇഷ്ടപ്പെട്ട ജീവിതരീതി ആവിഷ്കരിക്കാനും നടപ്പാക്കാനും മനുഷ്യന് സ്വയം സാധിക്കുകയുമില്ല. അഥവാ കണ്ടെത്തിയാൽ തന്നെ അതനുസരിച്ചു ജീവിക്കാൻ ദൈവകാരുണ്യം കൂടാതെ മനുഷ്യന് സാധിക്കുകയുമില്ല. ഭക്ഷണം മുമ്പിൽ വെച്ചതുകൊണ്ട് കാര്യമില്ലല്ലോ, അത് കഴിക്കാനുള്ള ശരീരസ്വാധീനം ദൈവം തന്നെങ്കിൽ മാത്രമല്ലേ അത് അകത്താവുകയുള്ളൂ. പുസ്തകം കൈയിൽ പിടിച്ചതു കൊണ്ട് കാര്യമില്ലല്ലോ, അത് ഗ്രഹിക്കാനുള്ള ബുദ്ധിശക്തി ദൈവം തന്നെങ്കിൽ മാത്രമല്ലേ സംഗതി ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ അവന് ഇഷ്പ്പെട്ട ജീവിതവ്യവസ്ഥ ഉണ്ടായതുകൊണ്ട് കാര്യമില്ല, അതനുസരിച്ച് ജീവിക്കാൻ അവൻെറ തന്നെ തുണയും സഹായവും ആവശ്യമാണ്. അത് ചോദിക്കുകയത്രെ ഈ സഹായാർഥനയിലെ മർമം. എന്നാൽ ആത്മീയജീവിതം ആഗ്രഹിക്കുകയും ദൈവികനിർദ്ദേശം പിൻപറ്റാതിരിക്കുകയും ചെയ്യുന്നത് ബുദ്ധിപരമല്ല. കാരണം, മനുഷ്യവർഗത്തിനു വേണ്ടി സമഗ്രമായ ജീവിതവ്യവസ്ഥ നിർണയിച്ചതും നിർദ്ദേശിച്ചതും ദൈവമാണ്. സൃഷ്ടികളായ മനുഷ്യരുടെ ദേഹേഛക്ക് അതിൽ സ്ഥാനമില്ല.

"നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു" എന്ന പ്രഖ്യാപനത്തിന് അടിസ്ഥാനം താഴെ പറയുന്ന കാര്യങ്ങളാണ്.

ഒന്ന്, ദൈവമാണ് പ്രപഞ്ചങ്ങളുടെ ആരാധ്യനും സംരക്ഷകനും എന്ന തിരിച്ചറിവ്.
രണ്ട്, ശാസനാധികാരം ഏകദൈവത്തിനു മാത്രമായതിനാൽ മനുഷ്യൻെറ ജീവിതമോക്ഷത്തിന് ഉതകും വിധം മാർഗം കാണിക്കേണ്ടതും ഏകദൈവമാണ് എന്ന തിരിച്ചറിവ്.
മൂന്ന്, പ്രപഞ്ചത്തിൽ അവനെക്കൂടാതെ മറ്റൊരു ദൈവവും ആരാധനക്കും പ്രാർഥനക്കും അർഹനായി ഇല്ല എന്ന ബോധ്യം.
നാല്: അവനെക്കൂടാതുള്ളവർക്ക് അർപ്പിക്കുന്ന അർച്ചനകൾ നിഷ്ഫലവും ഏകദൈവത്തിന് ക്രോധകരവുമാണെന്ന ഭയം.
അഞ്ച്: അവനല്ലാത്ത ഒരു ശക്തിക്കും മനുഷ്യന് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ സാധിക്കുകയില്ലെന്ന ദൃഢബോധ്യവും വിശ്വാസവും.

പ്രപഞ്ചത്തിനുമേൽ അധിപൻ ആരാണോ അവനോടുള്ള അപേക്ഷക്ക് മാത്രമേ ഉത്തരം ലഭിക്കുകയുള്ളൂ. അല്ലാത്തവ നിഷ്ഫലമാണെന്നതിനെക്കാളുപരി ദൈവികശിക്ഷക്ക് വിധേയമാക്കുന്ന അപരാധവും കൂടിയാണ്. അതിനാലാണ് ലോകത്ത് ആഗതരായ എല്ലാ ദൈവദൂതന്മാരും അതത് ജനതകളോട് ഇങ്ങനെ അനുശാസിച്ചത്:

*"അല്ലാഹുവിനല്ലാതെ മറ്റാർക്കും നിങ്ങൾ ആരാധനകളർപ്പിക്കരുത്"*

മേൽ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ സ്രഷ്ടാവായ ഏകദൈവവുമായുള്ള മനുഷ്യബന്ധം ഏതുവിധമായിരിക്കണമെന്ന് നമുക്ക് ഇങ്ങനെ ഉരുത്തിരിച്ചെടുക്കാം:

ഒന്ന്, മനുഷ്യൻെറ പ്രഥമ കർത്തവ്യം, ഏകദൈവത്തെ തൻെറ യജമാനനും സംരക്ഷകനുമായി കരുതുകയും അവന് സർവാത്മനാ കീഴ്വണങ്ങുകയും അവനോട് കൂറ് കാണിക്കുകയും തൻെറ ആരാധനകൾക്കർഹനായി അവനെക്കൂടാതെ മറ്റാരുമില്ലെന്ന് വിശ്വസിക്കുകയും ചെയ്യുക.

രണ്ട്, ഏകദൈവത്തിൻെറ ആജ്ഞകളെ ശിരസാവഹിച്ച് തദനുസാരം പ്രവർത്തിക്കുക. അവനുള്ള ദാസ്യവൃത്തിയിൽനിന്ന് പിന്മാറാതിരിക്കുക, അവൻെറ അഭീഷ്ടത്തിന് വിരുദ്ധമായി സ്വാഭീഷ്ടം ജീവിക്കാതിരിക്കുക.

മൂന്ന്, ജനം തന്നെ ആരാധിക്കണമെന്ന് യജമാനൻ നിശ്ചയിച്ച അതേ രീതിയിലും ക്രമത്തിലും മാർഗത്തിലും അവനെ ആരാധിക്കുകയും അവനോട് മാത്രം പ്രാർഥിക്കുകയും ചെയ്യുക. അതിൽ സ്ഥിരചിത്തനാവുക.

നാല്, അവന് മാത്രമുള്ള അനുസരണവും ആരാധനയും മുഖേന ലഭ്യമാകുന്ന ഉന്നത സംസ്കാരം മുഴുവൻ ജീവിതത്തിലും സ്വാധീനം ചെലുത്തുകയും അതിൻെറ സദ്ഫലം മൊത്തം സമൂഹത്തിന് അനുഭവിക്കാനാകും വിധം ജീവിക്കുകയും ചെയ്യുക.

ചുരുക്കത്തിൽ ഏതൊരുവനാണോ തൻെറ ശക്തിപ്രഭാവത്താൽ നമ്മെയും ഈ പ്രപഞ്ചത്തെയും സൃഷ്ടിച്ചത്, ആരുടെ ഔദാര്യം കൊണ്ടാണോ നാം ഇവിടെ ജീവിക്കുന്നത് അവന് മാത്രമാണ് നാം അടിമപ്പെടേണ്ടതും അവനെ മാത്രമാണ് ആരാധിക്കേണ്ടതും. അവൻെറ ഇംഗിതങ്ങൾക്ക് വഴിപ്പെട്ടാണ് നാം ജീവിക്കേണ്ടത്. കാരണം, ആകാശഭൂമികളിലുള്ള സകലതും അവൻെറ മാത്രം ആജ്ഞകൾക്ക് വിധേയ മായാണല്ലോ ജീവിക്കുന്നത്. അവ മറ്റാരുടെയും കല്പന പാലിക്കുന്നില്ല. ഏകദൈവമല്ലാത്ത മറ്റാരെയും ആരാധിക്കുന്നില്ല. എന്നിരിക്കെ മനുഷ്യരായ നാം അവനല്ലാത്ത മറ്റേത് ശക്തിയെയാണ് ആരാധിക്കേണ്ടണ്ടത്? മറ്റേത് ശക്തിയെയാണ് ഏകദൈവമായി അംഗീകരിക്കേണ്ടത്? ആരോടാണ് സഹായം തേടേണ്ടത്? അത്തരം കലർപ്പുകളിൽനിന്നെല്ലാം സംശുദ്ധമായ പ്രകൃതിയിലാണ് ഏകദൈവം നമ്മെ സൃഷ്ടിച്ചിട്ടുള്ളത്. ഖുർആൻ പറഞ്ഞു:

*"അവനല്ലാതെ ദൈവമില്ലെന്ന് അല്ലാഹു സ്വയം സാക്ഷ്യം വഹിച്ചിരിക്കുന്നു. അജയ്യനും അഭിജ്ഞനുമായ അവനല്ലാതെ സത്യത്തിൽ ഒരു ദൈവവുമില്ലെന്ന് മലക്കുകളും ജ്ഞാനികളൊക്കെയും നീതിപൂർവം സാക്ഷ്യം വഹിച്ചിരിക്കുന്നു."* (അദ്ധ്യായം 3:18)

## എന്തുകൊണ്ട് ഏകദൈവം മാത്രം?

ഏകദൈവത്തെ മാത്രം ആരാധിക്കണം എന്ന യാഥാർഥ്യത്തിന് യുക്തിപരമായും പ്രകൃതിപരമായും ഒട്ടേറെ തെളിവുകൾ കാണാൻ സാധിക്കും. ചില കാര്യങ്ങൾ ഖുർആൻ നമ്മുടെ മുമ്പാകെ വെക്കുന്നു.

*അവൻ ഒരുവൻ മാത്രമേ ദൈവമായി പ്രപഞ്ചത്തിലുള്ളൂ. ഖുർആൻ പറഞ്ഞു:*

*“അവനാകുന്നു ആകാശത്ത് ദൈവമായിട്ടുള്ളവനും ഭൂമിയിൽ ദൈവമായിട്ടുള്ളവനും. അവനാകുന്നു യുക്തിമാനും സർവജ്ഞനും.” (അധ്യായം 43: 84)*

*അവനെ മാത്രമേ ആരാധിക്കാവൂ എന്ന് കല്പിച്ചതും അതിന് പ്രതിഫലം നിശ്ചയിച്ചതും അവനാകുന്നു. ബഹുദൈവത്വസങ്കല്പങ്ങളെ വിലക്കിയതും അവയ്ക്ക് ശിക്ഷ വിധിച്ചതും അവൻ തന്നെ.*

*മനുഷ്യർ ഉദ്ബുദ്ധരാകുന്നതിനും തങ്ങളുടെ ഏകദൈവത്തെ കണ്ടെത്തുന്നതിനും വേണ്ടി മനുഷ്യബുദ്ധിക്കു മുമ്പിൽ വിവിധങ്ങളായ പ്രാപഞ്ചികദൃഷ്ടാന്തങ്ങൾ സമർപ്പിക്കുന്നത് ഏക ദൈവമാണ്..*

*“രാവിനെ അവൻ (അല്ലാഹു) പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. സൂര്യനെയും ചന്ദ്രനെയും അവൻ തന്റെ നിയമത്തിന് വിധേയമാക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും നിശ്ചിതമായ ഒരു പരിധി വരെ സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല.” (അധ്യായം 35: 13)*

*മണ്ണിൽനിന്ന് മനുഷ്യനെയും അവനിൽനിന്ന് അവന്റെ ഇണയെയും സൃഷ്ടിച്ചതും ഒട്ടിപ്പിടിക്കുന്ന ഇന്ദ്രിയത്തുള്ളിയിലൂടെ അവന്റെ സന്താനപരമ്പരയെ നിലനിറുത്തുന്നതും ഏകദൈവമാണ്.*

*“താൻ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും വിശിഷ്ടമാക്കിയവനത്രെ അവൻ. മനുഷ്യന്റെ സൃഷ്ടി കളിമണ്ണിൽനിന്ന് അവൻ ആരംഭിച്ചു. പിന്നെ അവന്റെ സന്തതിയെ നിസ്സാരമായ ഒരു വെള്ളത്തിന്റെ സത്തിൽനിന്ന് അവൻ ഉണ്ടാക്കി.” (അധ്യായം 32: 8)*

*ആകാശത്തെ തൂണുകളില്ലാതെ പിടിച്ചുനിർത്തുന്നതും ഭൂമിയെ ഇവ്വിധം സംവിധാനിച്ചതും രാപ്പകലുകളെ മാറ്റിക്കൊണ്ടിരിക്കുന്നതും ഏകദൈവമാണ്.*

*“അല്ലാഹുവാകുന്നു നിങ്ങൾക്ക് കാണാവുന്ന തൂണുകളില്ലാതെ ആകാശങ്ങളെ ഉയർത്തി നിർത്തിയവൻ. പിന്നെ അവൻ സിംഹാസനസ്ഥനാവുകയും സൂര്യനെയും ചന്ദ്രനെയും കീഴ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം ഒരു നിശ്ചിത അവധി വരെ സഞ്ചരിക്കുന്നു.” (അധ്യായം 13: 4)*

*വിവിധ നിറങ്ങളോടും ഭാഷകളോടും കൂടി മനുഷ്യരെ സൃഷ്ടിച്ചതും ആകാരസൗന്ദര്യവും സൗകര്യവും ഒത്തിണങ്ങിയ രീതിയിൽ സവിശേഷ കഴിവുകൾ അവന് നല്കിയതും ഏക ദൈവമാണ്.*

*“ആകാശഭൂമികളുടെ സൃഷ്ടിയിലും നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ ദൃഷ്ടാന്തത്തിൽ പെട്ടതത്രെ.” ( അധ്യായം 30: 22)*

*ആകാശത്തുനിന്ന് മഴ വർഷിപ്പിക്കുന്നതും അതുമുഖേന ഭൂമിയിൽ പലവിധ ഫലങ്ങൾ ഉണ്ടാക്കുന്നതും ഏകനായ ദൈവമാണ്.*

*“ആകാശത്തുനിന്നു നാം അനുഗൃഹീതമായ ജലം വർഷിക്കുകയും അതുമൂലം പലതരം തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും നാം മുളപ്പിക്കുകയും ചെയ്തു.” ( അധ്യായം 50: 5)*

*ജീവികളുടെ നിലനില്പിനാവശ്യമായ വിധത്തിൽ പ്രപഞ്ചത്തെ സംവിധാനിച്ചു, കാലഭേദങ്ങളും വിഭവവൈവിധ്യങ്ങളും തയാർ ചെയ്തത് ഏകനായ ദൈവമാണ്.*

*“നീ പറയുക, രണ്ടു ദിവസങ്ങളിലായി ഭൂമിയെ സൃഷ്ടിച്ചവനിൽ നിങ്ങൾ അവിശ്വസിക്കുകയും അവന് നിങ്ങൾ സമന്മാരെ സ്ഥാപിക്കുകയും തന്നെയാണോ ചെയ്യുന്നത്? അവനാകുന്നു ലോകങ്ങളുടെ രക്ഷിതാവ്.” (അധ്യായം 41: 8 മുതൽ 13 വരെയുള്ള ഭാഗങ്ങൾ പരിശോധിക്കുക)*

നിങ്ങൾക്ക് നിങ്ങളിൽനിന്നുതന്നെ ഇണകളെ ഉണ്ടാക്കിത്തന്നത് ഏകദൈവമാണ്.

*“നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്നു തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനത്തിന് ദൃഷ്ടാന്തങ്ങളുണ്ട്.” (അധ്യായം 30: 21)*

*മനുഷ്യനെ ഭൂമിയിലെ തൻെറ പ്രതിനിധിയായി നിശ്ചയിക്കുകയും അവന് ജീവിക്കാനാവശ്യമായ ഉന്നത ആദർശവും ഗ്രന്ഥവും നല്കി അനുഗ്രഹിച്ചതും ഏകദൈവമാണ്.*

*"....നിങ്ങൾക്ക് ഭൂമിയിൽ ഒരു നിശ്ചിത അവധി വരെ വാസസ്ഥലവും ജീവിതവിഭവങ്ങളുമുണ്ടായിരിക്കും." (അധ്യായം 2: 36)*

*മനുഷ്യകർമങ്ങളെ സദാ വീക്ഷിക്കുകയും അവൻ ചെയ്യുന്ന നന്മകൾക്ക് മഹത്തായ പ്രതിഫലം വാഗ്ദാനം ചെയ്തതും ഏകദൈവമല്ലാതെ മറ്റാരുമല്ല.*

*"ആര് അണുമണിത്തൂക്കം നന്മ ചെയ്തുവോ അതവൻ കാണും. ആരെങ്കിലും അണുമണിത്തൂക്കം തിന്മ ചെയ്താൽ അതും അവൻ കാണുന്നതായിരിക്കും."* (അധ്യായം 99: 7-8)

*തന്നെ അനുസരിക്കുന്നവരോടും ധിക്കരിക്കുന്നവരോടും ഒരുപോലെ കാരുണ്യം പ്രകടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് കാരുണ്യവാനായ ഏകദൈവമാണ്.*

ഈ പറഞ്ഞ വിശേഷണങ്ങളിലും അധികാരങ്ങളിലും പ്രപഞ്ചത്തിൽ ആരും അവന് തുല്യരില്ല. അതിനാൽ അവൻ കല്പിച്ചു, അവന് മാത്രമേ ആരാധനകളർപ്പിക്കാവൂ.

വഴിപ്പെടൽ, ആരാധന എന്നീ സംഗതികൾക്ക് ഖുർആൻ ഉപയോഗിച്ച പദം ഇബാദത്ത് എന്നത്രെ. അതിൻെറ ക്രിയാധാതുവാകട്ടെ അബ്ദിയ്യത്ത് എന്നാണ്. അടിമത്തം എന്നർഥം. ദൈവത്തിൻെറ അടിമയായിരിക്കുകയത്രെ അതിൻെറ വിവക്ഷ. ഇത് മനുഷ്യൻെറ പ്രകൃത്യായുള്ള സ്വാതന്ത്ര്യത്തിന് എതിരല്ലേ എന്ന് ചോദിച്ചേക്കാം. എന്നാൽ എന്താണ് സ്വാതന്ത്ര്യം, മറ്റു സൃഷ്ടികളിൽനിന്ന് വ്യത്യസ്തമായി അതെന്തിന് മനുഷ്യന് മാത്രം നല്കി, അതിൻെറ പരിധിയെന്ത്, സ്വാതന്ത്ര്യത്തിൻെറ അവസ്ഥയെന്ത്? മുതലായ സംഗതികൾ മുമ്പിൽ വെച്ച് പരിശോധിച്ച ശേഷമേ ഏകദൈവത്തെ മാത്രം ആരാധിക്കൽ സ്വാതന്ത്ര്യനിഷേധമല്ലേ എന്ന ചോദ്യത്തിന് ഉത്തരം നല്കാൻ ലഭിക്കുകയുള്ളൂ. അതിനിവിടെ സന്ദർഭമില്ല. പക്ഷേ, ഒരു കാര്യം: മനുഷ്യന് നല്കിയ സ്വാതന്ത്ര്യം സോപാധികമാണ്. ആ ഉപാധിയുടെ പൂർത്തീകരണത്തിനാണ് അവന് ബുദ്ധിശക്തിയും മറ്റു കഴിവുകളും നല്കിയിട്ടുള്ളത്. ആ കഴിവുകളുടെ അനിവാര്യ തേട്ടമാണ് തൻെറ സ്രഷ്ടാവായ ദൈവത്തെ കണ്ടെത്തി അവനു മാത്രം ആരാധനയർപ്പിക്കുകയെന്നത്.

ഏകദൈവത്തെ തൻെറ യജമാനനായി അംഗീകരിച്ചാൽ മാത്രം പോരാ, തൻെറ ആരാധ്യനും തൻെറ എല്ലാ കാര്യങ്ങൾക്കും ആശ്രയമായും അവനെ അംഗീകരിക്കണം. പ്രവാചകൻ മുഹമ്മദ്(സ)യുടെയും അദ്ദേഹത്തിൻെറ എതിരാളികളുടെയും ഇടയിലുണ്ടായിരുന്ന വലിയ തർക്കം അതായിരുന്നു. അവർ പറഞ്ഞു:

*"നീ പറയുന്ന ഏകദൈവം പ്രപഞ്ചനാഥനായ അല്ലാഹു തന്നെയാണ്, സംശയമില്ല. പക്ഷേ, അവനെ മാത്രമേ ആരാധിക്കാവൂ എന്ന് പറയുന്നതിനോട് ഞങ്ങൾക്ക് യോജിക്കാൻ സാധിക്കുകയില്ല."*

## ഏകദൈവാരാധന എക്കാലത്തും

ഏകദൈവാരാധന ഖുർആൻ മുന്നോട്ടുവെച്ച പുതിയ ആശയമല്ല. എല്ലാ കാലഘട്ടങ്ങളിലും അതത് ജനതകളും അവരുടെ സംസ്കാരങ്ങളും പൂജിച്ചിരുന്നത് ഏകദൈവത്തെ മാത്രമായിരുന്നു. മനുഷ്യപിതാവായ ആദം ആരാധിച്ചിരുന്നത് ആകാശഭൂമികളുടെ സ്രഷ്ടാവായ അല്ലാഹുവിനെയായിരുന്നു. തുടർന്നുള്ള കാലങ്ങളിലും അതുതന്നെയാണ് മികച്ചുനിന്നിരുന്നത്. ഖുർആനിൻെറയും ബൈബിളിൻെറയും പരാമർശങ്ങളിൽനിന്നും ഈ വസ്തുത വ്യക്തമാകുന്നുണ്ട്. അതായത്, ദൈവസങ്കല്പങ്ങളിലും ആരാധനകളിലും എക്കാലത്തും അടിസ്ഥാനപരമായി ജനം അവലംബിച്ചിരുന്നതും അക്കാലങ്ങളിലെ സംസ്കാരങ്ങളിൽ മികച്ചു നിന്നിരുന്നതും ഏകദൈവസങ്കല്പമായിരുന്നു.

ഈജിപ്ത്, ബാബിലോണിയ, അസ്സീരിയ എന്നീ പ്രാചീന സംസ്കാരകേന്ദ്രങ്ങളിൽനിന്നും ഖനനം ചെയ്യപ്പെട്ട പുരാവസ്തുലിഖിതങ്ങളിൽ നിന്ന് വ്യക്തമാകുന്നതനുസരിച്ച് നൈൽനദി, യൂഫ്രട്ടീസ്, ടൈഗ്രീസ് തുടങ്ങിയ നദികളുടെ കരകളിൽ നിലനിന്നിരുന്ന സംസ്കാരം പക്ഷേ, ഈ സങ്കല്പങ്ങൾ പിൽക്കാലത്ത് പരിണാമങ്ങൾക്ക് വിധേയമായെന്നത് മറ്റൊരു കാര്യം.

നൈൽനദീ തടങ്ങളിലെ സംസ്കാരങ്ങളിൽനിന്ന് വ്യക്തമാകുന്നതുപോലെ യൂഫ്രട്ടീസ്-ടൈഗ്രീസ് സംസ്കാരങ്ങളിലും അദൃശ്യനായ ഏകദൈവത്തെ മാത്രം പൂജിക്കുന്ന രീതിയാണ് കണ്ടുവരുന്നത്. നാനാ ദൈവങ്ങളെ വിളിച്ചു പ്രാർഥിക്കുന്ന ബഹുദൈവത്വരീതി അവിടെ ഉണ്ടായിരുന്നില്ല. സുമേറിയൻ സമുദായവും അക്കാഡിയൻ സമുദായവും പൂജിച്ചിരുന്ന സൂര്യദേവനെയും ചന്ദ്രദേവനെയും സൃഷ്ടിച്ച അനശ്വരനും അനാദിയുമായ ഏകസത്വത്തെയായിരുന്നു അവർ ആരാധിച്ചിരുന്നതും വിളിച്ചു പ്രാർഥിച്ചിരുന്നതും.

സെമിറ്റിക്‌വർഗങ്ങളുടെ ചരിത്രാവശിഷ്ടങ്ങളിൽനിന്നും വ്യക്തമാകുന്നത് ആ വർഗങ്ങളിലെല്ലാം ഏകനായ ഒരദൃശ്യശക്തിയെയായിരുന്നു പൂജിച്ചിരുന്നത്. ആ ശക്തിയെ ഇലാഹ് എന്നോ എലോഹ് എന്നോ ആയിരുന്നു വിളിച്ചിരുന്നത്. അല്ലാഹു എന്ന നാമത്തിൻെറ മറ്റൊരു രൂപമാണത്. ഹിജാസിൽനിന്നും സിറിയയിൽനിന്നും കണ്ടെടുത്ത പൗരാണികലിഖിതങ്ങളിലും ഈ വസ്തുത ശരിവെക്കുന്ന പരാമർശങ്ങൾ കാണാം.

പ്രാചീന ജനസമുദായങ്ങളുടെ കൂട്ടത്തിൽ എടുത്തുപറയേണ്ട ചീനക്കാരുടെ മതസങ്കല്പത്തിൽ പ്രാദേശിക ദൈവങ്ങളോടൊപ്പം ഒരു ആകാശദൈവത്തിലുള്ള വിശ്വാസവും നിലനിന്നിരുന്നതായി കാണാം.

ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത് മാനവസമുദായത്തിൻെറ ആദ്യത്തെ ദൈവസങ്കല്പം ഏകത്വത്തിൽ അധിഷ്ഠിതമായിരുന്നു. അത്രത്തോളം പുരാതനമായ സങ്കല്പം വേറെയില്ല.

മോഹൻജദാരോയിലെയും ഹരപ്പയിലെയും ഖനനങ്ങളിൽനിന്ന് കിട്ടിയ ലിഖിതങ്ങളനുസരിച്ച് അവിടെ ജീവിച്ചിരുന്ന വർഗം ബഹുദൈവാരാധകരോ പ്രകൃതിവസ്തുക്കളെ പൂജിക്കുന്നവരോ ആയിരുന്നില്ല. അവരുടെ അടിസ്ഥാനാദർശവും ആരാധനയും ഏകത്വത്തിൽ അധിഷ്ഠിതമായിരുന്നു. ആ ഏകത്വത്തിൻെറ പേരായിരുന്നു ഓം.

അതിപുരാതനമായ മാനവസംസ്കാരത്തിലെ പരാശക്തി ഏകദൈവാദർശത്തിലുള്ള സാക്ഷാൽ ഏകദൈവമായിരുന്നു. അവയുൾക്കൊള്ളുന്ന മതമോ ശുദ്ധമായ ഏകദൈവത്തിലധിഷ്ഠിതമായതായിരുന്നു. സാക്ഷാൽ ഏകദൈവസങ്കല്പത്തിലുള്ള പരാശക്തിയുടെ സ്വഭാവം തന്നെയാണ് അതിപുരാതന ഗോത്രവർഗങ്ങളിൽ നിലനിന്നിരുന്ന ദൈവസങ്കല്പങ്ങളുടെ അടിസ്ഥാനവും.

---

**ٱهۡدِنَا ٱلصِّرَٰطَ ٱلۡمُسۡتَقِيمَ ﴿٦﴾** ***ഇഹ്ദിനസ്സ്വിറാത്ത്വൽ മുസ്തഖീം***

***"നീ ഞങ്ങളെ നേർവഴിയിൽ നയിക്കേണമേ."***

---

ഇവിടം മുതൽ മനുഷ്യൻ തൻെറ ഇഹ-പരവിജയത്തിനാധാരമായ ജീവിതരീതിക്കു വേണ്ടി തൻെറ നാഥനോട് നടത്തുന്ന പ്രാർഥനയാണ്. അതിൽ ഒന്നാമത്തേതാണ് "നീ ഞങ്ങളെ നേർവഴിയിൽ നയിക്കേണമേ" എന്ന തേട്ടം.

"നേർവഴി"യാണ് ദൈവത്തിങ്കലെത്തിച്ചേരാനുള്ള സരണി. ഈ മാർഗം കണ്ടെത്തുവാൻ മനുഷ്യന് സ്വന്തമായി സാധിക്കുകയില്ലെന്ന് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഏകദൈവമാണ് തൻെറ അടിമകളെ അതിലേക്ക് വഴി നയിക്കേണ്ടവൻ. ഖുർആൻ പറഞ്ഞു:

***"ഓ, പ്രവാചകരേ, നീ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കാൻ നിനക്ക് സാധിക്കുകയില്ല. എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു. സന്മർഗം സ്വീകരിക്കുന്നവരെ അവൻ നന്നായി അറിയുന്നു"*** (അദ്ധ്യായം 28: 56)

രണ്ട് ഭാഗമാണതിനുള്ളത്. ഭൗതികമായി, ശാന്തിയുടെയും സമാധാനത്തിൻെറയും അഭിവൃദ്ധിയുടെയും ഉദാത്ത സംസ്കാരത്തിൻെറയും സരണിയാണത്. പാരത്രികമായി, നിത്യാനന്ദത്തിൻെറയും സൗഭാഗ്യത്തിൻെറയും ഗേഹമായ സ്വർഗത്തിലേക്കുള്ള വഴി. ഏകദൈവത്തിൻെറ പ്രത്യേക സഹായമില്ലാതെ ആർക്കും അത് പ്രാപിക്കാനാകില്ല. അതിനാലാണ് അതിന് വേണ്ടി തന്നോട് പ്രാർഥിക്കണമെന്ന് ദൈവം നിർദ്ദേശിച്ചത്.

ഇഹ്ദിന എന്ന വാക്കിനെയാണ് ഞങ്ങളെ നീ വഴി നയിക്കേണമേ എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ളത്. സ്രഷ്ടാവായ ഏകദൈവം എല്ലാ പ്രകൃതിവസ്തുക്കൾക്കും അവയുടെതായ നേർവഴി നല്കിയിട്ടുണ്ട്. പ്രപഞ്ചത്തിലെ ഓരോ വസ്തുവിൻെറയും ജീവിതരീതിയും നിലനില്പും പഠനവിധേയമാക്കിയാൽ അക്കാര്യം എളുപ്പം മനസ്സിലാക്കാൻ സാധിക്കാനാകും.

രണ്ട് രീതിയാണതിനുള്ളത്. ഒന്ന്, പ്രകൃതിപരം. പ്രകൃതിയിലെ വസ്തുക്കൾ പ്രവർത്തിക്കുന്നത് സ്രഷ്ടാവ് അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള വഴിയിലാണ്. അതിലാണ് പ്രപഞ്ചസംതുലിതത്വം നിലനിൽക്കുന്നത്. അതത്രെ ഖുർആൻ പറഞ്ഞത്:

***"ഓ ,പ്രവാചകരേ, നിൻെറ അത്യുന്നതനായ നാഥൻെറ നാമം വാഴ്ത്തുക- സൃഷ്ടിക്കുകയും സംതുലിതത്വം സ്ഥാപിക്കുകയും ചെയ്തവൻെറ, വിധി നിർണയിക്കുകയും വഴികാട്ടുകയും ചെയ്തവൻെറ."*** (ഖുർആൻ 87:1-3)

മനുഷ്യനും ഈ വഴിക്ക് വിധേയമായാണ് ജീവിക്കുന്നത്. അവൻെറ ശരീരത്തിന് സ്രഷ്ടാവ് നിർണയിച്ചു കൊടുത്ത കർത്തവ്യങ്ങളെ സ്വാധികാരം ഉപയോഗപ്പെടുത്തി മാറ്റിമറിക്കാൻ സാധിക്കാത്തതുപോലെ തികച്ചും പ്രകൃതിപരമാണത്.

രണ്ട്, സാന്മാർഗികം. മനുഷ്യനടക്കം പ്രപഞ്ചവസ്തുക്കൾ മുഴുവൻ ഇതിൽ ഭാഗഭാക്കാണ്. പക്ഷേ, അവയും മനുഷ്യനും തമ്മിൽ അക്കാര്യത്തിൽ വലിയ അന്തരമുണ്ട്. തിരഞ്ഞെടുപ്പിൻെറയും സ്വാതന്ത്ര്യത്തിൻെറതുമാണ് വിഷയം. ഖുർആൻ പറഞ്ഞു:

*“സപ്തവാനങ്ങളും ഭൂലോകവും അവയിലുള്ളതൊക്കെയും അവൻെറ (ഏകദൈവത്തിൻെറ) വിശുദ്ധി പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കുകയാകുന്നു. അവനെ സ്തുതിക്കുന്നതോടൊപ്പം അവൻെറ വിശുദ്ധി പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കാത്ത ഒരു വസ്തുവുമില്ല. പക്ഷേ, നിങ്ങൾ അവയുടെ കീർത്തനം ഗ്രഹിക്കുന്നില്ല”* (അദ്ധ്യായം 17:44)

*പ്രകൃതിയുക്തമായ ഈവക ബോധനമില്ലാതെ ഒരു വസ്തുവും പ്രപഞ്ചത്തിലില്ല. അതിനനുസരിച്ചാണ് എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.* ഒരു ജീവി എന്ന നിലക്ക് മനുഷ്യനെ സൃഷ്ടിച്ച് ഭൂമിയിലേക്ക് അയക്കുക മാത്രമല്ല ഏകദൈവം ചെയ്തത്. അവനെ തൻെറ സ്രഷ്ടാവുമായി അടുപ്പിക്കുകയും അവൻെറ അനുഗ്രഹങ്ങൾക്ക് വിധേയമാക്കുകയും ചെയ്യുന്ന മാർഗവും അവന് നല്കിയിട്ടുണ്ട്. അതെയവസരം ആ മാർഗത്തെ തിരസ്കരിച്ച് തന്നിഷ്ടം ജീവിക്കാനുള്ള സ്വാതന്ത്ര്യവും മനുഷ്യന് നല്കിയിട്ടുണ്ട്. ഖുർആൻ പറഞ്ഞു:

*“നാം അവന് വഴി കാണിച്ചുകൊടുത്തു. അവന് നന്ദിയുള്ളവനാകാം, നന്ദികെട്ടവനുമാകാം”.* (അദ്ധ്യായം 76: 3)

അതിൻെറ സ്വാഭാവിക ഫലമാണ് സ്വയം ഉന്നതനും അധഃപതിച്ചവനുമാവുക എന്നത്. പക്ഷേ, അവ രണ്ടും നല്കുന്ന പാരത്രിക പരിണതി അനുഭവിക്കേണ്ടത് അവൻ തനിച്ചായിരിക്കും.

മനുഷ്യനെ നേർവഴിയിൽ നടത്താൻ മനുഷ്യചിന്തക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിനെക്കാൾ ഉപരിയായുള്ള സംവിധാനങ്ങൾ ഏകദൈവം ഇവിടെ ചെയ്തുവെച്ചിട്ടുണ്ട്. അതിൽ പ്രധാനമാണ് അവൻെറ ബുദ്ധിശക്തി, ജ്ഞാനം, നല്ലതിനെയും ചീത്തയെയും വകതിരിച്ചറിയാനുള്ള കഴിവ്, ദേഹേഛകളെ നിയന്ത്രിക്കാനുള്ള കഴിവ്, നന്മയെ പ്രോത്സാഹിപ്പിക്കുന്ന മനഃസാക്ഷി, പ്രാപഞ്ചികപ്രതിഭാസങ്ങൾ, അവനെ പാഠം പഠിപ്പിക്കുന്ന വിവിധ ദൃഷ്ടാന്തങ്ങൾ, പൂർവികരുടെ ചരിത്രം, പ്രവാചകനിയോഗം, വിശുദ്ധഗ്രന്ഥങ്ങൾ എന്നിവ. അതിനാൽ തന്നെ ഒരു സംഗതിയെ മൂല്യവത്തെന്ന് മനസ്സിലാക്കാനും അതെപ്പറ്റി കൂടുതൽ പരിചിന്തനം ചെയ്യാനും നല്ലതെന്ന് ബോധ്യപ്പെട്ടാൽ അതിൽ ഉറച്ചുനിൽക്കാനും മനുഷ്യന് കഴിയും. അക്കാര്യത്തിൽ എത്ര തന്നെ ത്യാഗം സഹിക്കാനും അവൻ തയാറാകും.

എല്ലാ ജീവകൾക്കും നല്കിയ മാർഗനിർദ്ദേശങ്ങൾ അവയുടെ പ്രകൃതിക്കിണങ്ങിയതുപോലെ മനുഷ്യനു നല്കിയ മാർഗനിർദ്ദേശങ്ങളും അവൻെറ പ്രകൃതിക്കും ബുദ്ധിക്കും യോജിച്ചവയാണ്. അതനുസരിച്ചുള്ള ജീവിതത്തിലൂടെയാണ് അവനിൽ അർപ്പിതമായ പ്രാതിനിധ്യവിഭാവന പൂർണമാവുകയുള്ളൂ. അതത്രെ മനുഷ്യപ്രകൃതിയോട് തികച്ചും ഇണങ്ങുകയും അവനെ ഉന്നത സംസ്കാരത്തിലേക്ക് നയിക്കുകയും അവന് സമാധാനം നല്കുകയും ചെയ്യുന്ന വ്യവസ്ഥിതി. പക്ഷേ, അത് കണ്ടെത്തുവാനും അതിൽ ഉറച്ചു നില്ക്കുവാനും തികഞ്ഞ അദ്ധ്വാനം ആവശ്യമാണ്. അത് ലഭിക്കുന്നതിനു വേണ്ടി പരിശ്രമിക്കുകയും സ്രഷ്ടാവായ തന്നോട് ചോദിക്കണമെന്നും ഏകദൈവം നിർദ്ദേശിച്ചു. അതത്രെ ഈ പ്രാർഥനയുടെ ആന്തരാർഥം.

ഏകദൈവത്തെ തൻെറ നാഥനും ഉടമസ്ഥനുമായി അംഗീകരിക്കുകയാണ് അത് ലഭിക്കാനുള്ള വഴികളിൽ പ്രധാനം. അവനെ സംശയിച്ചും നിഷേധിച്ചും കൊണ്ട് ആർക്കും നേർമാർഗം പ്രാപിക്കാനാവില്ല. മാത്രവുമല്ല, ദൈവികമാർഗത്തിൽനിന്ന് തന്നെ വഴിപിഴപ്പിക്കുന്ന പിശാചിൻെറ കെണിയിൽ പെടാതിരിക്കാൻ ശ്രദ്ധിക്കുകയും സൂക്ഷിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ചെറിയ അവസരം മതി, പിശാച് നമ്മെ നേർമാർഗത്തിൽനിന്ന് ബഹുദൂരം അകറ്റിക്കളയും.

**“സ്വിറാതൽ മുസ്തഖീം”** എന്നാണ് വചനാന്ത്യം. നേർവഴി, ചൊവ്വായ മാർഗം എന്നൊക്കെയാണ് അതിന് പരിഭാഷ നല്കിയിട്ടുള്ളത്. ഖുർആനിൽ അതിന് ഒട്ടേറെ സമാനപദങ്ങൾ കാണാൻ കഴിയും. വിഷയത്തിൻെറ ഗഹനതയെയും ഗൗരവത്തെയും സൂചിപ്പിക്കുകയാണതു വഴി ഖുർആൻ ചെയ്യുന്നത്.

## എന്താണ് നേർമാർഗം?

മനുഷ്യകുലത്തിന് ജീവിക്കാൻ ഏകദൈവം നിശ്ചയിച്ച ജീവിതവ്യവസ്ഥ. ഖുർആൻ അതിനെ അങ്ങനെയാണ് വിശേഷിപ്പിച്ചത്. അതിൻെറ വിശദീകരണം നമുക്ക് രണ്ടു കാര്യങ്ങളിലായി വിശദീകരിക്കാം.

ഒന്ന്, ഐഹികലോകത്ത് മനുഷ്യന് ആവശ്യമായ ദർശനം. മനുഷ്യകുലത്തെ അവരുടെ വിജയത്തിലേക്കും സൗഭാഗ്യത്തിലേക്കും നയിക്കുന്ന ജീവിതപന്ഥാവ്. അതിലൂടെയാണ് മനു

ഷ്യൻ തൻെറ സ്രഷ്ടാവിലേക്കെത്തേണ്ടത്. അത് മുറുകെ പിടിക്കണമെന്നാണ് ഏകദൈവത്തിൻെറ നിർദ്ദേശം. അവനും സൃഷ്ടികളായ മനുഷ്യരും തമ്മിലുള്ള ഉടമ്പടിയത്രെ അത്.

രണ്ട്, മരണാനന്തര ജീവിതം മോക്ഷദായകമാക്കാൻ സ്രഷ്ടാവ് നിർദ്ദേശിച്ച വഴിയാകുന്നു അത്. മനുഷ്യകർമങ്ങൾക്ക് ശാശ്വതമായ ഫലപ്രാപ്തി ലഭിക്കുന്നത് ആ വഴിയെ ആശ്രയിച്ചാണ്. ആ വഴിയെ പരിചയപ്പെടുത്തുന്നതിനു വേണ്ടിയാണ് ഏകദൈവം മുഴുവൻ പ്രവാചകന്മാരെയും ലോകത്തേക്ക് അയച്ചത്. കാരണം, അതിലൂടെ മനുഷ്യർ തന്നെ സമീപിക്കണമെന്നാണ് സ്രഷ്ടാവിൻെറ നിശ്ചയം.

ഗണിതശാസ്ത്രമനുസരിച്ച് ഒരു ബിന്ദുവിൽനിന്ന് മറ്റൊന്നിലേക്കുള്ള നേർരേഖ ഒന്നു മാത്രമാണ്. ബാക്കിയുള്ളവ വക്രമായിട്ടായിരിക്കും രേഖപ്പെടുത്തിയിട്ടുണ്ടാവുക. ഇതുപോലെയാണ് ദൈവികനേർമാർഗത്തിൻെറയും സ്ഥിതി. മനുഷ്യന് ദൈവത്തിലേക്കെത്താനുള്ള വഴി ഒന്ന് മാത്രമാണ്. അതിനെയാണ് നേർമാർഗം അഥവാ "സ്വിറാതൽ മുസ്തഖീം" എന്ന് വിശേഷിപ്പിച്ചത്.

മനുഷ്യനെയും പ്രപഞ്ചത്തെയും ഒരേ കണ്ണിയിൽ കോർത്ത് ഏകദൈവമെന്ന മഹഃശക്തിയുടെ സവിധത്തിലെത്തിക്കുന്ന മഹായാനമാണത്. സമസ്ത ലോകത്തിലെയും വസ്തുക്കളൊക്കെ തന്നെ അതേ മാർഗത്തിലാണ് ചരിക്കുന്നത്. അതുപോലെ തനിക്ക് തിരഞ്ഞെടുപ്പവകാശവും സ്വാതന്ത്ര്യവും ഉണ്ടെങ്കിലും പ്രാപഞ്ചിക വസ്തുക്കളെപ്പോലെ ഏകദൈവത്തിലേക്ക് മുഖം തിരിച്ച് അവൻെറ മാർഗത്തിൽ ചരിക്കുകയും അവനിൽ മാത്രം പ്രതീക്ഷ പുലർത്തുകയും അവനെ മാത്രം പ്രാപിക്കാൻ ആഗ്രഹിക്കുകയും ചെയ്തുകൊണ്ടുള്ള അവസ്ഥ മനുഷ്യനിൽനിന്നും ഉണ്ടാകണമെന്നാണ് ഏകദൈവത്തിൻെറ തേട്ടം. അത്തരം അവസ്ഥ അവൻെറ ജീവിതത്തിൽ ഉണ്ടാകുമ്പോഴാണ് അവൻ നേർമാർഗത്തിലാണെന്ന് വിലയിരുത്താനാവുകയുള്ളൂ.

## നേർമാർഗം എന്തിന്?

ഒരു സത്യാന്വേഷിക്ക് തുടക്കത്തിൽ ഉണ്ടായേക്കാവുന്ന സ്വാഭാവിക ചോദ്യമാണിത്. ഉത്തരം വളരെ ലളിതമാണ്. തൻെറ സൃഷ്ടികളായ മനുഷ്യർക്കു വേണ്ടി സ്രഷ്ടാവ് നിർണയിച്ചതാണത്. അതിലാണ് അവരുടെ മോക്ഷം അവൻ നിർണയിച്ചിട്ടുള്ളത് എന്നതിനപ്പുറം അക്കാര്യത്തിൽ അവൻെറ യുക്തിജ്ഞാനത്തെ ചോദ്യം ചെയ്യാനോ വിലയിരുത്താനോ മനുഷ്യർക്കധികാരമില്ല. കാരണം, മനുഷ്യൻ അടിമയാണ്, ഉടമയല്ല. സ്രഷ്ടാവിൻെറ നിർദ്ദേശവും താല്പര്യവും മാനിക്കുകയാണ് സൃഷ്ടിക്ക് യോജിച്ചത്. അല്ലാഹു പറഞ്ഞു:

*"അല്ലാഹു നിങ്ങളെ ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു."* ( അധ്യായം 10: 25)

കാര്യകാരണങ്ങളുടെ വെളിച്ചത്തിൽ അതിന് ചില വസ്തുതകൾ നിരത്താൻ നമുക്ക് കഴിയും.

ഒന്ന്, മനുഷ്യൻ സ്വയം സഞ്ചരിക്കുന്ന ഒരു പ്രപഞ്ചമാണ്. വിസ്മയകരമാണ് അവൻെറ മനസ്സിൻെറയും ചിന്തയുടെയും കാര്യം. താല്പര്യങ്ങളുടെ സമുച്ചയമാണവൻെറ മനസ്സ്.

അതൊക്കെയാണെങ്കിലും ആത്മീയമായ ഒട്ടേറെ വിഷയങ്ങൾ അവൻെറ മുമ്പിൽ പരിഹരിക്കപ്പെടേണ്ടതായുണ്ട്. അതിനു മുമ്പിൽ സംതുലിത വീക്ഷണം സാധിക്കാതിരിക്കുമാറ് മേൽ പറഞ്ഞ താല്പര്യവൈരുദ്ധ്യങ്ങൾ പരീക്ഷണമായി നിലനില്ക്കുന്നു. ഈ നിസ്സംഗത ശക്തവും ശരിയുമായ ഒരവലംബത്തെ ആശ്രയിക്കാൻ മനുഷ്യനെ നിർബന്ധിക്കുന്ന ഘടകമാണ്.

രണ്ട്, ആത്മസംതൃപ്തിയാണ് മനുഷ്യന് എപ്പോഴും ആവശ്യം. ഏത് പ്രശ്നത്തിനു മുമ്പിലും പരിഹാരം ലഭിക്കാതെ പ്രയാസപ്പെടാൻ അവൻ ആഗ്രഹിക്കുന്നില്ല. ആത്മദാഹം ശമിപ്പിക്കാൻ അവൻ ഏതറ്റം വരെ പോകാനും തയാറാണ്. എന്നാൽ ദൈവികമല്ലാത്ത വ്യവസ്ഥിതികൾ അവനെ ഈ രംഗത്ത് സഹായിക്കാൻ പര്യാപ്തമല്ല. <u>ആത്മാവ് നല്കിയവനു മാത്രമാണ് അതിൻെറ ആവശ്യം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് അതിലെ തത്വം.</u>

മൂന്ന്, ദൈവത്തിങ്കൽനിന്നുള്ള മോക്ഷവും പൊരുത്തവുമാണ് വലുത്. അതിനപ്പുറം മനുഷ്യജന്മത്തിൽ വിലപിടിച്ചതൊന്നുമില്ല. സ്വേഛയനുസരിച്ച ജീവിതത്തിനാകട്ടെ മോക്ഷം നേടിത്തരുന്നത് പോകട്ടെ, ഉദാത്തമായ സംസ്കാരത്തിലേക്ക് പോലും മനുഷ്യനെ നയിക്കാൻ സാധിക്കില്ല.

നാല്: ദൈവവിശ്വാസികളിൽനിന്ന് ദൈവനിഷേധികളെ തരംതിരിച്ചെടുക്കണമെന്നത് പ്രകൃതിയുടെ തേട്ടമാണ്, ദൈവനിശ്ചയവും. അതിനാവശ്യമായ ഒട്ടേറെ ദൃഷ്ടാന്തങ്ങൾ അവൻ ഈ പ്രപഞ്ചത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. അവ മുഖേന ദൈവത്തെ അംഗീകരിച്ചവൻ ദൈവത്തെ അംഗീകരിക്കാത്തവനിൽ നിന്ന് സാംസ്കാരികമായി വേർപ്പെട്ടവനായി.

ഈവക കാരണങ്ങളാൽ ദൈവികമാർഗം അവലംബിക്കുക എന്നത്രെ ബുദ്ധിയുടെ തേട്ടം. അതാണ് "നീ ഞങ്ങൾക്ക് നേർവഴി കാണിച്ചുതരേണമേ" എന്ന പ്രാർഥനയുടെ പൊരുൾ. ദർശനപരമായ സംതുലിതത്വവും അതുമുഖേന ലഭ്യമാകുന്ന വിജയവും മനുഷ്യ ജീവിതത്തിൽ നിലനിൽക്കുന്നതിനു വേണ്ടി ഏകദൈവം ഇങ്ങനെ കല്പിച്ചു:

*"അതത്രെ എന്റെ മാർഗം. നിങ്ങൾ അത് മാത്രം പിൻപറ്റുവിൻ. മറ്റു മാർഗങ്ങളെ നിങ്ങൾ അനുധാവനം ചെയ്യരുത്. അവ നിങ്ങളെ എന്റെ മാർഗത്തിൽനിന്ന് തെറ്റിച്ചുകളയും."*

*"അല്ലാഹുവിന്റെ ദീൻ അല്ലാതെ മറ്റു വല്ലതുമാണോ അവർ ആഗ്രഹിക്കുന്നത്? വാസ്തവ ത്തിൽ ആകാശഭൂമികളിലുള്ള സകല വസ്തുക്കളും സ്വമനസ്സാലെയും നിർബന്ധിതമായും അവന് മാത്രമാണ് കീഴ്പെട്ടിരിക്കുന്നത്. അവങ്കലേക്ക് തന്നെ അവ മടക്കപ്പെടുന്നതു മാകുന്നു?"* (അദ്ധ്യായം 3: 83)

പക്ഷേ, അദ്ധ്വാനവും അന്വേഷണവും ദൈവത്തിന്റെ കരുണയും ഇല്ലാതെ ആ മാർഗം കണ്ടെത്തുക ഒരിക്കലും സാധ്യമല്ല. അതത്രെ ഖുർആൻ വ്യക്തമാക്കിയത്:

*"ദൈവം ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു, അവൻ ഉദ്ദേശിക്കുന്നവരെ വഴികേ ടിലാക്കുന്നു."*

തന്റെ അഭിസംബോധിതരായ ജനത്തോടരുളാൻ പ്രവാചകൻ മുഹമ്മദിനോട് അവൻ കല്പിച്ചു:

*"പ്രവാചകരേ, അവരോട് പറയുക? ഏകദൈവത്തെക്കൂടാതെ നിങ്ങൾ ആരാധനയർപ്പിക്കു ന്നവർക്ക് ആരാധനയർപ്പിക്കുന്നത് എന്നോട് നിരോധിച്ചിരിക്കുന്നു. പറയുക, ഞാൻ നിങ്ങ ളുടെ തന്നിഷ്ടങ്ങൾ പിന്തുടരുകയില്ല. അങ്ങനെ ചെയ്യുന്നപക്ഷം ഞാൻ ദുർമാർഗിയായി മാറും. ഞാൻ നേർമാർഗം പ്രാപിച്ചവനാവുകയില്ല."* (അദ്ധ്യായം 6:62)

## നേർമാർഗത്തിന്റെ മാനദണ്ഡം

മനുഷ്യൻ എല്ലാവിധ പരദൈവങ്ങളിൽനിന്നും അവയ്ക്കുള്ള അടിമത്തത്തിൽനിന്നും അക ന്ന് തന്റെ ജീവിതത്തെ പരിപൂർണമായും ഏകദൈവം ഇഷ്ടപ്പെടുന്ന രീതിയിൽ പരിവർ ത്തിപ്പിക്കുക. അവന്റെ ആജ്ഞാനിർദ്ദേശങ്ങളെ പരിപൂർണമായി പിൻപറ്റുക. തന്റെ ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും ദൈവത്തിന്റെ ഹിതാഹിതങ്ങൾ മാനിക്കുക. അഥവാ, ജീവിതം മുഴുവൻ ദൈവത്തിന് സമർപ്പിക്കുക. ഇതത്രെ നേർമാർഗത്തിന്റെ മാന ദണ്ഡം.

തികച്ചും യുക്തിപൂർവകമായ ഒരു പരാമർശം ഇവിടെയുണ്ട്. ഭൗതികപ്രത്യയശാസ്ത്ര ങ്ങളും ദൈവേതരശക്തികളും മനുഷ്യനിൽനിന്ന് എന്തെല്ലാം ആവശ്യപ്പെടുന്നുണ്ടോ വാസ്തവത്തിൽ അവ അതിനൊന്നിനും അർഹമല്ല. കാരണം, അവ മനുഷ്യജീവതത്തിന് ഒരുവിധത്തിലുള്ള നന്മയും സമർപ്പിക്കുന്നില്ല. അവ മനുഷ്യനെ ആശ്രയിച്ചു നിൽക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഏകദൈവമാകട്ടെ മനുഷ്യന് ആവശ്യമായ വിഭവങ്ങളും കഴിവുകളും നല്കിയ ശേഷമാണ് തനിക്ക് മാത്രമേ കീഴ്വണങ്ങാവൂ എന്ന് അനുശാസിച്ചത്. എന്നിട്ടും അവനുള്ള സമർപ്പണത്തിൽനിന്ന് കടുകിട വ്യതിചലിക്കാതിരിക്കാനും അവന്റെ സരണിയിൽ തന്നെ ഉറപ്പിച്ചുനിർത്താനും തന്നോട് പ്രാർഥിക്കണമെന്ന് അവൻ നിർദ്ദേശിച്ചു.

രണ്ട് കാരണങ്ങൾ അതിനുണ്ട്. ഒന്ന്, നേരത്തെ സൂചിപ്പിച്ചതുപോലെ ദൈവത്തിന് സ്വീകാര്യമായ നേർമാർഗം കണ്ടെത്തുവാൻ മനുഷ്യന് സാധ്യമല്ല. അവന്റെ കാരുണ്യം കൂടാതെ അതിൽ ഉറച്ചുനില്ക്കുവാനും സാധിക്കുകയില്ല.

രണ്ട്, മേൽ സൂചിപ്പിച്ചതുപോലുള്ള പ്രത്യയശാസ്ത്രങ്ങളുടെയും പിശാചിന്റെയും പ്രലോഭനങ്ങൾ ജനങ്ങളെ അവരുടെ യഥാർഥ യജമാനനിൽനിന്ന് തടയുന്നതാണ്.

മനുഷ്യൻ നടത്തുന്ന ഈ പ്രാർഥനയുടെ ഫലമാണ് ഖുർആൻ. അഥവാ മനുഷ്യന് ജീവി ക്കാനാവശ്യമായ ഖുർആന്റെ ജീവിതവ്യവസ്ഥ. അതത്രെ എല്ലാ പാരതന്ത്ര്യങ്ങളിൽനിന്നും മനുഷ്യനിർമിത വ്യവസ്ഥകളുടെ അനീതികളിൽനിന്നും സംസ്കാര രഹിതമായ കുത്തഴിഞ്ഞ ജീവിതരീതികളിൽനിന്നും ജീവിതഗതിയറിയാത്ത അലയലിൽനിന്നും അധർമങ്ങളിൽനിന്നും കെടുകാര്യസ്ഥതയിൽനിന്നും മനുഷ്യന് മോചനമേകുന്നത്. മനുഷ്യന് അത് കരഗതമാകു മ്പോഴാണ് മിഥ്യാസങ്കല്പങ്ങളിൽനിന്ന് സത്യത്തിലേക്ക് അവൻ പ്രവേശിക്കുകയുള്ളൂ. പക്ഷേ, മനസ്സിലും ചിന്തയിലും ഏകദൈവം ഒരേയൊരുവനായിരുന്നാലേ മനുഷ്യന് നേർമാർഗത്തിൽ സഞ്ചരിക്കാൻ സാധിക്കുകയുള്ളൂ. അനേകം ദൈവങ്ങളെ അംഗീകരിച്ചുകൊണ്ട് സന്മാർഗ ചാരിയാവുക സാധ്യമല്ല.

صِرَٰطَ ٱلَّذِينَ أَنۡعَمۡتَ عَلَيۡهِمۡ غَيۡرِ ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ ۝٧ *സ്വിറാത്വല്ലദീനഅൻഅംത്ത അലൈഹിം, ഗൗരിൽ മഗ്ളൂബി അലൈഹിം, വലള്ളാല്ലീൻ.*

(നീ അനുഗ്രഹിച്ചവരുടെ വഴിയിൽ. നിൻെറ കോപത്തിനിരയായവരുടെയും പിഴച്ചവരുടെയും മാർഗത്തിലല്ല.)

---

തൻെറ ഹൃദയം കൊണ്ട് ഏകദൈവത്തെയും അവൻെറ വ്യവസ്ഥയെയും അംഗീകരിക്കാതെ, ജന്മം കൊണ്ടുമാത്രം ഒരാളും സന്മാർഗിയാകുന്നില്ല. രക്ഷിതാക്കൾ ഏകദൈവവിശ്വാസികളാണെന്നതുകൊണ്ട് സന്താനങ്ങളും അങ്ങനെ ആകണമെന്നില്ല.

ഏകദൈവത്തിൻെറ മഹാ അനുഗ്രഹമാണ് സന്മാർഗം. അവൻെറ പ്രത്യേക കാരുണ്യം കൊണ്ടു മാത്രമേ ഒരാൾക്ക് അത് ലഭിക്കുകയുള്ളൂ. സന്താനങ്ങളുടെ കാര്യത്തിൽ രക്ഷിതാക്കളോ രക്ഷിതാക്കളുടെ കാര്യത്തിൽ മക്കളോ ആഗ്രഹിച്ചതുകൊണ്ട് അവർക്ക് സന്മാർഗം പ്രാപിക്കാൻ സാധിക്കില്ല.

സന്മാർഗലബ്ധിക്ക് മൂന്ന് അടിസ്ഥാനങ്ങളാണുള്ളത്.

ഒന്ന്, തികഞ്ഞ ബോധ്യത്തോടെ ഏകദൈവത്തെ തൻെറ യജമാനനായി തൃപ്തിപ്പെട്ട് അംഗീകരിക്കൽ.

രണ്ട്, ജീവിതാന്ത്യം വരെ അവൻെറ വ്യവസ്ഥയനുസരിച്ച് ജീവിക്കുമെന്നുള്ള ദൃഢനിശ്ചയവും അതിനുള്ള പ്രയത്നവും.

മൂന്ന്, അതിനു വേണ്ടി ഏകദൈവത്തിൻെറ പ്രത്യേക കാരുണ്യം ലഭിക്കൽ.

ഇതല്ലാതെ ജന്മമോ കുടുംബബന്ധമോ സന്മാർഗം ലഭിക്കുന്നതിനുള്ള ഉപാധിയല്ല. അതിനാലാണ് ദൈവികസന്മാർഗം ലഭിക്കാൻ അവനോടുതന്നെ ചോദിക്കണമെന്ന് ഖുർആൻ നിർദ്ദേശിച്ചത്.

പ്രവാചകൻ മുഹമ്മദ്(സ) തൻെറ പിതൃവ്യൻ അബൂത്വാലിബിൻെറ കാര്യത്തിൽ, അദ്ദേഹം ഏകദൈവ വിശ്വാസിയായിരുന്നെങ്കിൽ എന്ന് ഏറെ ആഗ്രഹിക്കുകയും അക്കാര്യം നേരിട്ട് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ തൻെറ സാമൂഹികസ്ഥാനമാനങ്ങളും ഖുറൈശീ സമൂഹത്തിൻെറ പിന്തുണയും നഷ്ടപ്പെടുമെന്ന് ഭയന്ന് അയാൾ ദൈവികമാർഗത്തിൽനിന്ന് അകന്ന് ദൈവേതരചിന്താഗതിയെയും ആചാരങ്ങളെയും പിന്തുടരുകയാണുണ്ടായത്. പ്രവാചകൻെറ ശ്രമങ്ങൾക്കൊന്നും അയാൾ വഴങ്ങിയില്ല. അയാളുടെ മരണസമയത്തു പോലും പ്രവാചകൻ തൻെറ ആഗ്രഹം അയാളുടെ മുമ്പിലിട്ടു. ഏതെങ്കിലും വിധത്തിൽ തൻെറ പിതൃവ്യൻ ദൈവകോപത്തിൽനിന്ന് രക്ഷപ്പെടണമെന്നായിരുന്നു പ്രവാചകൻെറ ആഗ്രഹം. അദ്ദേഹത്തിൻെറ അത്യുൽക്കടമായ ഈ മാനസികാവസ്ഥയെ പരാമർശിച്ച് ഏകദൈവം ഇങ്ങനെ അരുളി: *നീ ഉദ്ദേശിക്കുന്നവരെ സന്മർഗത്തിലാക്കാൻ നിനക്ക് സാധ്യമല്ല."*

ഈ വചനം വ്യക്തമാക്കുന്ന വിഷയം സന്മാർഗം വളരെ വലിയ ദിവ്യാനുഗ്രഹവും അത് ലഭിക്കാൻ ഏകദൈവത്തിൻെറ പ്രത്യേക ഉതവി ആവശ്യവുമാണ് എന്നാണ്.

**സ്വിറാത്തല്ലദീന.** നേർമാർഗത്തിൻെറ സവിശേഷതയെ സൂചിപ്പിക്കുന്നതിനു വേണ്ടിയാണ് വീണ്ടും ഈ വാക്ക് ഇവിടെ പരാമർശിച്ചത്. അതായത്, അനേകം വക്രമാർഗങ്ങളിൽനിന്ന് നേരായ ഒന്നിനെ പ്രത്യേകം ചൂണ്ടിക്കാണിക്കാനുള്ള ശ്രമമാണത്.

"**അൻഅംത്ത അലൈഹിം**" നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ എന്നാണ് വചനത്തിൻെറ ആദ്യഭാഗം. ഇത് സന്മാർഗത്തിൻെറ സവിശേഷതയെ കുറിക്കുന്നു. അക്കാര്യം ഖുർആൻ വ്യക്തമാക്കിയതിങ്ങനെ:

*"ആരെങ്കിലും അല്ലാഹുവിനെയും അവൻെറ പ്രവാചകനെയും (മുഹമ്മദ് നബിയെ) അനുസരിച്ചാൽ അവർ, പ്രവാചകന്മാരും സച്ചരിതരും സത്യസാക്ഷികളും സത്യസന്ധരും ദിവ്യാനുഗ്രഹത്തിന് പാത്രമായവരുമായ ആളുകളുടെ കൂട്ടത്തിലാണ്."* (അദ്ധ്യായം 4:69)

ഈ ആളുകളൊക്കെ സന്മാർഗത്തെ ഇഷ്ടപ്പെട്ടവരും ആ മാർഗത്തിൽ ജീവിച്ചവരും അതിനുവേണ്ടി ത്യാഗം അനുഭവിച്ചവരുമാണ്.

അനുഗ്രഹം എന്നത് സവിശേഷമായി എടുത്തോതിയ ഒരു കാര്യമാണ്. അത് ഏതുവിധത്തിലുള്ളതാണെന്ന് നിർണയിക്കാനാകില്ല. സ്രഷ്ടാവായ ദൈവത്തിൽനിന്ന് ലബ്ധമായ ജീവിതവിജയവും ആ മാർഗത്തിലുള്ള രക്തസാക്ഷിത്വവുമാവാം ഉദ്ദേശ്യം. കാരണം, പ്രവാചകന്മാരും സച്ചരിതരായും രക്തസാക്ഷികളും സത്യസന്ധരുമായ ആളുകളൊക്കെ ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ തങ്ങളുടെ ആദർശത്തിന് വേണ്ടി ധനം, ശരീരം, സമയം എന്നിവ കൊണ്ട് ത്യാഗം അനുഷ്ഠിച്ചവരായിരുന്നു. അവരിൽനിന്ന് ആ സമർപ്പണം സ്വീക

രിച്ച് യജമാനൻ അവർക്ക് ഏറെ ഉചിതമായ പ്രതിഫലം നല്കി അനുഗ്രഹിക്കുകയുണ്ടായി. അവരെ എല്ലാവരെയും ഒരേ കണ്ണിയിൽ ചേർത്തുനിർത്തിയ വികാരം ദൈവികവ്യവസ്ഥ യാണ്. അതിനെയാണ് സന്മാർഗം കൊണ്ട് അർഥമാക്കുന്നത്.

ആരാധനാകാര്യത്തിൽ മാത്രം പരിമിതമല്ല ദൈവികവ്യവസ്ഥ. ജീവിതത്തിൻെറ എല്ലാ മേഖലയിലും അതിന് സ്വാധീനം ലഭിക്കണം. അത് അവൻെറ സൃഷ്ടികളിൽ മനുഷ്യന് മാത്രമുള്ള അനുഗ്രഹമത്രെ. അതിൻെറ അടിസ്ഥാനത്തിലാണ് മനുഷ്യരിൽ ഉന്നതനെയും അധമനെയും ദൈവം വേർതിരിക്കുന്നത്. അവൻ പറഞ്ഞു:

"*നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതർ.*"

മനുഷ്യനെ സംബന്ധിച്ചേടത്തോളം മൂന്ന് കാര്യങ്ങളാണ് അടിസ്ഥാനപരമായി അവന് ലഭിച്ച അനുഗ്രഹം.

1. അവൻെറ ഭൂതകാലത്തിൽ അവൻ നേടിയെടുത്തതെല്ലാം അവന് ലഭിച്ച അനുഗ്രഹ ങ്ങളാണ്.

2. അവൻെറ വർത്തമാന കാലത്ത് അവൻ അനുഭവിക്കുന്നതെല്ലാം ദൈവാനുഗ്രഹങ്ങളാകുന്നു.

3. ഭാവിയിൽ അവന് കൈവരുന്നതും ദൈവാനുഗ്രഹങ്ങൾ തന്നെ.

ഇതൊക്കെ മനുഷ്യൻെറ ഭൗതികവീക്ഷണത്തിലുള്ള അനുഗ്രഹങ്ങളാകുന്നു. എന്നാൽ സവിശേഷമായി മനസ്സിലാക്കേണ്ട അനുഗ്രഹം വേറെയുണ്ട്. അതിനെയാണ് ഏകദൈവം അനുഗ്രഹം എന്നു വിശേഷിപ്പിച്ചത്. അതത്രെ അവൻെറ ജീവിതവ്യവസ്ഥയായ ദീൻ. അവൻ പറഞ്ഞു:

*"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടിരിക്കുന്നു."* (അധ്യായം 5: 3)

അതോടൊപ്പം ജീവിതത്തിൽ അവനെ സഹായിക്കുന്ന മറ്റു ചില സംഗതികൾ കൂടിയുണ്ട്. അവ:

1. ബുദ്ധിശക്തി.
2. പഞ്ചേന്ദ്രിയങ്ങൾ
3. മറ്റു അവയവങ്ങൾ

മനുഷ്യന് ലഭിച്ച അനുഗ്രഹങ്ങളൊക്കെയും ഈ മൂന്ന് അടിസ്ഥാനങ്ങളെ ചുറ്റിപ്പറ്റിയുള്ളതാണ്. എന്നാൽ ഈ മൂന്ന് സംഗതികളും ദൈവം നല്കിയിട്ടുള്ളത് ഭൗതികജീവിതത്തിൻെറ ആവശ്യപൂർത്തീകരണത്തിന് മാത്രമല്ല. അതിനെക്കാളുപരിയായുള്ള വലിയ ഒരു ദൗത്യനിർവഹണത്തിനു വേണ്ടിയാണ്. നാം വലിയതെന്ന് കരുതുന്ന ഭൗതികജീവിതം പോലും ആ അടിസ്ഥാനം നിർവഹിക്കുന്നതിനു വേണ്ടിയാണ് ദൈവം സംവിധാനിച്ചത്. ഏകദൈവത്തിന് മാത്രം കീഴ്വണങ്ങി അവൻെറ ആജ്ഞകൾ പാലിച്ചു ജീവിക്കുകയും അതുമുഖേന ലോകത്ത് ശാന്തിയും സമാധാനവും ഉണ്ടാക്കുകയുമത്രെ അത്. അതിലൂടെയാണ് പരലോകത്തെ ശാശ്വതജീവിതം മോക്ഷദായകമാവുകയുള്ളൂ. പക്ഷേ, അത്തരം ഒരവസ്ഥയിലേക്ക് മനുഷ്യൻ എത്തുന്നത് ഏകദൈവത്തെ കണ്ടെത്തുമ്പോഴാണ്. അതിനു വേണ്ടിയാണ് മനുഷ്യന് ബുദ്ധിശക്തിയും പഞ്ചേന്ദ്രിയങ്ങളും നല്കിയിരിക്കുന്നത്. അവ ഉപയോഗിച്ചു ദൈവത്തെ കണ്ടെത്താൻ സഹായകമായ രീതിയിൽ പ്രപഞ്ചം നിറയെ ദിവ്യ ദൃഷ്ടാന്തങ്ങളും അവൻ സംവിധാനിച്ചു വെച്ചിട്ടുണ്ട്. അവൻെറ മോക്ഷവും പൊരുത്തവും ലഭിക്കുന്നതിനാവശ്യമായ വിധം പ്രവർത്തിക്കുകയത്രെ ശരീരധർമം. അക്കാര്യം ബോധ്യപ്പെടുത്തിത്തരാനാണ് ഏകദൈവം പ്രവാചകന്മാരെ അയച്ചതും ഗ്രന്ഥം അവതരിപ്പിച്ചതും.

ഇരുട്ടും വെളിച്ചവും പോലെ രണ്ട് സംഗതികൾ മനുഷ്യബുദ്ധിക്കു മുമ്പിലുണ്ട്. ഒന്ന് സത്യം. മറ്റേത് മിഥ്യ. സത്യം ദൈവത്തിൽനിന്നുള്ളതാണ്. അതാണ് മനുഷ്യന് അവലംബിക്കാവുന്നത്. മിഥ്യ നേരെ വിപരീതമാണ്. അതിന് അടിസ്ഥാനമില്ല. ദൈവത്തിൽനിന്നും അവനിൽനിന്നുള്ള സത്യത്തിൽനിന്നും മനുഷ്യമനസ്സുകളെ തെറ്റിക്കുവാനും മിഥ്യയുടെ പരാജയത്തിൽ ചാടിക്കുവാനുമാണ് പിശാച് എപ്പോഴും ശ്രമിക്കുക. അവ രണ്ടിനും ഇടയിൽ മനുഷ്യനെ സഹായിക്കുന്ന സംഗതി സ്വബുദ്ധിയുടെ ക്രിയാത്മ ഉപയോഗമാണ്. ദൈവികദൃഷ്ടാന്തങ്ങളിലൂടെ അവൻെറ നേർമാർഗം പ്രാപിക്കുകയത്രെ ബുദ്ധിയുടെ ജോലി.

അതേയവസരം സമ്പത്താണ് വലിയ അനുഗ്രഹം എന്ന നിഗമനത്തിലാണ് പലപ്പോഴും മനുഷ്യൻ എത്തിപ്പെടാറുള്ളത്. സമ്പത്തിനെ ഒരിക്കലും അനുഗ്രഹമായി ഖുർആൻ വിലയിരുത്തിയിട്ടില്ല. അതെല്ലാം ഇഷ്ടം പോലെ ലഭിച്ചവരായിരുന്നല്ലോ ഫറവോനും ഖാറൂനും ഹാമാനുമെല്ലാം. എന്നിട്ടും ദൈവധിക്കാരത്തിൻെറ പേരിൽ ദൈവം അവരെ പിടികൂടിയപ്പോൾ അവരെ രക്ഷിക്കാൻ അവരുടെ സമ്പത്തോ സൗഭാഗ്യമോ ഒട്ടും തുണച്ചില്ല. ഭൗതിക

മായ അത്തരം പ്രമത്തതകളൊന്നും ശാശ്വതങ്ങളല്ല. സമ്പത്തല്ല, ദൈവികപ്രീതി നേടാനുപയുക്തമായ ജീവിതദർശനമാണ് അനുഗ്രഹം. അതത്രെ ശാശ്വതമായിട്ടുള്ളത്.

സന്മാർഗം ലഭിക്കുന്നതിന് ചില സംഗതികൾ നാം കൈക്കൊള്ളുക തന്നെ വേണം. അതിൽ പ്രധാനമാണ് ഏകദൈവത്തിലുള്ള വിശ്വാസം. വിശ്വാസമില്ലാതെ ഒരിക്കലും ഏകദൈവത്തെ പ്രാപിക്കാനാകില്ല.

ചുരുക്കത്തിൽ ദൈവത്തിൻെറ അനുഗ്രഹവും പൊരുത്തവും നേടി മനുഷ്യന് സൗഭാഗ്യമടയാൻ അവൻ നിർണയിച്ച സംവിധാനമത്രെ അവൻെറ ജീവിതവ്യവസ്ഥ. അതനുസരിച്ച് ആർ ജീവിക്കുന്നുവോ അവരൊക്കെ അനുഗൃഹീതരാണ്.

**“ഗയ്രിൽ മഗ്ളൂബിഅലൈഹിം.”** നിൻെറ കോപത്തിനിരയായവരുടെ മാർഗത്തിലല്ല.

ഏകദൈവത്തിന് ഏറെ ക്രോധകരമായ കാര്യമത്രെ അടിമ അവനിൽനിന്ന് മുഖംതിരിച്ചു ദൈവേതര ശക്തികളെ പൂജിക്കുകയും ദൈവേതര വ്യവസ്ഥക്കനുസൃതമായി ജീവിക്കുകയും ചെയ്യൽ. ഈ പതനത്തിൽനിന്ന് മനുഷ്യരെ രക്ഷിക്കുന്നതിനും അതിൻെറ പേരിൽ അവർ അകപ്പെടുന്ന ശിക്ഷയിൽനിന്ന് അവരെ രക്ഷിക്കുന്നതിനുമാണ് ലോകത്ത് ഒട്ടേറെ പ്രവാചകന്മാർ ആഗതരായത്. അവരുടെ വ്യക്തമായ മുന്നറിയിപ്പുണ്ടായിട്ടും ദൈവധിക്കാരം പ്രവർത്തിച്ച പ്രതാപശാലികളായിരുന്ന ഒട്ടേറെ ജനതകളെയും മഹാശക്തരും പ്രമത്തരുമായിരുന്ന ആളുകളെയും ഏകദൈവം ഭൂമുഖത്തുനിന്നും തുടച്ചുനീക്കുകയുണ്ടായി. ദൈവികകോപത്തിൽ നിന്ന് അവരെ രക്ഷപ്പെടുത്താൻ ഒരു ശക്തിക്കും സാധിച്ചില്ല.

സൃഷ്ടിച്ചു പരിപാലിക്കുന്ന ഏകദൈവത്തിൻെറ മാർഗത്തിൽനിന്ന് അകന്നുനിൽക്കുകയെന്ന അപരാധം സാർവലൗകികമാണ്. മൂന്ന് കാരണങ്ങളാണതിനുള്ളത്.

1. പാരമ്പര്യ വിശ്വാസം. സത്യം കണ്ടെത്താത്തവരുടെ ആചാരങ്ങളും വിശ്വാസങ്ങളും വീണ്ടുവിചാരമില്ലാതെ അപ്പടി പിന്തുടർന്നു ജീവിക്കലത്രെ അത്. ബുദ്ധി ഉപയോഗിച്ച് സ്വന്തം ഭാഗധേയം നന്നാക്കുവാനാണ് മനുഷ്യനോടുള്ള ദൈവാജ്ഞ. അവൻ പറഞ്ഞു:

*“അവരോട്, അല്ലാഹു അവതരിപ്പിച്ച നിയമങ്ങളിലേക്കും ദൈവദൂതനിലേക്കും വരുവിൻ എന്നു പറയുമ്പോൾ അവൻ മറുപടി പറയും, ഞങ്ങളുടെ പൂർവികരെ ഞങ്ങൾ കണ്ടിട്ടുള്ളത് ഏതൊരു മാർഗത്തിലാണോ അതേ മാർഗം തന്നെ ഞങ്ങൾക്കും മതി. ഇവരുടെ പൂർവപിതാക്കൾ യാതൊന്നും അറിഞ്ഞുകൂടാത്തവരും ശരിയായ മാർഗത്തെ സംബന്ധിച്ച് ബോധം ഇല്ലാത്തവരുമാണെങ്കിലും ഇവർ അവരെ അനുകരിച്ചുനടക്കുകയോ?”* (അധ്യായം, 5: 104)

2. കുടുംബ ഭയം. നമുക്ക് ആവശ്യമായതെല്ലാം ചെയ്തു തന്ന ഏകദൈവത്തെ ഭയപ്പെടുന്നതിനു പകരം അവൻെറ സൃഷ്ടികളെ ഭയപ്പെടുന്നത് അവിവേകമാണ്. ഭയപ്പെടാൻ ഏറ്റം അർഹൻ ഏകദൈവമാണ്. അവൻ എന്തെങ്കിലും ദോഷം ഉദ്ദേശിച്ചാൽ അതിൽനിന്ന് നമ്മെ രക്ഷിക്കാൻ സൃഷ്ടികളിലാർക്കും സാധിക്കില്ലെന്ന് നാം വിവേചിച്ചറിയണം. അതിന് ദൈവത്തിൻെറ ശക്തി-മഹാത്മ്യങ്ങളെപ്പറ്റിയും മനുഷ്യൻെറ കഴിവുകേടിനെക്കുറിച്ചും ഇടയ്ക്ക് ചിന്തിക്കണം. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം ഭൗതികാശയങ്ങളും സിദ്ധാന്തങ്ങളും നാം സ്വീകരിക്കുന്നത് മറ്റുള്ളവരെ പരിഗണിച്ചുകൊണ്ടല്ലല്ലോ. പിന്നെ നമ്മുടെ തന്നെ ഭാഗധേയം നിർണയിക്കാൻ പര്യാപ്തമായ ദൈവികദർശനത്തെ സംബന്ധിച്ചിടത്തോളം നാം ആരെ എന്തിന് ഭയപ്പെടണം?

3. അജ്ഞത. ദൈവത്തെ സംബന്ധിച്ചും അവൻെറ വ്യവസ്ഥിതിയെ സംബന്ധിച്ചും പ്രതികൂല പരിതഃസ്ഥിതികൾ കാരണം മനസ്സിലാക്കാനാകാത്തവരാണ് ഇവർ. എന്നാലും അതൊരു ഇളവല്ല. കാരണം, ഒരു സംഗതി മനസ്സിലാക്കുകയെന്നത് ഇന്ന് വലിയ പ്രയാസമുള്ള കാര്യമല്ല. അതേയവസരം നമ്മുടെ ഉപജീവനത്തിനാവശ്യമായ സംഗതികൾ എത്ര പ്രയാസപ്പെട്ടാണെങ്കിലും നാം സ്വായത്തമാക്കുമല്ലോ. നമ്മുടെ ഭാഗധേയം നന്നാക്കാനുള്ള വിഷയത്തിലും നാം അത്തരം ഔത്സുക്യം കാണിക്കുക തന്നെ വേണം.

4. തിരസ്കാരമനോഭാവം വെച്ചുപുലർത്തൽ. സത്യം ബോധ്യപ്പെട്ടവരാണിവർ. എന്നാൽ അവരെ നിഷേധത്തിന് പ്രേരിപ്പിക്കുന്നതാകട്ടെ അവരുടെ ദേഹേഛയാകുന്നു. അത്തരക്കാരോട് ഏകദൈവം ഇങ്ങനെ ചോദിച്ചു:

*“നിൻെറ നാഥങ്കൽനിന്നുള്ള സന്മർഗത്തിനു പകരം ദേഹേഛയെ പിൻപറ്റിയവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്?”*

ഭയപ്പെടാനും അനുസരിക്കാനും അർഹൻ ഏകദൈവമാണ്. നമ്മെ ഭയപ്പെടുത്തി അവൻെറ മാർഗത്തിൽനിന്ന് തടഞ്ഞുനിർത്തുന്നവർ ദൈവശക്തിക്കു മുമ്പിൽ ഒന്നുമല്ലെന്ന് നാം മനസ്സിലാക്കുക. അവർ തന്നെയും ദൈവത്തിൽനിന്നുള്ള സഹായം കൊണ്ടാണ് ജീവിക്കുന്നത്. ഇനി ദൈവം വല്ല ദോഷവും നമുക്കും അവർക്കും വരുത്താനുദ്ദേശിച്ചാൽ അത് തടയാനും ആർക്കും സാധിക്കില്ല. നിങ്ങളുടെ ഉന്നതനായ ദൈവം ഞാനാണെന്ന് വാദിച്ചിരുന്ന ഫറോവയുടെ അന്ത്യം എത്ര ദാരുണമായിരുന്നു? അയാളുടെ ശക്തി-പ്രതാപങ്ങൾ ദൈവശി

ക്ഷയിൽനിന്ന് അയാളെ രക്ഷപ്പെടുത്താൻ അശേഷം ഉപകരിച്ചില്ല. ഈ ലോകം അടക്കിവാണിരുന്ന എത്രയെത്ര മഹാരാജാക്കന്മാരാണ് ദൈവികശിക്ഷക്ക് വിധേയരായി ഈ ലോകത്തുനിന്ന് തുടച്ചുനീക്കപ്പെട്ടത്. അവരൊക്കെ നമുക്ക് പാഠമാണിന്ന്. അല്ലാഹു ചോദിച്ചു:

"*പറയുവിൻ, കരുണാമയനായ ഏകദൈവത്തിനെതിരെ നിങ്ങളെ തുണക്കാൻ കഴിവുള്ള സൈന്യം ഏതാണുള്ളത്? തീർച്ചയായും ഈ നിഷേധികൾ വ്യാമോഹത്തിലകപ്പെട്ടിരിക്കുകയാണ്.*" (അധ്യായം67:20)

**"നിൻെറ കോപത്തിനിരയായവരുടെ"** എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവികശാസനകൾ മറച്ചുവെക്കുകയും തങ്ങളുടെ ദേഹേഛക്കനുസൃതമായി അവയെ ദുർവ്യാഖ്യാനിക്കുകയും ചെയ്തവരാണ്. ദൈവികഗ്രന്ഥമനുസരിച്ച് ജീവിക്കണമെന്നായിരുന്നു അവരോടുള്ള ശാസന. പക്ഷേ, അവർ ദൈവികശാസനകളെ മറച്ചുവെച്ച് സ്വാഭീഷ്ടം ജീവിക്കുകയായിരുന്നു. അതിനാൽ തന്നെ ദൈവത്തിൻെറ കോപത്തിന് അവർ വിധേയരാകുകയുണ്ടായി.

പ്രവാചകൻ മൂസായുടെ (മോസസ്) ജനത അത്തരം പതനത്തിലാണ് അകപ്പെട്ടത്. അവരിലെ പണ്ഡിതന്മാർ ദിവ്യകല്പനകൾ പൂഴ്ത്തിവെക്കുകയും കാര്യലാഭങ്ങൾക്കുവേണ്ടി സ്വയം നിയമങ്ങൾ ഉണ്ടാക്കുകയും അതുമുഖേന വിധിക്കുകയും എന്നിട്ടവ ദൈവികമാണെന്ന് ജല്പിക്കുകയും ചെയ്തു. ഇത് പലപ്പോഴും സമൂഹത്തിലെ ഉന്നതരെ രക്ഷിക്കാനും പാവപ്പെട്ടവനെ ശിക്ഷിക്കാനുമാണ് ഉപകരിച്ചത്. അതിനാൽതന്നെ ആ ജനത്തിനുമേൽ ദൈവത്തിൻെറ കോപം ഭവിക്കുകയുണ്ടായി. ദൈവത്തിൽ വിശ്വസിക്കുകയും അവന് കീഴ്‌വണങ്ങുകയും ചെയ്യുന്നവർക്ക് അത്തരം രീതി ചേർന്നതല്ല.

**"വലള്ളാല്ലീൻ"** എന്നാണ് വചനാന്ത്യം. വഴിപിഴച്ചരുടെ മാർഗത്തിലുമല്ല.

ദുർമാർഗമാണ് വഴികേട് കൊണ്ട് ഉദ്ദേശിക്കുന്നത്. ദേഹേഛയാണ് മനുഷ്യൻെറ ഏറ്റവും വലിയ ശത്രു. ഏകദൈവത്തിൽനിന്ന് വഴിപിഴപ്പിക്കാൻ പിശാച് പല തടസ്സങ്ങളും മനുഷ്യൻെറ മുമ്പിൽ അലംകൃതമായി കാണിക്കും. സ്വന്തം ദേഹേഛയെ തിരിച്ചറിയാനാവുകയും അതിനെ നിയന്ത്രിക്കുകയും ചെയ്യുകയത്രെ വിവേകം. ദൈവം പറഞ്ഞു:

*ദൈവത്തിൽനിന്നുള്ള സന്മാർഗത്തെക്കൂടാതെ സ്വന്തം ദേഹേഛയെ പിൻപറ്റി ജീവിക്കുന്നവനെക്കൾ വഴികേടിലായവൻ ആരുണ്ട്?"*

തൻെറ ലക്ഷ്യത്തിലെത്താൻ പര്യാപ്തമായ വഴിയറിയാതെ വിഷമിച്ചുനിൽക്കുക, ദിശമാറി സഞ്ചരിക്കുക, കൂട്ടം തെറ്റുക എന്നൊക്കെ അതിന് അർഥകല്പന ചെയ്യാം. ഈ അർഥങ്ങളെല്ലാം ഇവിടെ ശരിയുമാണ്.

തന്നിൽനിന്നുള്ള വിജയത്തിലേക്കും പൊരുത്തത്തിലേക്കും എത്തുന്നതിന് ഏകദൈവം മനുഷ്യൻെറ മുമ്പിൽ വരച്ചുകാണിച്ച മാർഗം വെടിഞ്ഞ് തന്നിഷ്ടം ജീവിക്കുകയെന്ന അപരാധമാണ് വഴികേട് കൊണ്ട് അർഥമാക്കുന്നത്. ദൈവികഗ്രന്ഥത്തെ മാറ്റിമറിക്കുകയും തിരുത്തുകയും അവൻെറ പ്രവാചകൻെറ അധ്യാപനം അവഗണിക്കുകയും ചെയ്തതാണ് മനുഷ്യൻ ദൈവത്തിൻെറ മാർഗത്തിൽനിന്ന് വഴിതെറ്റാനുണ്ടായ കാരണം.

വിശ്വാസപരവും കർമപരവുമായ വഴികേടുകളുണ്ട്. ഫലത്തിൽ രണ്ടിൻെറയും ദുരന്തം ഒന്നാണ്. ആദർശസിദ്ധാന്തത്തെ അതിൻെറ അടിസ്ഥാനത്തിൽനിന്നും അടർത്തി വികലമാക്കി ജനസമക്ഷം അവതരിപ്പിക്കുകയും അതിന് സ്വീകാര്യത ലഭിക്കാൻ വീണ്ടും അതേ സിദ്ധാന്തത്തിൻെറ ലിഖിത നിയമങ്ങളെ മാറ്റിമറിക്കുകയും ചെയ്യുകയത്രെ വലിയ അപരാധം. അതേയവസരം മാറ്റിമറിക്കപ്പെട്ട സിദ്ധാന്തത്തിന് പകരം പ്രതിഷ്ഠിക്കപ്പെട്ട ആദർശം തെറ്റോ ശരിയോ എന്ന് ആലോചിക്കാതെ അംഗീകരിക്കുന്നതും ഏകദൈവം നിശ്ചയിച്ച അടിസ്ഥാനത്തിൽ നിന്ന് അകലുന്നതും അതേ അപരാധം തന്നെയാണ്. ഈസാ നബിയുടെ അനുയായികളാണ് പിൽക്കാലത്ത് ഇത്തരം ദുരന്തത്തിൽ പതിച്ചത്. അവൻ പറഞ്ഞു:

"*മുഖം കുത്തി നടക്കുന്നവനാണോ നേർവഴി പ്രാപിച്ചവൻ, അതല്ല, തലയുയർത്തി നേരാംവണ്ണം നടക്കുന്നവനോ? അവരോട് പറയുക: അല്ലാഹുവാകുന്നു നിങ്ങളെ സൃഷ്ടിച്ചത്. അവൻ നിങ്ങൾക്ക് ശ്രവണ-ദർശന ശേഷികളും ചിന്തിച്ചു ഗ്രഹിക്കുന്ന മനസ്സുകളും നല്കിയിരിക്കുന്നു. എന്നിട്ട് നിങ്ങൾ തുഛമായേ നന്ദി കാണിക്കുന്നുള്ളൂ.*" (അധ്യായം: 67: 23)

**"ആമീൻ."** എൻെറ പ്രാർഥന നീ സ്വീകരിക്കേണമേ.

ഇത് ഖുർആനിക വചനത്തിൻെറ ഭാഗമല്ലെങ്കിലും ഈ പ്രാർഥനക്ക് ശേഷം ആമീൻ എന്നു പറയണം. നമ്മുടെ പ്രാർഥന സ്വീകരിച്ചെങ്കിൽ മാത്രമേ നമുക്ക് അവൻെറ അനുഗ്രഹങ്ങൾ ലഭിക്കുകയുള്ളൂ.

ചുരുക്കത്തിൽ രണ്ട് കാര്യങ്ങളാണ് നമ്മുടെ മുമ്പിലുള്ളത്. അവ രണ്ടിനും നമുക്ക് സ്വാതന്ത്ര്യവുമുണ്ട്. ഒന്നുകിൽ ദൈവം തന്ന അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ട് അവനോട് അനുസരണം പുലർത്തി അവൻെറ ആജ്ഞക്ക് വിധേയമായി ജീവിക്കുക. ഇതത്രെ നമ്മുടെ

സൗഭാഗ്യത്തിനും ലോകത്തിൻെറ സമാധാനത്തിനും വേണ്ടി ദൈവം തിരഞ്ഞെടുത്ത് നമുക്ക് നല്കിയ വഴി. രണ്ടാമതായി, ഏകദൈവത്തിൻെറ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ട് അവനെ ധിക്കാരിച്ച് പൈശാചികമാർഗത്തിലൂടെ സ്വയം ദുരിതത്തിൽ ചെന്നു ചാടുകയും ലോകത്ത് അശാന്തിയുണ്ടാക്കുകയും ചെയ്യുക. ഏകദൈവം നിശ്ചയിച്ച ക്രമത്തിന് വിരുദ്ധ മാകയാൽ അവൻ അതിനെ അക്രമം എന്നാണ് വിശേഷിപ്പിച്ചത്.

രണ്ട് വിധേനയാണ് അക്രമം പ്രകടമാകുന്നത്. ഒന്ന്, ദൈവികവചനങ്ങളും പ്രവാചകാ ധ്യാപനങ്ങളും ശരിയും അവ പിൻപറ്റൽ അനിവാര്യവുമാണെന്നും മനസ്സിലാക്കിയിട്ടും അത് അംഗീകരിക്കേണ്ടതില്ലെന്ന് പ്രഖ്യാപിക്കുക. രണ്ട്, ദൈവാസ്തിക്യത്തെ തന്നെ നിഷേധിക്കു കയും പ്രവാചകന്മാരെയും അവരുടെ അധ്യാപനങ്ങളെയും തള്ളിക്കളയുകയും ചെയ്യുക.

## അനുബന്ധം

മറ്റു സൃഷ്ടികളിൽനിന്ന് വ്യതിരിക്തമായി സ്രഷ്ടാവ് മനുഷ്യന് നല്കിയ പ്രധാനപ്പെട്ട സംഗതിയാണ് ആത്മീയത. സ്വപ്രയത്നം മുഖേന കൈവരിക്കാവുന്നതല്ല അത്. ചില മാനദണ്ഡങ്ങൾ ഏകദൈവം അതിന് നിശ്ചയിച്ചിട്ടുണ്ട്. അതിൽ വിശ്വാസവും കർമവും ഒരുപോലെ പ്രധാനമാണ്.

നന്മയാണ് പ്രപഞ്ചവ്യവസ്ഥക്ക് ആധാരം. നന്മയുടെ വിജയമാണ് മനുഷ്യൻെറയും പ്രപ ഞ്ചത്തിൻെറയും വളർച്ചക്ക് പൂർണതയേകുന്നത്. പൂർണതയിലേക്കുള്ള മനുഷ്യൻെറ പ്രയാ ണത്തിന് സഹായകമായാണ് ഏകദൈവം അവൻെറ വ്യവസ്ഥക്ക് രൂപം നല്കിയിട്ടുള്ളത്. മനുഷ്യസൃഷ്ടിപ്പിൻെറ തുടക്കം മുതൽ തന്നെ ആത്മീയവികാസത്തെ സംബന്ധിച്ച നിർദ്ദേ ശങ്ങളും അവന് ദൈവം നല്കിയിരുന്നു.

മനുഷ്യൻെറ ജീവിതം മൂന്ന് മേഖലകളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.
ഒന്ന്, ദൈവികചിന്ത,
രണ്ട്, ഞാൻ.
മൂന്ന്, പിശാച്.

ഇവിടെ വിശ്വാസത്തിലും കർമത്തിലും പ്രതിഫലിക്കേണ്ടത് ആദ്യം പറഞ്ഞ രണ്ടു കാര്യ ങ്ങളാണ്.

ദൈവത്തെ സംബന്ധിച്ച ചിന്ത എൻെറ കർമത്തെ എത്രമാത്രം സ്വാധീനിക്കുന്നുണ്ടോ അതനുസരിച്ചു മാത്രമേ എൻെറ ജീവിതം നന്നാവുകയുള്ളൂ. അതേസമയം കർമങ്ങളിൽ സ്വാധീനം ചെലുത്തുന്നത് പിശാചാണെങ്കിൽ എൻെറ ജീവിതം കൂടുതൽ സങ്കീർണമാവുക യാണ് ചെയ്യുക. അതിനാലാണ് ഖുർആൻ മനുഷ്യരെ വലതുപക്ഷമെന്നും ഇടതുപക്ഷ മെന്നും രണ്ടായി തരംതിരിച്ചത്.

വലതു പക്ഷം വിശ്വാസപരമായും കർമപരമായും ചിന്താപരമായും ആത്മീയതയിലൂടെ മുന്നേറുന്നവരാണ്. മറുവിഭാഗം തന്നിഷ്ടം ജീവിക്കുന്നവരും അതിനാൽ തന്നെ ദൈവത്തിന് വിരോധം പ്രവർത്തിക്കുന്നവരുമാണ്. അതല്ല ദൈവം നിർദ്ദേശിച്ച ജീവിതവിഭാവന. പരിപൂർ ണമായ വിധേയത്വമാണ് അവിടെ സംഗതം. കാരണം, പ്രപഞ്ചം മുഴുവൻ ഏകദൈവത്തിന് കീഴ്വണങ്ങി ജീവിക്കുന്നു. *"എല്ലാം അവന് കീഴ്പ്പെട്ടിരിക്കുന്നു."* (അദ്ധ്യാം 30:26) എന്ന് പ്രപഞ്ചത്തിന് ദൈവത്തോടുള്ള വിധേയത്വത്തെ പരാമർശിച്ചു ഖുർആൻ പറയുകയുണ്ടായി.

ഈ വിധേയത്വത്തിൽ വ്യത്യസ്തമായ ഒരു സ്ഥാനം ഏകദൈവം മനുഷ്യന് കല്പിച്ച രുളിയിട്ടുണ്ട്. അവൻെറ സവിശേഷമായ ഉത്തരവാദിത്തം മനുഷ്യനെ ചുമതലപ്പെടുത്താനാ യിരുന്നു അത്. എന്തായിരുന്നു ആ ഉത്തരവാദിത്തം? ഒരു സൃഷ്ടിയെയും ഏല്പിക്കാത്ത, ഏകദൈവത്തിൻെറ ഇഛ, ജ്ഞാനം, ശക്തി, ശാസനാധികാരം എന്നിവ മുഖേന ജീവിതം നയിക്കലായിരുന്നു അത്. ഈ കാര്യങ്ങളുമായി ഭൂമിയിൽ ജീവിക്കാൻ മനുഷ്യന് മാത്രമേ സാധിക്കുമായിരുന്നുള്ളൂ. ഈ ഭാരിച്ച ഉത്തരവാദിത്തം നിർവഹിക്കാൻ മനുഷ്യന് ജ്ഞാനവും ആ്തമീയവികാസവും അതിനൊത്ത വിധം ജീവിതത്തിന് ഒരു വ്യവസ്ഥയും ആവശ്യമാ യിരുന്നു. അത് കണ്ടെത്താനും അതംഗീകരിച്ചു ജീവിക്കാനും ഉതകുന്ന തരത്തിലാണ് മനുഷ്യൻെറ പ്രകൃതിയെയും അവൻ സംവിധാനിച്ചത്. ഖുർആൻ പറഞ്ഞു:

*"മനുഷ്യാത്മാവിന് ധർമാധർമങ്ങളെക്കുറിച്ച് ബോധനം നല്കി."* (അദ്ധ്യായം 91: 8)

അതിന് വിരുദ്ധമായി തന്നിഷ്ടം ജീവിക്കാനും അവന് സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. എന്നാൽ ദൈവമാർഗം ആഗ്രഹിക്കുകയും അതിനു വേണ്ടി പരിശ്രമിക്കുകയും നന്മയെ സത്യപ്പെടുത്തുകയും ഭക്തിപുലർത്തുകയും ചെയ്തവന് ഏകദൈവം ആ വ്യവസ്ഥ എളുപ്പ മാക്കിക്കൊടുക്കും. അതാണ് നേർമാർഗം കൊണ്ട് അർഥമാക്കുന്നത്. അതോടൊപ്പം ദുർമാർ ഗചാരിയായ മനുഷ്യൻെറ മുമ്പിൽ ശരിയായ മാർഗം തിരഞ്ഞെടുക്കാനുള്ള ഉൾവിളി അവനെ

അലോസരപ്പെടുത്തിക്കൊണ്ടിരിക്കും. പക്ഷേ, ദേഹേഛ ശക്തമാണെങ്കിൽ ആ ഉൾവിളിയുടെ ശബ്ദം അറ്റുപോവുകയാണ് ചെയ്യുക. അതത്രെ വഴികേട്. ഖുർആൻ പറഞ്ഞു:

*"അവരുടെ ഹൃദയത്തിൽ രോഗമുണ്ട്."* (അദ്ധ്യായം 2: 10)

ഈ അദ്ധ്യായത്തിൽ രണ്ടു കാര്യങ്ങളാണ് മനുഷ്യന്റെ ശ്രദ്ധയിലേക്ക് അവൻ എടുത്തിടുന്നത്.

1. ലോകത്ത് ഏതെല്ലാം തരത്തിലുള്ള പ്രത്യയശാസ്ത്രങ്ങളും ജീവിതപദ്ധതികളും ഉണ്ടെങ്കിലും ശരി, വിജയത്തിലേക്കെത്തുന്നതിനാവശ്യമായ കർമപദ്ധതിയും സംഹിതയും തരേണ്ടത് ഏകദൈവമാണ്. കാരണം, തിരഞ്ഞെടുക്കാനുള്ള മനുഷ്യന്റെ സ്വാതന്ത്ര്യം അവന്റെ ഭാഗധേയം നിർണയിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. അതിന്മേലാണ് പിശാച് സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നത്. അത്തരം സാഹചര്യങ്ങളിൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം ശരിയായ മാർഗം കണ്ടെത്താനുള്ള സാധ്യത വളരെ വിരളമായിരിക്കും. അതിനാൽ അവർ ഇങ്ങനെ പ്രാർഥിക്കാൻ ആജ്ഞാപിക്കപ്പെട്ടു: *"ഞങ്ങളെ നീ നേർവഴിയിൽ നയിക്കേണമേ".*

2. മനുഷ്യൻ അല്പജ്ഞാനിയായതിനാൽ അത്തരം ജീവിതവ്യവസ്ഥ ദൈവത്തിൽ നിന്നുള്ളതെന്ന് ബോധ്യം വന്നാൽ അത് പിൻപറ്റൽ അവന്റെ ബാധ്യതയാകുന്നു. മനുഷ്യൻ തന്റെ ആവശ്യങ്ങൾക്ക് ആശ്രയിക്കുന്നത് സ്രഷ്ടാവായ ഏകദൈവത്തെ മാത്രമാണ്. അവനെ നിരാകരിച്ചുകൊണ്ട് മനുഷ്യന് ഒന്നും നേടിയെടുക്കാനാകില്ല. ഈ ആശ്രയങ്ങളിൽ പ്രധാനമാണ് ജീവിക്കാനാവശ്യമായ ദർശനത്തെ സംബന്ധിച്ച തേട്ടം. ഈ തേട്ടം എന്തെന്നും എങ്ങനെയെന്നും മനുഷ്യനെ പഠിപ്പിക്കുകയായിരുന്നു ഈ അദ്ധ്യായത്തിലൂടെ. അടിമയുടമ ബന്ധത്തിന്റെ ഈ ഊഷ്മളത മറ്റെവിടെയെങ്കിലും കാണാനാകില്ല. അടിമ പ്രാർഥിക്കുന്നു. ഉടമ ഉത്തരമോതുന്നു. അതത്രെ ഏകദൈവത്തിന്റെ ജീവിതവ്യവസ്ഥയെ സംബന്ധിച്ച ഖുർആനിന്റെ പ്രതിപാദനങ്ങൾ. അതിലേക്കാണിനി നാം പ്രവേശിക്കുന്നത്. ഖുർആൻ പറഞ്ഞു:

*"ഞങ്ങളുടെ നാഥങ്കൽനിന്നുള്ള മാപ്പിലേക്ക് സ്വർഗത്തിലേക്കും നിങ്ങൾ ദ്രുതഗമനം ചെയ്യുവിൻ."* (അദ്ധ്യായം 3: 133)

*"അവങ്കലേക്ക് ഖേദിച്ചുമടങ്ങുന്നവരെ അവൻ സന്മാർഗത്തിലാക്കുന്നു"* (അദ്ധ്യായം 13: 27)

*"നമുക്ക് വേണ്ടി കഠിനാധ്വാനം ചെയ്യുന്നവർക്ക് നാം നമ്മുടെ വഴി കാട്ടിക്കൊടുക്കുന്നു."* (അദ്ധ്യായം29: 69)

*"സന്മാർഗം കൈക്കൊള്ളുന്നവർക്ക് അല്ലാഹു കൂടുതൽ മാർഗദർശനം നല്കുന്നു."*
(അദ്ധ്യായം 47: 18)